മലയാളം malayalam

പാഠ്യപദ്ധതി പരിഷ്കരണവും padyapathathi parishkaranamvum
ശിശുവിദ്യാഭ്യാസവും sisuvidyabyasavum

കെ ടി രാധാകൃഷ്ണൻ, k t radhakrishnan
ഡോ.സി.രാമകൃഷ്ണൻ, dr.c.ramakrishnan
വിദ്യാഭ്യാസ വിഷയസമിതി vidyabyasa vishayasamithi

ഒന്നാം പതിപ്പ്: first edition:
ജനുവരി 2023 January 2023

പ്രസാധനം, വിതരണം: published & distributed by
കേരള ശാസ്ത്രസാഹിത്യ പരിഷത്ത് kerala sasthrasahithya parishath
തൃശ്ശൂർ-680 004 thrissur-680 004

ഇ മെയിൽ: e mail:
publicationkssp@gmail.com publicationkssp@gmail.com

അച്ചടി: printed at:
തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ് theressa offset printers
അങ്കമാലി angamaly

₹ 70

KSSP 2801 IE JAN 2023 D1/8 1K 7000 LL 10/23

# പാഠ്യപദ്ധതി പരിഷ്കരണവും ശിശുവിദ്യാഭ്യാസവും

# പ്രസാധകക്കുറിപ്പ്

ഇന്നത്തെ ലോകത്തും ഇന്ത്യയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന നാനാതരം പ്രതിസന്ധികൾക്കിടയിൽ മാനവരാശിക്ക് പ്രതീക്ഷ നൽകുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. പതിറ്റാണ്ടുകളിലൂടെ നേടിയ അഭിമാനകരമായ ഈ നേട്ടം നിലനിർത്താനും, കൂടുതൽ മെച്ചപ്പെട്ടൊരു കേരളം രൂപപ്പെടുത്താനും നമുക്ക് കഴിയണം. കാലഘട്ടം ആവശ്യപ്പെടുന്ന ഈ ദൗത്യം വിജയിക്കണമെങ്കിൽ നിലവിലുള്ള സാർവദേശീയ ദേശീയപ്രതിസന്ധികളെപ്പറ്റി ആഴത്തിൽ അറിയണം. കേരളത്തിന്റെ നേട്ടങ്ങളെയും ആഭ്യന്തര ദൗർബല്യങ്ങളെയും ഭാവി സാധ്യതകളെയും പറ്റി കൂടുതൽ മനസ്സിലാക്കണം. നവ കേരളത്തിനായി എന്തൊക്കെ ചെയ്യണമെന്നതുപോലെ തന്നെ എന്തൊക്കെ ചെയ്യാതിരിക്കണമെന്നതിനെപ്പറ്റിയും ബോധ്യമുണ്ടാവണം. ഇതെല്ലാം കണക്കിലെടുത്ത്, കേരളത്തിന്റെ സമഗ്രമായ സാമൂഹിക പരിവർത്തനത്തെ ലക്ഷ്യമാക്കിയുള്ള വിപുലമായൊരു ജനകീയ ക്യാമ്പെയിന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രൂപം നൽകുകയാണ്.

ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു കേരള നിർമിതിയാണ് ഈ ക്യാമ്പെയിന്റെ ലക്ഷ്യം. ശാസ്ത്രത്തിന്റെ രീതിയും, ശാസ്ത്രബോധവും ജനജീവിതത്തിന്റെ ഭാഗമായി ഉൾക്കൊള്ളുമ്പോൾ മാത്രമേ ജനങ്ങൾ ശുഭാപ്തിവിശ്വാസത്തോടെ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുള്ളൂ. അതിനായി പുതിയ അറിവുകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും കേരളത്തെ സംവാദാത്മകമാക്കുകയും വേണം. ആ അർത്ഥത്തിൽ, അറിവിന്റെ സാർവത്രികവൽകരണത്തിനും കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംഭാവന കൂടിയാണ് നിർദിഷ്ട വികസന ക്യാ

മെയിൻ. അതിന്റെ ഭാഗമായി മൂന്ന് ലഘുലേഖകൾ ചേർത്താണ് പ്രസിദ്ധീകരിക്കുന്നത്.

ശിശുവിദ്യാഭ്യാസത്തിന്റെ പ്രസക്തിയും പ്രാധാന്യവും ചർച്ചചെയ്യുന്നതാണ് ഈ ലഘുലേഖ. ആഗോളവൽകരണത്തിന്റേതായ ഇന്നത്തെ കാലം തൊഴിൽനേടൽ മാത്രമെന്ന നിലയിലേക്ക് വിദ്യാഭ്യാസത്തെ ന്യൂനീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഏറെ സ്വാധീനിച്ചത് പ്രീ-സ്കൂൾ പ്രായത്തിലുള്ള കുഞ്ഞുങ്ങളെയാണ്. അതിനാൽ കുഞ്ഞുങ്ങളുടെ സർവതോമുഖ വളർച്ച നടന്നുകൊണ്ടിരിക്കുന്ന കാലത്ത് സമഗ്രമായ ശേഷീവികസനത്തിനുള്ള പരിഗണന വേണ്ടത്ര ലഭിക്കാതെ പോകുന്നു. അവർക്ക് കുട്ടിത്തം ആസ്വദിക്കാനുള്ള അവകാശം പോലും നിഷേധിക്കുകയാണ്. ഈയൊരു സാഹചര്യത്തിലാണ് കുഞ്ഞുങ്ങളുടെ സ്വതഃസിദ്ധമായ കഴിവും സമഗ്ര വികസനവും സംബന്ധിച്ച അറിവ് സമൂഹത്തിൽ ചർച്ചയാകേണ്ടത്. അത്തരമൊരു ചർച്ചയെ സഹായിക്കുക എന്ന നിലയ്ക്കാണ് ഈ ലഘുലേഖ തയ്യാറാക്കിയിരിക്കുന്നത്.

കേരളത്തിൽ ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി ചർച്ചകളെ ചിലരെങ്കിലും ഭയപ്പാടോടെ കാണുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ക്രിയാത്മകമായ സംവാദം അനിവാര്യമാവുകയാണ്. അതാകട്ടെ ഇന്നത്തേതിനെക്കാൾ മെച്ചപ്പെട്ടൊരു കേരളത്തെ മുൻനിർത്തി ആവുകയും വേണം. ഈ പ്രക്രിയയിൽ ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങളെ കാണാതിരിക്കരുത്. അതിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമങ്ങളിൽ അന്തർലീനമായ പുരോഗമന വിരുദ്ധതയെ തിരിച്ചറിയാനും ജനങ്ങൾക്ക് കഴിയണം.

‘എൻ. ഇ. പി. ഉയർത്തുന്ന വെല്ലുവിളികളും കേരളത്തിന്റെ ബദലും’ എന്ന പേരിൽ തയ്യാറാക്കിയിട്ടുള്ള ഈ ലഘുലേഖ ദേശീയ വിദ്യാഭ്യാസനയം ഏതൊക്കെ രീതികളിലാണ് വിദ്യാഭ്യാസപുരോഗതിയിലും സാമൂഹ്യപരിവർത്തനത്തിലും ഇരുൾ വീഴ്ത്തുന്നതെന്നും കേരളം മുന്നോട്ടുവെക്കുന്ന ബദലിന്റെ ദിശയെന്താവണമെന്നും സൂചിപ്പിക്കുന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വിദ്യാഭ്യാസ സബ്കമ്മിറ്റിയാണ് ഈ ലഘുലേഖ തയ്യാറാക്കിയത്.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# പ്രീസ്കൂൾ വിദ്യാഭ്യാസം സമഗ്രമാറ്റം അനിവാര്യം

കെ ടി രാധാകൃഷ്ണൻ

## ആമുഖം

ജനനം മുതൽക്കുള്ള അഞ്ചാറുവർഷം മനുഷ്യശിശുവിനെ സംബന്ധിച്ച് അതിനിർണായകമായ പ്രായഘട്ടമാണ്. മറ്റൊരു കാലഘട്ടത്തിലുമുണ്ടാവാത്ത വിധം തലച്ചോറിന്റെ വളർച്ചയും ശാരീരിക വളർച്ചയും നടക്കുന്ന കാലമാണിത്. ഈ കാലത്തെ പരിചരണം, പോഷണം, ആരോഗ്യസംരക്ഷണം, കുഞ്ഞുങ്ങൾക്ക് ലഭ്യമാവുന്ന അനുഭവങ്ങൾ എന്നിവ അതുകൊണ്ടുതന്നെ ഏറെ പ്രാധാന്യമർഹിക്കുന്നു. തലച്ചോറ് ഏറ്റവുമധികം വളരുന്നത് 2–3 വയസ്സുവരെയുള്ള കാലത്താണെന്നും പിന്നീട് 5 വയസ്സ് വരെ ഈ വളർച്ച നല്ല തോതിൽ തുടരുന്നുവെന്നും അതുകഴിഞ്ഞാൽ വളർച്ചയുടെ തോത് താരതമ്യേന കുറയുന്നുവെന്നുമാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ഇക്കാരണങ്ങളാൽ കുട്ടികളുടെ കഴിവുകൾ രൂപപ്പെടുത്താനും വികസിപ്പിക്കാനും ആവശ്യമായ പ്രചോദനങ്ങളും ബാഹ്യപ്രേരണകളും പ്രോത്സാഹനങ്ങളും അത്യാവശ്യമായി വരുന്ന സന്ദർഭം കൂടിയാണ് ആറുവയസ്സുവരെയുള്ള പ്രായഘട്ടം.

അമിതലാളന, കടുത്ത ശിക്ഷണരീതികൾ, പ്രചോദനപരമല്ലാത്ത കുടുംബാന്തരീക്ഷം തുടങ്ങിയവ കുട്ടിയുടെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്തും. ഓരോ കുഞ്ഞും തന്റെ ചുറ്റുവട്ടത്തിൽ നിരീക്ഷണം നടത്തുകയും അന്വേഷണാത്മകമായി ഇടപെടുകയും ആവശ്യമുള്ളവ കണ്ടെത്തുകയും ചെയ്യുന്നു. ഇത് കുഞ്ഞിന് ആനന്ദവും തുടർപ്രവർത്തനത്തിന് പ്രചോദനവും പ്രദാനം ചെയ്യുന്നു. ഇങ്ങനെ നേടുന്ന തുടരനുഭവങ്ങളിലൂടെ കുഞ്ഞ് വിജ്ഞാനം ഉല്പാദിപ്പിക്കുന്നു. നൈസർഗികമായ കളിപ്രവർത്തനങ്ങളിലൂടെ കുഞ്ഞുങ്ങൾ അനുഭവങ്ങൾ നേടി മുന്നേറുന്നു. പ്രോത്സാഹജനകവും പ്രചോദനപരവുമായ ചുറ്റുവട്ടം കു

ഞ്ഞിന്റെ പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും സമ്പുഷ്ടമാക്കും.

കുഞ്ഞുങ്ങളിൽ അന്തർലീനമായ എല്ലാ കഴിവുകളും ഉത്തേജിക്കാനും വികസിക്കാനുമുള്ള അവസരം ലഭിക്കേണ്ടത് കുഞ്ഞിന്റെ അവകാശമാണ്. സമൃദ്ധമായ പഞ്ചേന്ദ്രിയാനുഭവങ്ങളും സമ്പുഷ്ടമായ പോഷകാഹാരവും ചുറ്റുപാടിനോട് ഇടപെടാനുള്ള സാധ്യതകളും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഈ ഘട്ടത്തിൽ ലഭിക്കുക എന്നത് പ്രധാനമാണ്. തലച്ചോറിലെ കോശങ്ങളുടെ വളർച്ചയ്ക്കും അവയുടെ പരസ്പരബന്ധം വിപുലപ്പെടുന്നതിനും അതുവഴി തലച്ചോറിന്റെ വികാസത്തിനും അടിത്തറയാകുന്ന കാലമാണിത്. ഈ നിക്ഷേപമാണ് കുഞ്ഞിന്റെ പെരുമാറ്റത്തെയും ചിന്തയെയും ഭാവിജീവിതത്തെയും മുന്നോട്ടു നയിക്കുന്നതിനുള്ള ഇന്ധനമായി പിന്നീട് മാറുന്നത്. തലച്ചോറിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വർധിച്ച ഏകോപനത്തോടെ നടക്കുമ്പോഴാണ് കുഞ്ഞ് വികസനത്തിന്റെ എല്ലാ മേഖലകളിലും കഴിവുകളും വിരുതുകളും നേടുന്നതിലേക്ക് എത്തിച്ചേരുക.

## മാറുന്ന കുടുംബ–സാമൂഹിക പരിസരം

കുഞ്ഞിന് ലഭ്യമാകുന്ന പുതിയ അനുഭവങ്ങൾ, അവയ്ക്ക് കാരണമാവുന്ന സാമൂഹികസാഹചര്യങ്ങൾ തുടങ്ങിയവ അവരുടെ വൈകാരികവും വൈജ്ഞാനികവും കായികവുമായ വികാസത്തിൽ നിർണായകമാണ്. വീട്, കുടുംബം, രക്ഷിതാക്കൾ, അയൽക്കാർ, അവർ നേടിയ വിദ്യാഭ്യാസം, തൊഴിലുകൾ, കാഴ്ചപ്പാടുകൾ എന്നിവയും കുഞ്ഞിന്റെ വികാസത്തിൽ ഏറെ സ്വാധീനിക്കുന്നുണ്ട്. ജീവിക്കുന്ന ചുറ്റുപാടിലെ ഭൂപ്രകൃതി, കാലാവസ്ഥ, സസ്യലതാദികൾ, ജീവികൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കൂട്ടത്തിലുള്ള വിവിധ പ്രായത്തിലുള്ള കുട്ടികൾ തുടങ്ങിയവയെല്ലാം കുഞ്ഞുങ്ങളുടെ അനുഭവങ്ങളെ സ്വാധീനിക്കും. ഈ അനുഭവങ്ങളാണ് തന്നെക്കുറിച്ചും തനിക്കു ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ചും അറിയാനും അതിലിടപെട്ട് പ്രവർത്തിക്കാനും സാമൂഹികജീവിയായി വളരാനും കുഞ്ഞിനെ സജ്ജമാക്കുന്നത്. ഇത്തരത്തിൽ സാമൂഹികവൽകരണത്തിന് ഉതകുന്ന ഒട്ടേറെ സന്ദർഭങ്ങൾ മുമ്പ് കേരളീയ കുടുംബ–സാമൂഹിക പരിസരത്തിൽ കുഞ്ഞുങ്ങൾക്ക് ലഭിക്കുമായിരുന്നു. എന്നാൽ ഇന്ന്, അത്തരമൊരവസ്ഥയല്ല വിവിധ കാരണങ്ങളാൽ നമുക്ക് ചുറ്റുമുള്ളത്.

1980 കളുടെ പാതിയോടെ തുടങ്ങിയ ആഗോളവൽകരണവും ഉദാരീകരണവും ഏറെ സ്വാധീനിച്ച സമൂഹങ്ങളിലൊന്നാണ് കേരളം. ഭൂപരിഷ്കരണവും വിദ്യാഭ്യാസവും സമൂഹത്തിലുണ്ടാക്കിയ അനുകൂലമായ മാറ്റങ്ങളുടെ സത്ഫലമനുഭവിച്ച് വളർന്ന തലമുറ തന്നെ വലിയ തോതിലുള്ള വലതുപക്ഷവൽകരണത്തിന് വിധേയരായവരെ പോലുള്ള നിലപാടാണ് കൈക്കൊണ്ടത്. ഇത് ഏറെ വികലമാക്കിയത് കുട്ടികളുടെ വിദ്യാഭ്യാസത്തിനെയാണ്. തൊഴിലിന് സജ്ജരാക്കുക എന്ന കേവല ലക്ഷ്യം മാത്രമേയുള്ളൂ വിദ്യാഭ്യാസത്തിന്

എന്ന നിലപാട് ഏറെ ബാധിച്ചത് പ്രീസ്കൂൾ പ്രായത്തിലുള്ള കുഞ്ഞുങ്ങളെയാണ്. കുട്ടിത്തം ആസ്വദിക്കാനുള്ള അവരുടെ ജന്മാവകാശം പോലും റദ്ദ് ചെയ്യുന്ന അവസ്ഥവരെ സംജാതമായി.

ഇത്തരമൊരു കുടുംബ–സാമൂഹിക സാഹചര്യത്തിലാണ് കുഞ്ഞുങ്ങളുടെ സ്വത:സിദ്ധമായ ശാരീരിക, മാനസിക, വൈകാരിക, സർഗാത്മക വളർച്ച പരിപോഷിപ്പിക്കേണ്ടതിന്റെ അനിവാര്യത ഉയർന്നു വരുന്നതും അതിനായി സാമൂഹികവൽകരണത്തിനും സുരക്ഷിതത്വത്തിനും പോഷണത്തിനും ആരോഗ്യസംരക്ഷണത്തിനും വൈവിധ്യമാർന്ന പഞ്ചേന്ദ്രിയാനുഭവങ്ങൾക്കും സഹായകരമായ പ്രീസ്കൂൾ സംവിധാനം അത്യാവശ്യമായി വരുന്നതും. പ്രീസ്കൂൾ എന്നാൽ അങ്കണവാടികളും ചേർന്നതാണ്. ദുർബല ജനവിഭാഗങ്ങൾക്കും അരികുവൽകരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുമടക്കം എല്ലാ കുഞ്ഞുങ്ങൾക്കും ജാതി, മത, ലിംഗ, സാമ്പത്തിക പരിഗണനകളില്ലാതെ സാർവത്രികമായും സൗജന്യമായും പ്രീസ്കൂൾ അനുഭവം ലഭിക്കേണ്ടതുണ്ട്.

## കുഞ്ഞുങ്ങൾ നാടിന്റെ സമ്പത്ത്

നമ്മുടെ സംസ്ഥാനത്ത് 2011 സെൻസസ് പ്രകാരം 3നും 6നും ഇടയിൽ 15 ലക്ഷം കുട്ടികളുണ്ട്. 3നും 5നും ഇടയിൽ ഇത് 10 ലക്ഷത്തോളമാണ്. ചെറിയ മാറ്റങ്ങളേ കുട്ടികളുടെ എണ്ണത്തിൽ ഇപ്പോഴുണ്ടാകൂ. 3നും 5നും ഇടയിലെ പ്രായക്കാർക്കും 5നും 6നും ഇടയിലെ സ്കൂളിൽ ചേരാത്ത കുട്ടികൾക്കും പ്രീസ്കൂൾ അനുഭവങ്ങൾ ഒരുക്കുക എന്നത് സാമൂഹികമായ ഉത്തരവാദിത്തമാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് കുട്ടികൾ സജ്ജരാകുന്നത് 6 വയസ്സ് കഴിയുമ്പോഴേക്ക് മാത്രമാണെന്ന വസ്തുത രക്ഷിതാക്കളെ ബോധ്യപ്പെടുത്താനുള്ള പ്രവർത്തനവും പ്രധാനമാണ്. അങ്ങനെയെങ്കിൽ 3നും 6നും ഇടയിൽ പ്രായമുള്ളവരെ മുഴുവൻ ഉൾച്ചേർത്തുകൊണ്ടുള്ള പ്രീസ്കൂൾ വിദ്യാഭ്യാസ സംവിധാനങ്ങൾ വികസിപ്പിക്കാൻ നമുക്ക് കഴിയും; കഴിയേണ്ടതുണ്ട്. എന്തെന്നാൽ കുട്ടികൾ രാജ്യത്തിന്റെ അമൂല്യസമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമായിട്ടാണ് സമൂഹം പരിഗണിക്കുന്നത്. സുരക്ഷിതബാല്യം എന്നത് ഓരോ കുട്ടിയുടെയും അവകാശമാകണം. ഈ കാഴ്ചപ്പാടോടെയായിരിക്കണം പ്രീസ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച ഏതൊരു ചർച്ചയും നടക്കേണ്ടത്.

ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ പ്രഖ്യാപന ഉടമ്പടിയിൽ (1989) ഒപ്പുവെച്ചിട്ടുള്ള രാജ്യമെന്ന നിലയിൽ കുട്ടികളുടെ സുപ്രധാന അവകാശങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്.

## മാറുന്ന സമീപനം – ദേശീയതലത്തിൽ

ദേശീയാടിസ്ഥാനത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയും ശ്ര

ഢിക്കേണ്ടതുണ്ട്. ശാസ്ത്രത്തെ അശാസ്ത്രീയതകൊണ്ട് അപ്രസക്ത മാക്കാൻ സംഘടിത ശ്രമം നടക്കുന്നു. ശാസ്ത്രീയചിന്തകളിൽനിന്നും യുക്തിചിന്തയിൽനിന്നും ജനതയെ അകറ്റാനും അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും അവരെ ബോധപൂർവം കെട്ടിയിടാനുള്ള ശ്രമം ഇന്ത്യൻ ഭരണാധികാരികൾ തന്നെ നടത്തുന്ന ദേശീയമായ സാഹചര്യം നമ്മുടെ മുന്നിലുണ്ട്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ദർശനങ്ങളെയെല്ലാം അപ്രസക്തമാക്കി ഭരണനിർവഹണ കാര്യങ്ങൾക്കപ്പുറം, അക്കാദമിക കാര്യങ്ങളിൽ കൂടി കേന്ദ്രീകരണം നടപ്പാക്കുകയാണ് കേന്ദ്ര ഭരണാധികാരികൾ. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയടക്കം വർഗീയവൽകരിക്കുന്നതിന് കേന്ദ്രീകരണം ഏറ്റവും നല്ല ഒരു തന്ത്രമാണ് എന്നവർ തിരിച്ചറിഞ്ഞിരിക്കുന്നു. പുതിയ വിദ്യാഭ്യാസനയം (2020) അതാണ് വെളിവാക്കുന്നത്.

വർഗീയത എങ്ങനെ പാഠ്യപദ്ധതിയിൽ ചാലിച്ചെടുക്കാം എന്നതിന് നല്ല ഒരു ഉദാഹരണമാണ് പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി ഈയടുത്തകാലത്ത് പുറത്തുവിട്ട ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്. അതുപ്രകാരം പ്രീസ്കൂൾ വിദ്യാഭ്യാസം ഇന്ത്യൻ പാരമ്പര്യത്തിനനുസൃതമാകണമെന്ന് പറയുന്നു. ആനന്ദമയകോശ, വിജ്ഞാനമയകോശ, മനോമയകോശ, പ്രാണമയകോശ, അന്നമയകോശ എന്നിവയാണ് കുട്ടിയുടെ വളരേണ്ട ഘടകങ്ങളെന്നും അവയുടെ വികാസമാണ് ലക്ഷ്യം വയ്ക്കുന്നത് എന്നും പാഠ്യപദ്ധതി ചട്ടക്കൂട് വ്യക്തമാക്കുന്നു. ശിശുവികാസവുമായി ബന്ധപ്പെട്ട ആധുനിക സിദ്ധാന്തങ്ങളോടും ശിശുവികാസമേഖലകളുടെ വളർച്ചയുമായും ഇവയെങ്ങനെ ഒത്തുപോകും എന്ന് ദേശീയ പ്രീസ്കൂൾ ചട്ടക്കൂട് വിശദമാക്കുന്നില്ല. ജനങ്ങളുടെ വിശ്വാസത്തെയും അറിവില്ലായ്മയെയും ചൂഷണം ചെയ്തുകൊണ്ട് പ്രീസ്കൂൾ വിദ്യാഭ്യാസത്തെയാകെ വർഗീയവൽകരിക്കുന്നതിലേയ്ക്ക് ഇത് നയിക്കും എന്ന് ആശങ്കപ്പെടുന്നവരെ കുറ്റപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിവരുന്നത്.

ദേശീയവിദ്യാഭ്യാസനയം 2020 രൂപീകരണ ഘട്ടത്തിൽതന്നെ അതിനകത്ത് അന്തർലീനമായ ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത കേന്ദ്രീകരണവും സ്വകാര്യവൽകരണവും വിപണിവൽകരണവും കേന്ദ്രസർക്കാർ ഉത്തരവാദിത്തത്തിൽ നിന്നുള്ള പിൻമാറ്റവും സംബന്ധിച്ച് കേരളത്തിന്റെ ആശങ്കകൾ ഒരു പ്രമേയത്തിലൂടെ കേരളനിയമസഭ തന്നെ പ്രകടിപ്പിക്കുകയുണ്ടായി. കടന്നുവരാനിടയുള്ള മതനിരപേക്ഷതയ്ക്ക് അനുകൂലമല്ലാത്ത പ്രവണതകളും കേരളം ചൂണ്ടിക്കാട്ടുകയുണ്ടായി. സമവർത്തിപ്പട്ടികയിൽ പെടുന്നതാണെങ്കിൽ പോലും കുട്ടികളുടെ എല്ലാ തലത്തിലുമുള്ള വിദ്യാഭ്യാസ കാര്യങ്ങളിൽ സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം വേണമെന്ന നിലപാടാണ് കേരളം കൈക്കൊണ്ടിട്ടുള്ളത്. പ്രീസ്കൂൾ വിദ്യാഭ്യാസം എന്നത് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ, മുനിസിപ്പൽ സമിതികളുടെ

അനിവാര്യ ചുമതലയായിട്ടാണ് പഞ്ചായത്തിരാജ്/നഗരപാലിക നിയമങ്ങൾ വിവക്ഷിക്കുന്നത്.

കേരളത്തിലെ ആവാസവ്യവസ്ഥ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് ഭിന്നമാണ്. മറ്റു സവിശേഷതകളും പരിഗണിക്കേണ്ടതുണ്ട്. ഇവയെല്ലാം പരിഗണിച്ചുമാത്രമേ കേരളത്തിലെ പ്രീസ്കൂളിംഗ് സംവിധാനങ്ങളെക്കുറിച്ചുള്ള ആലോചനകൾ നടത്താൻ കഴിയൂ. നിലവിൽ അങ്ങനെയുള്ള ആലോചനകൾ നടത്തിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ ശിശുവിദ്യാഭ്യാസ ചരിത്രം വിശകലനം ചെയ്യുന്നത് ഉചിതമാകും.

## കേരളത്തിലെ ശിശുവിദ്യാഭ്യാസ ചരിത്രം

കേരളത്തിലങ്ങോളമിങ്ങോളം വ്യാപിച്ചു കിടക്കുന്ന പ്രീസ്കൂളിംഗ് സംവിധാനമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ശൃംഖല വനിതാ ശിശുവികസന വകുപ്പിന്റെ പരിധിയിൽ വരുന്ന അങ്കണവാടികൾ ആണ്. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ വകുപ്പ് എന്നിവയുടെ പരിധിയിലും പ്രീസ്കൂളുകൾ ഉണ്ട്. കൂടാതെ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിലും പ്രീസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

ശിശുവിദ്യാഭ്യാസരംഗത്ത് ഏറെ മുന്നേറിയ സംസ്ഥാനമാണ് നമ്മുടേത്. കൊച്ചുകുട്ടികൾക്കായി ആശാൻ കളരികൾ, കുടിപ്പള്ളിക്കൂടങ്ങൾ എന്നിവ മുമ്പു മുതലേ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നു. 1945ലാണ് തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ ആദ്യത്തെ സർക്കാർ പ്രീസ്കൂൾ നിലവിൽവന്നത് എന്നാണ് രേഖകളിൽ നിന്നും മനസ്സിലാക്കുന്നത്. 1946ൽ വിദ്യാഭ്യാസവകുപ്പിനു കീഴിൽ 23 നഴ്സറി സ്കൂളുകളുണ്ടായിരുന്നു. 1951–52ൽ സാമൂഹികക്ഷേമ വകുപ്പിനു കീഴിൽ 52 വെൽഫെയർ എക്സ്റ്റൻഷൻ സെന്ററുകൾ രൂപപ്പെട്ടു. 1965ൽ എൻ.ഇ.എസ്. ബ്ലോക്കുകളിൽ ബാലവാടികൾ നിലവിൽ വന്നു. 1975ലാണ് സാമൂഹികക്ഷേമ വകുപ്പിനു കീഴിൽ ഐ.സി.ഡി.എസ് എന്ന പ്രത്യേക പദ്ധതിയുണ്ടാകുന്നതും അങ്കണവാടികൾ സ്ഥാപിതമാകുന്നതും.

1984ൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ 31 മോഡൽ പ്രീ പ്രൈമറികളുണ്ടായി. 1984ൽ പി.ടി.എ.കളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളോട് ചേർന്ന് 1661 പ്രീ പ്രൈമറികളും നിലവിൽ വന്നു. തുടർന്ന് ചെറുതും വലുതുമായ നിരവധി ഇടപെടലുകളിലൂടെ ഈ മേഖല വികസിക്കാൻ തുടങ്ങി.

1980 മുതലാണ് കേരളത്തിൽ അൺഎയ്ഡഡ് വിദ്യാലയങ്ങൾ വ്യാപകമാകുന്നത്. ഇവയോടനുബന്ധിച്ചും പ്രീ പ്രൈമറികൾ ഉണ്ടാവാൻ തുടങ്ങി. യാതൊരു നിയന്ത്രണവും നിബന്ധനകളും ഇല്ലാതെയാണ് ഇവ തഴച്ചു വളരാൻ തുടങ്ങിയതും ഇപ്പോൾ തുടരുന്നതും.

## കേരളത്തിൽ നിലവിലുള്ള പ്രീസ്കൂൾ സംവിധാനങ്ങൾ

മൂന്നു മുതൽ ആറു വയസ്സുവരെ പ്രായക്കാരിൽ ഏറ്റവും കൂടുതൽ കുഞ്ഞുങ്ങൾ വനിതാശിശുവികസന വകുപ്പിന് കീഴിലുള്ള അങ്കണവാടികളിലാണ് എത്തുന്നത്. 258 ഐസിഡിഎസ് ബ്ലോക്കുകളിലായി 33,115 അങ്കണവാടികളാണ് സംസ്ഥാനത്തുള്ളത്. 55 പ്രീപ്രൈമറികളും മൂന്ന് എയ്ഡഡ് പ്രീബേസിക് സ്കൂളുകളും വിദ്യാഭ്യാസവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ട്. പി.ടി.എ.കളുടെ സഹായത്തോടെ പ്രവർത്തിക്കുന്നതും അധ്യാപികമാർക്ക് സർക്കാർ ഹോണറേറിയം ലഭിക്കുന്നതുമായ 2159 സ്കൂളുകളും സർക്കാർ ഹോണറേറിയം ലഭിക്കാത്ത 1421 പ്രീപ്രൈമറികളും സർക്കാർ സ്കൂളുകളോടനുബന്ധിച്ചുണ്ട് എന്നാണ് കണക്ക്. എയ്ഡഡ് മേഖലയിൽ 2525 പ്രീസ്കൂളുകൾ സ്കൂളുകളോടനുബന്ധിച്ചുണ്ടത്രേ. മേൽപ്പറഞ്ഞവയെല്ലാം ചേർത്ത് സ്കൂളുകളുമായി ബന്ധപ്പെട്ട് 6160 പ്രീസ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നതായി കരുതാം. ഗ്രാമപഞ്ചായത്ത് ശിശുമന്ദിരങ്ങൾ, ശിശുക്ഷേമ സമിതിയുടെയും പട്ടികജാതി -പട്ടികവർഗ വകുപ്പുകളുടെയും കീഴിലുള്ളവ എന്നിങ്ങനെ വേറെയും സ്ഥാപനങ്ങളുണ്ട്. ഇവയ്ക്ക് പുറമെ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, മത-സമുദായ സംഘടനകൾ എന്നിവർ നടത്തുന്ന എണ്ണം തിട്ടപ്പെടുത്താത്തവ ധാരാളമായുണ്ട്. ചുരുക്കത്തിൽ ഇവയെല്ലാം ചേർത്ത് അൻപതിനായിരത്തിനു മീതെ പ്രീസ്കൂളുകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അനുമാനിക്കാം. ചെറിയ കുട്ടികൾക്കുള്ള പ്ലേസ്കൂളുകളും ക്രഷുകളും ഇതിനു പുറമെയാണ്.

ഏറ്റവും വിപുലമായ ശിശുപരിചരണ കേന്ദ്രമായ അങ്കണവാടികൾ സംസ്ഥാന വനിതാശിശുവികസന വകുപ്പിനു കീഴിൽ കേന്ദ്ര പദ്ധതിയായ ഐ.സി.ഡി.എസിന്റെ പരിരക്ഷയിലാണ് പ്രവർത്തിക്കുന്നത്. ഒരു അങ്കണവാടിക്ക് ഒരു ടീച്ചർ, ഒരു ആയ എന്നതോതിൽ 66,101 പേർ പ്രവർത്തിക്കുന്ന വിപുലമായ സംവിധാനമാണിത്. 2018ലെ കണക്കു പ്രകാരം മൂന്നു മുതൽ ആറുവരെ പ്രായപരിധിയിലുള്ള 4.5 ലക്ഷം കുട്ടികൾ അങ്കണവാടികളിൽ എത്തിച്ചേരുന്നു. ഏതാണ്ട് 24,360 അങ്കണവാടികൾക്ക് സ്വന്തമായ കെട്ടിടമുണ്ട്. മിക്ക അങ്കണവാടികളും ആധുനിക ശിശുമനഃശാസ്ത്ര സമീപനങ്ങൾക്കും കുഞ്ഞുങ്ങളുടെ പ്രായത്തിനും പ്രകൃതത്തിനും ഇണങ്ങുന്ന ഭൗതികസൗകര്യങ്ങൾ ഉള്ളവയല്ല. സമീപകാലത്ത് അങ്കണവാടികളെ മാതൃകാപരമായി പ്രവർത്തിപ്പിക്കാൻ സർക്കാരും ജനപ്രതിനിധികളും പൊതുസമൂഹവും മുന്നോട്ടു വരുന്നുണ്ട് എന്നത് സന്തോഷകരമാണ്.

അങ്കണവാടികളിൽ 3+, 4+ എന്നീ പ്രായക്കാരായ കുഞ്ഞുങ്ങളുണ്ട്. ഇവർ ഒന്നിച്ചാണ് കഴിയുന്നത്. ഈ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ടുതന്നെ വ്യത്യസ്ത പ്രായക്കാരുടെ അഭിരുചിക

ളും ശേഷികളും കൂടി കണ്ടറിഞ്ഞു പ്രവർത്തനങ്ങളൊരുക്കുന്നതിൽ അങ്കണവാടികൾ ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. പരിചരണം, പോഷണം എന്നിവയും വികാസമേഖലകളെ ലക്ഷ്യംവച്ചുകൊണ്ടു ള്ള പ്രവർത്തനാനുഭവങ്ങളുമാണ് കുഞ്ഞുങ്ങൾക്ക് ഇവിടെനിന്നും ലഭിക്കുവാൻ ലക്ഷ്യമിടുന്നത്. കളികൾ, പാട്ടുകൾ, കഥകൾ, ചിത്രം വര, നിർമാണം, പ്രകൃതിനടത്തം തുടങ്ങിയ വൈവിധ്യമാർന്ന പ്ര വർത്തനങ്ങളിലൂടെ കുഞ്ഞുങ്ങളെ നയിക്കാൻ സഹായകമായതും 30 തീമുകളെ കേന്ദ്രീകരിച്ചുള്ളതുമായ അനുഭവപ്രവർത്തനങ്ങളാ ണ് അധ്യാപികമാർക്കുള്ള 'അങ്കണത്തൈമാവ്' എന്ന കൈപ്പു സ്തകത്തിലെ ഉള്ളടക്കം. ഇതോടൊപ്പം ഓരോ കുട്ടിക്കും വരയ്ക്കാ നും ചായമിടാനും സംഭാഷണങ്ങൾ നടത്താനും നിരീക്ഷിക്കാനും താരതമ്യത്തിനുമെല്ലാം ഉപകരിക്കുന്ന വർക്കുബുക്കും ചിത്രപുസ്തക വും അങ്കണവാടികൾക്ക് ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം വിനിമയം ചെ യ്യുന്നതിനുള്ള പരിശീലനങ്ങൾ കോവിഡ് മഹാമാരിക്ക് തൊട്ടുമു മ്പേ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഗവേഷണകേന്ദ്രമായ ഐ.ആർ.ടി.സി.യുടെ സഹായത്തോടെ അധ്യാപികമാർക്ക് നൽ കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് നിർദേശിച്ചിട്ടുള്ള വിനിമയഭാഷ വീട്ടുഭാഷ തന്നെയാണ്.

ഔപചാരിക പഠനരീതികൾ അങ്കണവാടികളിൽ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇത്തരം ധാരണകൾക്ക് വിരുദ്ധമായാ ണ് നമ്മുടെ നാട്ടിലെ പ്രീസ്കൂളുകൾ ഏറിയ പങ്കും പ്രവർത്തിക്കുന്ന തെന്ന് കാണാം. കൊച്ചുന്നാളിലേ എഴുത്തും വായനയും കണക്കും ഇംഗ്ലീഷും പഠിപ്പിക്കാനുള്ള രക്ഷിതാക്കളുടെ സമ്മർദ്ദം ശക്തമാണ്. കേരളത്തിലെ എൽ.കെ.ജി., യു.കെ.ജി. ക്ലാസുകളിൽ 80–85%വും ഇംഗ്ലീഷ് മീഡിയം ലേബലിൽ പ്രവർത്തിക്കുന്നവയാണ്. കുഞ്ഞു ങ്ങളുടെ സ്വാഭാവിക വികസനത്തിന് തടസ്സമാകുന്ന ഈ മീഡിയം ഭ്രാന്തിന് പി.എസ്.സി. പരീക്ഷകൾ മുതൽ പ്രൊഫഷണൽ വിദ്യാ ഭ്യാസത്തിനുള്ള മത്സരപരീക്ഷകളുമായിവരെ ബന്ധമുണ്ട്. പണം സമ്പാദിക്കാനുള്ള എളുപ്പമാർഗമായി വിദ്യാഭ്യാസത്തെ കാണാനും മത്സരപരീക്ഷകൾക്ക് ഇംഗ്ലീഷ് മാധ്യമമാണ് ഉപകരിക്കുകയെന്ന് ചിന്തിക്കാനും തുടങ്ങിയതു നവലിബറൽ നയങ്ങളുടെ ആരംഭകാല മായ 80കൾ മുതലാണ്. അതിനുള്ള ആദ്യ ചവിട്ടുപടിയാണ് എൽ. കെ.ജി., യു.കെ.ജി. ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ. പൊതുവിദ്യാല യങ്ങളോടു ചേർന്നതും അല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന തുമായ പ്രീസ്കൂളുകൾ എൽ.കെ.ജി., യു.കെ.ജി. എന്നാണ് അറിയ പ്പെടുന്നത്.

ഇത്തരം പൊതുപശ്ചാത്തലത്തിൽ ഈ മേഖല നേരിടുന്ന പൊ തുപ്രതിസന്ധികൾ എന്താണെന്ന് പരിശോധിക്കാം.

## നേരിടുന്ന പ്രതിസന്ധികൾ

അണുകുടുംബങ്ങളിലേക്ക് നമ്മുടെ കുടുംബങ്ങളെല്ലാം ഏറെക്കുറെ മാറിക്കഴിഞ്ഞു. അണുകുടുംബത്തിലെ ജീവിത സംഘർഷങ്ങളെല്ലാം കുട്ടികളെ മാനസികമായും, വൈകാരികമായും സാമൂഹികമായും സ്വാധീനിക്കുന്നു. മധ്യവർഗസമൂഹത്തിന്റെ അഭിലാഷങ്ങളും, ആഗോളീകരണം മുന്നോട്ട് വയ്ക്കുന്ന പൊലിമകളും മോഹങ്ങളും കുടുംബാന്തരീക്ഷത്തെ മാറ്റിമറിച്ചിട്ടുണ്ട്. സാങ്കേതികവിദ്യകളുടെ അതിരുകടന്ന ഉപയോഗം വീട്ടിനകത്തെ സംവാദാത്മകതയെ വല്ലാതെ കുറച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഇരകൾ നമ്മുടെ കുട്ടികളാണ്. അതും കൊച്ചുമക്കളാണ്. ചുരുക്കിപ്പറഞ്ഞാൽ മിക്ക വീടുകളിലും ശിശുസൗഹൃദമായ കുടുംബാന്തരീക്ഷം ഇല്ല എന്നു പറയാം. കുട്ടികളെ കാലത്ത് ഏതെങ്കിലും വാഹനത്തിൽ കയറ്റിവിട്ടാൽ എല്ലാം ആയി എന്നു കരുതുന്നവരുടെ എണ്ണവും കുറവല്ല. കുട്ടി ശാസ്ത്രീയമായ പരിഗണന കിട്ടുന്ന ഇടങ്ങളിലേക്കാണോ പോകുന്നത് എന്ന് അന്വേഷിക്കാൻ പോലും കേരളീയ മധ്യവർഗത്തിന്റെ 'അഭിമാനബോധം' അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ ശിശുപരിചരണത്തെക്കുറിച്ച് ഗൗരവമായ ആലോചനകൾ നടക്കാതെ പോകുന്നു.

ഇതിന്റെയെല്ലാം ഫലമായി നമ്മുടെ കുഞ്ഞുമക്കളുടെ അടിസ്ഥാനപരമായ സവിശേഷതകളൊന്നും പരിഗണിക്കപ്പെടാതെ പോകുന്നു. പ്രവർത്തനനിരതരാവുക, അന്വേഷണോന്മുഖരാവുക എന്നിവ കുഞ്ഞുങ്ങളുടെ സ്വാഭാവിക പ്രകൃതമാണ്. കളികളിൽ ഏർപ്പെടുക എന്നത് സഹജഭാവമാണ്. കളികളിൽ ഏർപ്പെടുമ്പോഴാണ് കുഞ്ഞുങ്ങൾ സ്വാഭാവിക രീതിയിലും മറ്റും ഫലപ്രദമായി കാര്യങ്ങൾ ഉൾക്കൊള്ളുക. കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് കുഞ്ഞുങ്ങൾ ഈ പ്രായത്തിൽ ആഗ്രഹിക്കുന്നത്. ജീവിതപരിസരത്തുള്ള സംസ്കാരവും ഭാഷയും കുഞ്ഞിന് ധാരാളം ജീവിതാനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. ഇതെല്ലാം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. എന്നാൽ കാര്യങ്ങൾ ഇപ്രകാരമല്ല മുന്നോട്ട് പോകുന്നത്.

1980കൾ മുതൽ വ്യാപകമായി ഉയർന്നുവന്ന അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ അനാരോഗ്യ പ്രവണതകൾക്കു വിത്തുപാകി. അശാസ്ത്രീയ വിദ്യാഭ്യാസ സമീപനത്തോടെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളോട് ചേർന്ന് ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറികളും വർധിച്ചുവന്നു. കുഞ്ഞുങ്ങളുടെ വികാസത്തിനും പ്രകൃതത്തിനും ഇണങ്ങുന്ന പ്രവർത്തനങ്ങളല്ല ഇവിടെ നടക്കുന്നത്. പീഡനവും ഭയവും സൃഷ്ടിക്കുന്ന അന്തരീക്ഷമാണ് മിക്ക സ്ഥലത്തും ഉള്ളത്. കച്ചവടതാത്പര്യം ഈ രംഗത്ത് പ്രകടമാണ്. ആർക്കും എവിടെയും ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കാമെന്നതും ഇവിടങ്ങളിലേയ്ക്ക് കുഞ്ഞുങ്ങളെ അയയ്ക്കാൻ രക്ഷിതാക്കൾ സന്നദ്ധരാവുന്നു എന്നതും പ്രശ്നം ഗുരുതരമാക്കുന്നു.

ശാസ്ത്രീയമായി വികസിപ്പിച്ച ഒരു പ്രവർത്തനക്രമമോ പാഠ്യപദ്ധതിയോ അവിടങ്ങളിൽ ഇല്ല. ഇത്തരം സ്ഥാപനങ്ങളിലെ അശാസ്ത്രീയ സമീപനങ്ങൾ കുഞ്ഞുങ്ങളുടെ വികാസത്തിന് തടസ്സമായി. കച്ചവടക്കാരുടെ പാഠപുസ്തകങ്ങൾ, എഴുത്തും വായനയും കണക്കും ചെറുപ്രായത്തിലേ യാന്ത്രികമായി കുത്തിച്ചെലുത്തുന്ന മനഃശാസ്ത്രവിരുദ്ധമായ സമീപനങ്ങൾ, സർവ്വോപരി ഇംഗ്ലീഷ് മീഡിയം വ്യാമോഹങ്ങളുടെ തള്ളിക്കയറ്റം ഇതെല്ലാം ഗുണമേന്മയുള്ളതും സാർവത്രികവുമായ ശിശുവിദ്യാഭ്യാസത്തിന് തടസ്സമുണ്ടാക്കി. ഉയർന്ന ഫീസും സംഭാവനകളും, സ്വകാര്യ മേഖലയിലെ പ്രീസ്കൂൾ അധ്യാപകരുടെ സേവന വേതന കാര്യങ്ങളിലെ അനിശ്ചിതത്വം, അമിതനിയന്ത്രണം എന്നിവയെല്ലാം മിക്ക പ്രീസ്കൂളുകളും കുഞ്ഞുങ്ങൾക്ക് പീഡനങ്ങൾ സമ്മാനിക്കുന്ന തടവറകളായി മാറി.

കേരളത്തിലെ പ്രീസ്കൂൾ മേഖലയിൽ നിലനിൽക്കുന്ന അശാസ്ത്രീയ പ്രവണതകൾ ഭാവി സമൂഹത്തെ ഏറെ ദോഷകരമായി ബാധിച്ചേക്കാം. അഭിമുഖം, എഴുത്തുപരീക്ഷ എന്നിവയിലൂടെ കുട്ടികളെ പ്രവേശിപ്പിക്കൽ, പ്രതിമാസം വലിയ ഫീസ് ചുമത്തൽ, കച്ചവട വിദ്യാഭ്യാസ താത്പര്യക്കാരുടെ പാഠപുസ്തകങ്ങളുടെ വിപണനവും കമ്മീഷൻ കൈപ്പറ്റലും, ലോകം അംഗീകരിച്ച ശിശുമനഃശാസ്ത്രതത്വങ്ങളെ അംഗീകരിക്കാത്ത പഠനരീതികൾ, ശിശുതാത്പര്യം ഒട്ടും പരിഗണിക്കാതെ മാതൃഭാഷയെ നിരാകരിക്കൽ, ആരോഗ്യകരമല്ലാത്ത ഭൗതികാന്തരീക്ഷം, കുട്ടിയുടെ ശാരീരിക വളർച്ചയ്ക്ക് അനിവാര്യമായ പോഷണ കാര്യങ്ങൾ ശ്രദ്ധിക്കാത്തത്, ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ പരിമിതികൾ കണ്ടെത്തുന്ന കാര്യത്തിലുള്ള അവഗണന, വാഹനങ്ങളിൽ ഒട്ടും സൗകര്യങ്ങളില്ലാതെ കുത്തി നിറച്ചുകൊണ്ടുള്ള അപകടയാത്ര തുടങ്ങിയ അശാസ്ത്രീയ പ്രവണതകൾ ഇന്നും നിലനിൽക്കുന്നു.

അങ്കണവാടികളും പലതരം പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഇടത്തരക്കാരെ ആകർഷിക്കുന്ന തലത്തിലേക്ക് ഇപ്പോഴും അങ്കണവാടികൾ ഉയർന്നിട്ടില്ല. കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിൽ അങ്കണവാടികൾക്ക് മുഖ്യമായ പങ്കുണ്ട്. എന്നാൽ, കേന്ദ്രസർക്കാർ പോഷകാഹാര സഹായധനം ക്രമേണ കുറച്ചുകൊണ്ടുവരികയാണ്. നേരത്തെ 75 ശതമാനം തുക കിട്ടിയ സ്ഥാനത്ത് നിലവിൽ 50 ശതമാനം മാത്രമേ കിട്ടുന്നുള്ളൂ. അതും കുറച്ചുകൊണ്ടുവരികയാണ്.

ഒരു കുഞ്ഞിന് ഒരു ദിവസത്തെ ഭക്ഷണത്തിന് കേന്ദ്രം നിശ്ചയിച്ചത് എട്ട് രൂപയാണ്. അതിൽ നാല് രൂപ മാത്രമാണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നത്. പാൽ, കോഴിമുട്ട, ഉച്ചഭക്ഷണം, വൈകുന്നേരം നൽകുന്ന ലഘുഭക്ഷണം, തേൻ എന്നിവയ്ക്കെല്ലാമായി നമ്മുടെ സംസ്ഥാനത്ത് കുട്ടി ഒന്നിന് ഇപ്പോൾ

20–22 രൂപ ഏറ്റവും ചുരുങ്ങിയത് ചെലവാകുന്നു. ഇതുകൂടാതെ പല തദ്ദേശഭരണസ്ഥാപനങ്ങളും പ്രഭാതഭക്ഷണവും നൽകുന്നു. അങ്കണവാടി അധ്യാപികമാർക്കും ആയമാർക്കും (സുപ്രീംകോടതി വിധി ഉണ്ടായിട്ടുപോലും) കേന്ദ്രം നൽകുന്നത് യഥാക്രമം 4500 ഉം 2250 ഉം രൂപയാണ്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രം തരുന്നതിനേക്കാൾ കൂടുതൽ തുക വിനിയോഗിച്ചാണ് അങ്കണവാടി അധ്യാപികമാർക്ക് 12000 രൂപയും മിനി അങ്കണവാടി അധ്യാപികമാർക്ക് 11000 രൂപയും ആയമാർക്ക് 8000 രൂപയും നൽകുന്നത്. കുഞ്ഞിന്റെ വളർച്ചയ്ക്കും വികാസത്തിനുമുള്ള ചെലവിന്റെ കേന്ദ്രവിഹിതം തുടർച്ചയായി കുറച്ചുകൊണ്ടുവരുന്നത് സംസ്ഥാന സർക്കാരുകളെ പ്രയാസത്തിലാക്കും.

കൂണുപോലെ മുളച്ചു പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം 'പ്രീസ്കൂളുകൾ' അങ്കണവാടികളെ തെല്ലൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്. നിലനില്പിനുള്ള കഠിനശ്രമത്തിലാണ് അങ്കണവാടികൾ.

കുഞ്ഞുങ്ങളുടെ ശൈശവകാലപരിരക്ഷയ്ക്കും ആരോഗ്യസംരക്ഷണത്തിനും പോഷകാഹാര ലഭ്യതയ്ക്കും അങ്കണവാടികൾക്കാണ് ഇടപെടാനാവുക. അങ്കണവാടികൾക്കുണ്ടാവുന്ന പ്രതിസന്ധി കേരളത്തിലെ കുഞ്ഞുങ്ങളെ സാരമായി ബാധിക്കും. മാത്രമല്ല കുഞ്ഞുങ്ങൾ കുറഞ്ഞുവരുന്നത് അങ്കണവാടികൾ നിർത്തലാക്കാനും കേന്ദ്രസർക്കാരിന്റെ സഹായധനം വെട്ടിക്കുറയ്ക്കാനും ഇടയാക്കും.

സർക്കാർ വിദ്യാലയങ്ങളോടു ചേർന്നുള്ള, അധ്യാപികമാർക്ക് ശമ്പളമോ, ഹോണറേറിയമോ ലഭിക്കുന്ന പ്രീസ്കൂളുകൾക്ക് മാത്രമേ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ ശാസ്ത്രീയമായ പാഠ്യപദ്ധതിയും (കളിപ്പാട്ടം) കുട്ടികൾക്കുള്ള വർക്ക്ബുക്കും (കളിത്തോണി) ലഭിക്കുന്നുള്ളൂ. മറ്റുള്ള ആയിരക്കണക്കിനു എൽ.കെ.ജി., യു.കെ.ജി. സ്ഥാപനങ്ങൾ സ്വകാര്യ കച്ചവടക്കാരും മത–സാമുദായിക ശക്തികളും പുറത്തിറക്കുന്ന അശാസ്ത്രീയവും വികലവുമായ പുസ്തകങ്ങളുപയോഗിച്ചാണ് യാന്ത്രികപഠനം നടത്തുന്നത്. ചുരുക്കത്തിൽ എയ്ഡഡ് വിദ്യാലയങ്ങളോടനുബന്ധിച്ചും സർക്കാർ ശമ്പളമോ ഹോണറേറിയമോ ലഭിക്കാത്ത സർക്കാർ സ്കൂളുകളോടനുബന്ധിച്ചുമുള്ളവയും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്നതുമായ പ്രീസ്കൂളുകളെല്ലാം അംഗീകാരമില്ലാത്തവയാണെന്ന് മനസ്സിലാക്കാം. ഇവിടങ്ങളിലെ അധ്യാപികമാരുടെ യോഗ്യത, പാഠ്യപദ്ധതി, പുസ്തകങ്ങൾ, വിനിമയരീതികൾ എന്നിവയെല്ലാം ഒരു നിയന്ത്രണത്തിനും പരിശോധനയ്ക്കും വിധേയമാകുന്നില്ല.

പ്രീപ്രൈമറി അധ്യാപക പരിശീലനകേന്ദ്രങ്ങൾ കേരളത്തിലങ്ങോളമിങ്ങോളമുണ്ട്. ഇവയിൽ ഭൂരിഭാഗവും സർക്കാരിന്റെ അംഗീകാരമില്ലാത്തവയാണ്. സർക്കാർ നേരിട്ട് നടത്തുന്നതോ, സർക്കാർ സഹായത്തോടെ എയ്ഡഡ് മേഖലയിലുള്ളതോ ആയി 15 സ്ഥാപന

ങ്ങൾ മാത്രമേ ഉള്ളൂ. സർക്കാർ അംഗീകരിച്ച പ്രീപ്രൈമറി കോഴ്സ് 2004 വരെ പി.പി.ടി.ടി.സി. എന്നും 2004നുശേഷം, എൻ.ടി.ടി.സി. എന്നുമാണറിയപ്പെടുന്നത്. ഈ കോഴ്സുകൾ കഴിഞ്ഞവരല്ല കേരളത്തിലെ ഭൂരിഭാഗം പ്രീസ്കൂൾ അധ്യാപികമാരും. പകരം 6 മാസം മുതൽ 1 വർഷം വരെയുള്ള കോഴ്സ് കഴിഞ്ഞവരാണ് അധികം പേരും. കുട്ടിയുടെ വളർച്ചയുടെ നിർണായക ഘട്ടമാണ് 6 വയസ്സുവരെയുള്ള പ്രായഘട്ടം. ശാസ്ത്രീയമായ ശിശുപരിചരണ രീതിയും മസ്തിഷ്ക വികാസത്തെക്കുറിച്ചുള്ള ധാരണയും ഈ ഘട്ടത്തിൽ കുട്ടികളെ പരിപാലിക്കുന്നവർക്ക് അനിവാര്യമാണ്. ഇതൊന്നും വേണ്ടതോതിൽ ലഭിക്കാത്തവർ കുട്ടികളെ പരിചരിക്കുകയോ പഠനത്തിനായി അനുഭവങ്ങൾ പ്രദാനം ചെയ്യുകയോ ചെയ്താൽ അത് വികലമാകാനേ ഇടയുള്ളൂ. അങ്ങനെ ശാസ്ത്രീയമായ പരിശീലനം ലഭിച്ചവർ പ്രീസ്കൂളുകളിൽ നിയമിതരാകുന്നില്ല എന്നത് ഈ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധിയാണ്.

ഇത്തരം പ്രതിസന്ധികളെ മറികടന്ന ഒട്ടനവധി അന്വേഷണങ്ങളും അതിലൂടെ ലഭ്യമായ വൈവിധ്യമാർന്ന അനുഭവങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി ശിശുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഒട്ടനവധി ആശയങ്ങൾ രൂപപ്പെട്ടിട്ടുണ്ട്.

**പുത്തൻ അന്വേഷണങ്ങൾ**

കുഞ്ഞുങ്ങളുടെ പരിചരണം, പോഷണം, നൽകേണ്ട വിദ്യാഭ്യാസ അനുഭവങ്ങൾ എന്നിവ സംബന്ധിച്ച അന്വേഷണങ്ങൾ നൂറ്റാണ്ടുകൾക്ക് മുന്നേ തുടങ്ങിയിരുന്നു. അവ സംബന്ധിച്ച പൊതുവായ ഒരന്വേഷണം ഈ ഘട്ടത്തിൽ പ്രസക്തമാണ്. ശിശുപരിചരണരംഗത്തെ ശാസ്ത്രീയ രീതികൾ വികസിപ്പിക്കാനും പ്രീസ്കൂളുകളിൽ കുട്ടികളുടെ വൈവിധ്യമാർന്ന വികസനാവശ്യങ്ങൾ അഭിമുഖീകരിക്കാനും ആവശ്യമായ അന്വേഷണങ്ങൾ എല്ലാ കാലത്തും നടന്നിട്ടുണ്ട്. കുഞ്ഞുങ്ങളുടെ കളിയെയും ആ പ്രായത്തിൽ നടക്കേണ്ട പഠനത്തെയും ബന്ധപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ ചിന്തകരും പ്രീസ്കൂൾ ഗവേഷകരും മറ്റും പറഞ്ഞത് നോക്കിയാലും ഇക്കാര്യം ബോധ്യപ്പെടാവുന്നതേയുള്ളൂ. ഇത്തരം അന്വേഷണങ്ങളിലൂടെ ഉയർന്നുവരുന്ന ശിശുവിദ്യാഭ്യാസ കാഴ്ചപ്പാടുകൾ നമുക്ക് പരിശോധിക്കാം.

'വിവിധ ഗ്രന്ഥങ്ങളിലെ അറിവ് കുട്ടിയുടെ തലയിൽ കുത്തിനിറയ്ക്കലല്ല ശരിയായ വിദ്യാഭ്യാസം. അവരുടെ അറിയാനുള്ള കഴിവിനെ ലോകത്തേക്ക് തുറന്നുവയ്ക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിലെ മുകുളങ്ങളിൽ നിന്നുള്ള ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നതുപോലെ അവരിൽനിന്നും ജീവസ്സുറ്റ ഒരു ജലപ്രവാഹം തന്നെയുണ്ടാകും.' ആധുനിക വിദ്യാഭ്യാസത്തിന്റെ പിതാവും അന്തർദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ ആദ്യകാല പ്രവാചകനുമായ ജീൻ

ആമോസ് കൊമേനിയസിന്റെ (1592–1670) വാക്കുകളാണിത്.

ശിശുകേന്ദ്രിത വിദ്യാഭ്യാസത്തിന് അടിത്തറയിട്ട ജീൻ ജാക്കസ് റൂസ്സോ (1712–1778) വിദ്യാഭ്യാസരംഗത്തെ 'കോപ്പർനിക്കസ്' എന്നാണറിയപ്പെടുന്നത്. 'കുട്ടി കരുതുന്നത് എല്ലാറ്റിന്റെയും മാസ്റ്റർ അവളാണെന്നാണ്. എന്നാൽ മുതിർന്നവർ ആ സ്ഥാനത്തു കയറിയിരിക്കുന്നു. സ്വന്തം ആഗ്രഹങ്ങൾ കുട്ടികളിൽ അടിച്ചേല്പിക്കുന്നു. അറിയാനുള്ള ശേഷിയും ജിജ്ഞാസയും പ്രകൃതി കുഞ്ഞുങ്ങൾക്ക് വേണ്ടുവോളം നൽകിയിട്ടുണ്ട്. നാം അവർക്ക് പഠിക്കാനുള്ള സാഹചര്യങ്ങളൊരുക്കുകയേ വേണ്ടൂ. അറിവ് കുട്ടി തന്നെ നിർമിച്ചെടുക്കും'. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം പ്രകൃതിയാണെന്നും ആദ്യത്തെ അഞ്ചുവർഷങ്ങളിൽ വായിപ്പിക്കാനോ എഴുതിപ്പിക്കാനോ കണക്കു പഠിപ്പിക്കാനോ തുനിയരുതെന്നും കുഞ്ഞുങ്ങൾ വലിയവരുടെ ചെറുപതിപ്പല്ലെന്നും അവർക്ക് സ്വന്തമായ വ്യക്തിത്വമുണ്ടെന്നും അദ്ദേഹം വാദിച്ചു. അതുവരെയുള്ള ചിന്താധാരകളെ മാറ്റിമറിക്കുന്ന നിരീക്ഷണങ്ങളായിരുന്നു അവ.

ആധുനികകാലത്തെ ശിശുവിദ്യാഭ്യാസത്തെ ഏറ്റവുമധികം സ്വാധീനിച്ച ഫ്രെഡറിക് ഫ്രോബൽ (1782–1852) ആണ് കിന്റർഗാർട്ടന്റെ ഉപജ്ഞാതാവ്. 'ആന്തരികവും ദിവ്യവുമായ ഒരു നിയമത്തിനനുസൃതമായാണ് കുഞ്ഞുങ്ങൾ വളരുന്നതെന്നും ഇത് മനസ്സിലാക്കാതെ കുഞ്ഞിനെ ഒരു കഷണം മെഴുകിനെയോ ഒരു പിടി കളിമണ്ണിനെയോ എന്നവണ്ണം എന്തും ആക്കാൻ ശ്രമിക്കുന്നത് അബദ്ധമാണെ'ന്നുമാണ് ഫ്രോബൽ ചൂണ്ടിക്കാട്ടിയത്. 'കുഞ്ഞിന്റെ ആരോഗ്യകരവും സ്വാഭാവികവുമായ വളർച്ചയ്ക്ക് സ്വയം നടത്തുന്ന പ്രവർത്തനങ്ങളും സന്തോഷപ്രദവും അനുയോജ്യവുമായ ചുറ്റുപാടും ആവശ്യമാണെ'ന്നാണ് അദ്ദേഹം നിരീക്ഷിച്ചത്. 'കുട്ടി ചെടിയും സ്കൂൾ തോട്ടവും ടീച്ചർ തോട്ടക്കാരിയുമാകണ'മെന്നും കളിരീതിയാണ് വേണ്ടതെന്നും അദ്ദേഹം വാദിച്ചു. ഇന്നത്തെ കിന്റർഗാർട്ടനുകൾ മിക്കതും ഫ്രോബൽ ആവിഷ്കരിച്ച രീതികൾക്കനുസൃതമായല്ല പ്രവർത്തിക്കുന്നത് എന്നതാണ് വസ്തുത.

ശിശുവിദ്യാഭ്യാസരംഗത്തെ പ്രഗത്ഭരായ മാക്മില്ലൻ സഹോദരിമാർ വീടിന്റെ തുടർച്ചയായാണ് ശിശുവിഹാരകേന്ദ്രങ്ങളെ കണ്ടത്. 'കുട്ടി ഒഴിഞ്ഞ പാത്രമല്ല; കുട്ടിയുടെ താത്പര്യത്തിൽനിന്നു വേണം തുടങ്ങാൻ' എന്ന കാര്യം വിശദീകരിച്ചത് ജോൺ ഡ്യൂയിയാണ് (1859–1952). കൊച്ചുകുട്ടികളുടെ വിദ്യാഭ്യാസത്തിന് പരിഷ്കൃതമായ രീതിയും ശൈലിയും സമന്വയിപ്പിച്ച് ഒരു പുതിയ വിദ്യാഭ്യാസരീതി ആവിഷ്കരിച്ച ഇറ്റാലിയൻ ഡോക്ടറായിരുന്നു മരിയ മോണ്ടിസോറി (1870–1952). കുഞ്ഞുങ്ങളുടെ പ്രവർത്തനം കളിയാണ് എന്നാണ് മോണ്ടിസോറി മുന്നോട്ട് വച്ച ആശയം. കളിരീതിയിലൂടെ പ്രശസ്തയായ മരിയാ മോണ്ടിസോറി ചലനം, പ്രവർത്തനം എന്നി

വയുടെ പ്രാധാന്യം ശിശുവിദ്യാഭ്യാസ പ്രക്രിയയിൽ എത്രമാത്രം പ്രസക്തമാണെന്ന് കണ്ടെത്തി. 'ഇന്ദ്രിയങ്ങളുടെ ഉത്തേജനത്തിനു വേണ്ട അവസരങ്ങളാണ് നാം കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടത് എന്ന അടിസ്ഥാന നിലപാടെടുത്തു.

ആധുനിക മനഃശാസ്ത്രജ്ഞരിൽ പ്രമുഖനായ ജീൻ പിയാഷെ കുഞ്ഞുങ്ങൾ ജന്മനാ പ്രവർത്തനനിരതരാണെന്നും ഓരോ പ്രായഘട്ടത്തിലും സവിശേഷമായ രീതിയിലും തലത്തിലുമാണവർ പഠിക്കുന്നതെന്നും വ്യക്തമാക്കി. റഷ്യൻ മനഃശാസ്ത്രജ്ഞനായ എൽ.എസ്. വിഗോട്സ്കിയുടെ സാമൂഹിക–സാംസ്കാരിക സിദ്ധാന്തം പഠനത്തിലെ സാമൂഹികതലത്തെ ഉയർത്തിക്കാട്ടി. താൻ ജീവിക്കുന്ന സമൂഹത്തിൽനിന്നും സാമൂഹികമായ അനുഭവങ്ങളിലൂടെ സവിശേഷമായ ചില കഴിവുകൾ കുട്ടി നേടിയെടുക്കുന്നതാണ് പഠനമെന്ന് അദ്ദേഹം വിശദമാക്കി.

'കുഞ്ഞുങ്ങൾ പഠിക്കുന്നത് കളിയിലൂടെയാണെന്നും എങ്ങനെയാണ് പഠിക്കേണ്ടത് എന്ന് പഠിക്കുന്നതും കളിയിലൂടെയാണെന്നും' ചൂണ്ടിക്കാട്ടിയ ഫ്രെഡി ഡൊണാൾഡ്സൺ ഇത് സംബന്ധിച്ച് നാം മനസ്സിലാക്കേണ്ട ഒട്ടേറെ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. കളി ഒട്ടേറെ വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരമാണെന്നും സ്വഭാവരൂപീകരണത്തിന് സഹായമാകുമെന്നും അദ്ദേഹം പറയുന്നു. കളി കുട്ടികളിൽ പേടി, ആകാംക്ഷ, സമ്മർദ്ദം തുടങ്ങിയവയെല്ലാം കുറയ്ക്കുന്നു. ആനന്ദവും, പരസ്പരസൗഹൃദവും, ആത്മവിശ്വാസവും വളർത്തുമെന്നും അദ്ദേഹം പറയുന്നുണ്ട്. തുറന്നമനസ്സിനും, വൈകാരികമായ വികാസത്തിനും കുട്ടിയെ ഏറെ സഹായിക്കുന്നത് കളികളാണെന്നും അദ്ദേഹം വാദിക്കുന്നു. മാത്രവുമല്ല സാമൂഹിക വികാസത്തിലും കളി അതിനിർണായക പങ്കുവഹിക്കുന്നു. വ്യത്യസ്ത കഴിവുകളെ മാനിക്കാനും, വൈവിധ്യങ്ങളെ ഉൾക്കൊള്ളാനും, അനുതാപം, അനുകമ്പ, പരസ്പരം പങ്കുവയ്ക്കൽ മനോഭാവം എന്നിവ വളർത്താനും ഏറെ ഉത്തമമായ രീതിശാസ്ത്രമാണ് കളി എന്നുകൂടി അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. ആൽബർട്ട് ഐൻസ്റ്റൈനെ സംബന്ധിച്ചിടത്തോളം കളി എന്നത് ഗവേഷണത്തിന്റെ ഉയർന്ന രൂപമാണ്. എറിക് & നിക്കോളാസ് ക്രിസ്റൊക്കിസ് ഒരു പടികൂടി മുന്നോട്ട് പോയി. കളിയെ തടയുമ്പോൾ കുട്ടിയുടെ ലോകത്തെ തേടാനുള്ള അവകാശത്തെയാണ് തടയുന്നത് എന്നദ്ദേഹം പറഞ്ഞുവയ്ക്കുന്നു.

ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് സുവ്യക്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച ഭാരതീയ വിദ്യാഭ്യാസ ചിന്തകരിൽ പ്രഥമഗണനീയൻ മഹാത്മാഗാന്ധി തന്നെയാണ്. എഴുത്തും വായനയും കണക്കും പഠിപ്പിച്ചുകൊണ്ടു തുടങ്ങുന്ന ബോധനം കുട്ടികളുടെ വികാസത്തെ തടയുമെന്നദ്ദേഹം നിരീക്ഷിച്ചു. സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള

ഒരു പ്രവൃത്തിയും കുട്ടിയുടെ ഏതെങ്കിലും തരത്തിലുള്ള വികാസത്തെ സഹായിക്കുകയില്ല. മാതൃഭാഷയിലൂടെയുള്ള പഠനമാണ് ഊന്നൽ നൽകേണ്ടത് എന്നദ്ദേഹം ആവർത്തിച്ച് പ്രസ്താവിക്കുന്നു. പ്രാദേശിക ഭാഷയിലൂടെ ബോധനം നടക്കുമ്പോഴേ കുട്ടിക്ക് ആത്മവിശ്വാസത്തോടെ അതിൽ പങ്കെടുക്കാനാവൂ എന്നും അദ്ദേഹം വ്യക്തമാക്കി. കുഞ്ഞുങ്ങളെ സംബന്ധിച്ച് പ്രവൃത്തിയിലൂടെയുള്ള വിദ്യാഭ്യാസത്തിനായും സ്കൂളിനെയും ഗൃഹാന്തരീക്ഷത്തെയും തമ്മിൽ ബന്ധിപ്പിച്ചുള്ള പഠനത്തിനായും അദ്ദേഹം ശക്തിയുക്തം വാദിച്ചു.

കുട്ടിയുടെ സ്കൂളിനെയും കുട്ടി വളർന്ന ഗൃഹാന്തരീക്ഷത്തെയും ബന്ധിപ്പിക്കുന്ന ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച മഹാനാണ് രവീന്ദ്രനാഥ ടാഗോർ. അദ്ദേഹം ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നത് ഇങ്ങനെയാണ്: 'കുഞ്ഞുങ്ങൾ പ്രകൃതിയോട് എത്രയും ഇണങ്ങി അമ്മയുടെ മടിത്തട്ടിലെന്നപോലെ സ്വാതന്ത്ര്യവും വിശ്വാസവും ആഹ്ലാദവും അനുഭവിച്ച് വളരാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വിദ്യാഭ്യാസമാവണം ശൈശവദശയിൽ അവർക്ക് ലഭിക്കേണ്ടത്. കുട്ടികൾ തങ്ങളുടെ ചുറ്റുപാടുകളെ അനുഭവിച്ചാണ് അറിവ് നേടുന്നത്. ഈ പ്രക്രിയയ്ക്ക് കുട്ടിക്ക് സ്വതന്ത്രവും ആഹ്ലാദകരവുമായ അന്തരീക്ഷം ലഭിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ശൈശവദശയിൽ കുട്ടികളിലുണ്ടാവേണ്ട വികാസപ്രക്രിയകൾ സ്വാഭാവികതയോടെ വളരൂ' എന്നാണ് ടാഗോർ ദർശിക്കുന്നത്.

വിദ്യാഭ്യാസകാര്യങ്ങളിൽ ഗഹനവും എന്നാൽ പരിവർത്തനാത്മകവുമായി നിലപാടെടുത്ത മഹാനാണ് 1885 നും 1939 നും ഇടയിൽ ജീവിച്ച ഗിജുഭായ് ബധേക. സൌരാഷ്ട്രയിൽ ജനിക്കുകയും അഭിഭാഷകനായി ജോലി ചെയ്യുകയും ചെയ്ത ഗിജുഭായ് സ്വന്തം കുട്ടിയുടെ വളർച്ചയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ് വിദ്യാഭ്യാസകാര്യങ്ങളിൽ മുഴുകുന്നത്. അദ്ദേഹം രചിച്ച 'ദിവാസ്വപ്നം' എന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പുസ്തകം കേരളീയർക്ക് സുപരിചിതമാണ്. കുഞ്ഞുങ്ങൾക്ക് വലിയ സ്വാതന്ത്ര്യം അനുവദിക്കണമെന്ന് അദ്ദേഹം വാദിക്കുന്നു. കുഞ്ഞുങ്ങളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ശിശുകേന്ദ്രീകൃത വിദ്യാഭ്യാസമാണ് ആവശ്യം. സ്വയംപ്രകാശനം, പഞ്ചേന്ദ്രിയവികാസം എന്നിവയ്ക്ക് ഊന്നൽ നൽകണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കഥ പറയൽ, റോൾപ്ലേ, പ്രാദേശികമായ കളികൾ, സർഗാത്മക വ്യായാമങ്ങൾ എന്നിവയെല്ലാം കുഞ്ഞുങ്ങൾക്ക് പ്രധാനമാണ്. ഉപദേശങ്ങൾകൊണ്ട് കുഞ്ഞുങ്ങളെ ബുദ്ധിമുട്ടിക്കരുത് എന്നും ശിക്ഷകൾ പാടില്ല എന്നും ഗിജുഭായ് ബധേക നമ്മോട് പറഞ്ഞ് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും നാമെവിടെ നിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഈ രംഗത്തു അനുഭവങ്ങളിലൂടെ പ്രശസ്തയായ ഇന്ത്യൻ വിദ്യാ

ഭ്യാസ പ്രവർത്തകയായ താരാഭായ് മോദക്കിന്റെ അഭിപ്രായങ്ങളും ശ്രദ്ധിക്കാം. കളിയാണ് കുഞ്ഞുങ്ങളുടെ വളർച്ചയിൽ നിർണായകം. ചെലവു കുറഞ്ഞ കളിയുപകരണങ്ങൾക്കും, പരിസരത്തുനിന്ന് ലഭിക്കുന്ന കളിയുപകരണങ്ങൾക്കും പ്രാധാന്യം നൽകണം, കഥകളും പാട്ടുകളും ധാരാളം വേണം. ആരോഗ്യ സംരക്ഷണം, പുറംകളികൾ, സ്വതന്ത്ര കേളികൾ, പഞ്ചേന്ദ്രിയ വികാസം, ഭാഷാ ഗണിതകേളികൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവയ്ക്ക് ഊന്നൽ നൽകണം. വീടിനടുത്ത് ബാലവാടി, തുറന്ന കളിസ്ഥലം, പൂന്തോട്ടം, ശുചീകരണ സംവിധാനം എന്നിവ ഒരുക്കണം.

വിദ്യാഭ്യാസത്തെ ഗൗരവമായി കണ്ട മഹാത്മാക്കളെല്ലാം കുഞ്ഞുങ്ങളുടെ വിഹാരകേന്ദ്രങ്ങളാകണം – ബാലവാടിയെന്നോ, പ്രീസ്കൂൾ എന്നോ, അങ്കണവാടിയെന്നോ ഏത് പേരിലറിയപ്പെട്ടാലും – കുഞ്ഞുങ്ങളുടെ കേന്ദ്രങ്ങൾ എന്ന് പറഞ്ഞു വച്ചിട്ടുണ്ട്. ഇതിനെല്ലാം കടകവിരുദ്ധമായി കുഞ്ഞുങ്ങളെ സമ്മർദ്ദത്തിലേക്കും, പിരിമുറുക്കത്തിലേക്കും, വിഷാദത്തിലേക്കും നയിക്കാവുന്ന അശാസ്ത്രീയമായ നിലപാടുകളാണ് വിദ്യാസമ്പന്നർ എന്ന് അഭിമാനിക്കുന്ന കേരളീയരിൽ കണ്ടുവരുന്നത്. ഇംഗ്ലീഷ് മീഡിയം എന്നുകൂടി പറഞ്ഞാൽ എന്തും ചെയ്യാനുള്ള ലൈസൻസായി എന്ന് സ്ഥാപന നടത്തിപ്പുകാരും രക്ഷാകർത്താക്കളിൽ മോശമല്ലാത്ത ഒരു വിഭാഗവും കരുതുന്നു. ഈ വിടവിലൂടെയാണ് പട്ടിക്കൂട്ടിലടക്കം അടച്ച് കുട്ടികളെ ശിക്ഷിക്കാനുള്ള ധൈര്യം പലർക്കും ലഭിക്കുന്നത്.

എന്നാൽ  കുഞ്ഞുങ്ങളുടെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ ഒട്ടനവധി പ്രായോഗിക അന്വേഷണങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്നിട്ടുണ്ട്, ഇപ്പോൾ നടക്കുന്നുമുണ്ട്. അത്തരം പ്രയോഗരൂപങ്ങളിൽ ഏതാനും ചിലത് നമുക്ക് പരിചയപ്പെടാം.

## ചിന്തകളിൽ നിന്നും പ്രയോഗത്തിലേക്ക്

വിദ്യാഭ്യാസരംഗത്തെ ചിന്തകരിൽ നിന്നും ശാസ്ത്രീയമായ പ്രീസ്കൂൾ സങ്കൽപ്പങ്ങളിൽ നിന്നും ഊർജമുൾക്കൊണ്ടുകൊണ്ട് നിരവധി പ്രീസ്കൂൾ മാതൃകകൾ ലോകമെമ്പാടും ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും ഉയർന്നുവരികയുണ്ടായി. അതിൽ ഏറെ ശ്രദ്ധേയം 75 വർഷത്തെ ചരിത്രമുള്ള 'റെജിയോ എമിലിയ' മാതൃകയാണ്. വികേന്ദ്രീകൃതമായ പ്രീസ്കൂളിന്റെ ലോക മാതൃകയായി പരിഗണിക്കാവുന്ന ഒരനുഭവമാണ് ഇത്. വടക്കൻ ഇറ്റലിയിലെ ഒരു നഗരപ്രാന്തത്തിൽ, രണ്ടാംലോകയുദ്ധത്തിന്റെ കെടുതിയിൽ നിന്നും കരകയറാനുള്ള ശ്രമത്തിൽ ഒരുകൂട്ടം ദരിദ്ര കർഷകർ പണിതുയർത്തിയ ഒരു പ്രീസ്കൂളായിരുന്നു അതിന്റെ തുടക്കം. അതൊരു സന്ദേശമായി സമീപപ്രദേശങ്ങളിലേക്കു കൂടി വ്യാപിച്ചതോടെ സ്ത്രീകളുടെ മുൻകൈയിൽ പ്രവർത്തിക്കുന്ന ഒരു

ഡസനോളം സ്ഥാപനങ്ങൾ അവിടവിടെ ഉയർന്നുവന്നു. 1960കളിൽ റെജിയോ മുനിസിപ്പാലിറ്റി അവ ഏറ്റെടുത്തതോടെ ലോറിസ് മലഗുസ്സിയെന്ന വിദ്യാഭ്യാസ പ്രവർത്തകന്റെ നേതൃത്വത്തിൽ അതൊരു മഹാപ്രസ്ഥാനമായി വളർന്നു. ഒരു പ്രാദേശികഭരണകൂടം ശിശുവിദ്യാഭ്യാസത്തിൽ സക്രിയമായി ഇടപെടുന്നതിന്റെ ഉജ്ജ്വലമായ ലോകമാതൃകയായി റെജിയോ പ്രീസ്കൂളുകൾ ഇപ്പോഴും പ്രവർത്തനം തുടരുന്നു. ജോൺ ഡ്യൂയി, ജീൻ പിയാഷെ, ലവ് വിഗോട്സ്കി തുടങ്ങിയവരുടെ ആശയങ്ങളിൽ കെട്ടിപ്പടുത്ത സ്ഥാപനങ്ങളാണിവ. 'റെജിയോ സമീപനം' സ്വീകരിച്ച നിരവധി പ്രീസ്കൂളുകൾ ഇന്ന് അമേരിക്ക, ഇംഗ്ലണ്ട്, ആസ്ട്രേലിയ, ചൈന തുടങ്ങിയ രാജ്യങ്ങളിലും പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ താത്പര്യങ്ങൾ തിരിച്ചറിയുന്നതിലൂടെ രൂപപ്പെടുന്ന പ്രോജക്റ്റ് പ്രവർത്തനങ്ങളാണ് ഇവിടെ മുഖ്യമായും നടക്കുന്നത്. കുട്ടികൾ പറയുന്നതും ചെയ്യുന്നതും വരയ്ക്കുന്നതും നിർമിക്കുന്നതുമായ പ്രവർത്തനങ്ങൾ ശബ്ദമായും ഫോട്ടോയായും വീഡിയോയായും കുറിപ്പുകളായും ഡോക്യുമെന്റ് ചെയ്യുകയും രക്ഷിതാക്കളുമായി പങ്കുവെക്കുകയും ചെയ്യുന്ന രീതിയും ഇവിടെ നിലവിലുണ്ട്. അധ്യാപകർക്കു പുറമെ, കലാവിദഗ്ധനും സ്പെഷൽ എജ്യൂക്കേറ്ററും ഓരോ പ്രീസ്കൂളിലും ഉണ്ട് എന്നതും മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സഹായകമാണ്. മുനിസിപ്പൽ തലത്തിലുള്ള സമിതിയും മോണിറ്ററിങ്ങിനുള്ള വിദഗ്ധരും ഗുണനിലവാരവും പ്രവർത്തന മികവും ഉറപ്പാക്കുന്നു. ഒരു മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക പിന്തുണയിലാണ് ഈ ലോകോത്തരമാതൃക വർഷങ്ങളായി പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധേയമാണ്.

1970ൽ അമേരിക്കയിലെ മിഷിഗണിലുള്ള പെറി പ്രീസ്കൂളിൽ ഡേവിഡ് വീക്കാർട്ട് എന്ന മനഃശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹൈസ്കോപ്പ് കരിക്കുലം മാതൃകയും ഒട്ടേറെ രാജ്യങ്ങളിൽ ഇന്ന് പ്രാദേശിക മാറ്റങ്ങളോടെ നടപ്പിലാക്കിവരുന്നു. കുട്ടികൾ അറിവ് നിർമിക്കുന്നുവെന്ന കാഴ്ചപ്പാടാണ് ഇതിന്റെയും അടിത്തറ. ഇവിടെ പഠിച്ചുവളർന്ന കുട്ടികളെ നാല്പത് വർഷത്തോളം ഇടവിട്ട് നിരീക്ഷിച്ച ഗവേഷകർ കുട്ടികളുടെ പിൽക്കാല പഠനത്തിലും ജീവിതത്തിലും ഈ പ്രീസ്കൂൾ അനുഭവം മികച്ച ഗുണാത്മകസ്വാധീനം ചെലുത്തുകയുണ്ടായെന്ന് ശാസ്ത്രീയമായി ലോകത്തെ ബോധ്യപ്പെടുത്തുകയുണ്ടായി.

പ്രശസ്തമായ കിന്റർഗാർട്ടൻ രീതിക്കും മോണ്ടിസോറി സമ്പ്രദായത്തിനും പിന്നാലെ പുതിയ തിരിച്ചറിവുകളുടെ പിൻബലത്തിൽ പ്രീസ്കൂൾ അന്വേഷണങ്ങൾ വൈവിധ്യമാർന്ന പല വഴികളിലൂടെയും ഇന്ന് ലോകമാകെ മുന്നോട്ടുപോവുകയാണ്. ജോൺ ഡ്യൂയിയുടെ ആശയങ്ങളിൽ നിന്ന് രൂപപ്പെട്ടതും ശിശുവികാസകാര്യങ്ങളിൽ ഗവേഷണം നടത്തിയ ലിലിയൻ കാറ്റ്സിനെ പോലുള്ളവർ പിന്നീട്

ഏറെ വികസിപ്പിച്ചതുമായ പ്രോജക്റ്റ് രീതി റെജിയോയിൽ ഉൾപ്പെടെ പലേടത്തും പ്രാബല്യത്തിലുണ്ട്. സ്കാന്റിനേവിയൻ രാജ്യങ്ങളായ ഡെന്മാർക്കിനും സ്വീഡനും ശേഷം ജർമനി, സ്കോട്ലന്റ്, കാനഡ തുടങ്ങിയ രാജ്യങ്ങളിലേക്ക് വ്യാപിച്ച വനാധിഷ്ഠിത പ്രീസ്കൂളുകൾ ശ്രദ്ധേയമായ മറ്റൊരു മാതൃകയാണ്. പ്രകൃതിനശീകരണം വർധിക്കുകയും കുട്ടികൾ ഫ്ളാറ്റുകളിലും കമ്പ്യൂട്ടറുകൾക്ക് മുന്നിലും തളച്ചിടപ്പെടുകയും ചെയ്യുന്ന ഈ കാലത്ത് അവരെ ബാധിക്കുന്ന 'പ്രകൃതിയപര്യാപ്തതാരോഗ'ത്തിന് (Natural deficiency disease) ഇതൊരു മറുമരുന്നാണെന്ന് പലരും കരുതുന്നു.

രീതിയും പേരുമൊക്കെ എന്തായാലും, 0–1 വയസ്സ്, 1–3 വയസ്സ്, 3–5 വയസ്സ്, 5–6 വയസ്സ് എന്നീ പ്രായപരിധികളിൽ യഥാക്രമം വീട്, ഡെ കെയർ സെന്റർ, പ്രീസ്കൂൾ, പ്രിപ്പറേറ്ററി സ്കൂൾ എന്നിവിടങ്ങളിൽ നിന്നും കിട്ടുന്ന ശരിയായ അനുഭവങ്ങൾ പിൽക്കാലത്തെ വിദ്യാഭ്യാസത്തിലും ജീവിതത്തിലും സദ്ഫലങ്ങൾ നൽകുമെന്ന പൊതുധാരണ ഇന്ന് ലോകത്ത് ശക്തമായി വരികയാണ്.

കേരളത്തിലും നിരവധി അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഈ രംഗത്ത് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, കുഞ്ഞുങ്ങളുടെ ബഹുമുഖ ബുദ്ധിയെ പരിഗണിച്ച് തയ്യാറാക്കിയ കൈപ്പുസ്തകം എന്നിവ  പ്രീസ്കൂൾ രംഗത്ത് പുതിയ ഇടപെടലുകൾക്കും ക്രിയാത്മകമായ വളർച്ചയ്ക്കും സഹായകമായി. പരിഷത്ത് പ്രീസ്കൂൾ കുട്ടികളുടെ വളർച്ചയും വികാസവും കണക്കിലെടുത്ത് പ്രസിദ്ധീകരിച്ച 'കുരുന്നില' എന്ന പ്രവർത്തന പുസ്തക സമാഹാരം ഏറെ ശ്രദ്ധിക്കപ്പെട്ടു. അതുപോലെ പ്രീസ്കൂൾ കുട്ടികൾക്ക് അനുയോജ്യമായ കളികൾ, പ്രവർത്തനങ്ങൾ എന്നിവ വികസിപ്പിക്കുകയും അത് പ്രവർത്തക പരിശീലനങ്ങളിലൂടെ വ്യാപകമാക്കാൻ ശ്രമിക്കുകയുമുണ്ടായി.

എന്നാൽ വലിയതോതിലുള്ള പരിവർത്തനങ്ങൾ ഉണ്ടായത് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായാണ്. ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി എന്നിവയുടെ അനിവാര്യ ചുമതലയിൽപെടുന്ന പ്രീസ്കൂൾ വിദ്യാഭ്യാസരംഗത്തും പുതിയ അന്വേഷണങ്ങൾ നടന്നു. കയ്യൂർ–ചീമേനി ഗ്രാമപഞ്ചായത്തിൽ പ്രീപ്രൈമറി സ്കൂളുകൾ കേന്ദ്രീകരിച്ച് സമഗ്ര ഇടപെടൽ നടന്നു. സമൂഹമാകെ പ്രവർത്തനത്തിന്റെ ഭാഗമായി. ഇതുപോലെ നിരവധി തദ്ദേശഭരണസ്ഥാപനങ്ങൾ പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി പദ്ധതികളാവിഷ്കരിച്ച് സമഗ്രമായ ഇടപെടലുകൾ നടത്തുകയുണ്ടായി. പാഠ്യപദ്ധതി രൂപീകരണം, കുഞ്ഞുങ്ങളുടെ വികാസമേഖലകൾക്കിണങ്ങുന്ന കൈപ്പുസ്തകങ്ങൾ, പാട്ട്, കളി, നിർമാണം തുടങ്ങിയവയുടെ ശേഖരങ്ങൾ എന്നിവയെല്ലാം അതോടെ രൂപപ്പെട്ടുവരാൻ തുടങ്ങി. ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് –മുൻസിപ്പൽ തലങ്ങളിലും ഗുണകരമായ

പുതിയ ചിന്തകൾ രൂപപ്പെട്ടു.

2001ൽ തയ്യാറാക്കിയ ശിശുവിദ്യാഭ്യാസ പ്രവർത്തന സഹായി, അതേ വർഷം തയ്യാറാക്കിയ പ്രീ-പ്രൈമറി പദ്ധതി (കരട്), ഇവ ഉപയോഗിച്ചുള്ള പരിശീലനങ്ങൾ, ഇതേത്തുടർന്ന് യുനിസെഫിന്റെ സഹായത്തോടെ തയ്യാറാക്കിയ 'കളിവണ്ടി'യെന്ന കൈപ്പുസ്തകം എന്നിവയെല്ലാം SCERTയുടെ നേതൃത്വത്തിൽ നടന്ന എടുത്തുപറയേണ്ട പ്രവർത്തനങ്ങളാണ്.

2005ൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് പുറത്തുവന്നു. ഇതേ തുടർന്ന് 2007ൽ കേരള പാഠ്യപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രീസ്കൂൾ നിലപാട് രേഖ തയ്യാറാക്കി. ഇതിന്റെ തുടർപ്രവർത്തനമായി 2010ൽ പ്രീസ്കൂൾ കരട് നയരേഖയും 2011ൽ കേരള പ്രീസ്കൂൾ പാഠ്യപദ്ധതിയും തയ്യാറാക്കി. 2014ൽ ഇത് സംബന്ധിച്ച ഏകീകൃത പാഠ്യപദ്ധതിയുടെ ഉത്തരവ് ഇറങ്ങുകയുണ്ടായി. എങ്കിലും ഏകോപനമെന്നത് ഇപ്പോഴും മരീചികയായി കിടക്കുന്നു. പ്രീസ്കൂൾ പാഠ്യപദ്ധതി മുന്നോട്ടു വയ്ക്കുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ ലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ട് 2017ൽ എസ്.സി.ഇ.ആർ.ടി. പ്രീസ്കൂൾ അധ്യാപികമാർക്കുള്ള കൈപ്പുസ്തകമായ 'കളിപ്പാട്ടം' തയ്യാറാക്കി. സമാനമായ പാഠ്യപദ്ധതി സമീപനം ഉൾക്കൊണ്ടുകൊണ്ട് നേരത്തെ നടത്തിയ നിരവധി ശിൽപ്പശാലകൾ, ചർച്ചകൾ എന്നിവയിലൂടെ രൂപപ്പെട്ടതാണ് 'മഴവില്ല്' എന്ന കരിക്കുലം സമീപന കൈപ്പുസ്തകം. വനിതാശിശുവികസന വകുപ്പിന്റെ അങ്കണവാടി അധ്യാപികമാർക്കുള്ള തീം ചാർട്ടുകൾ, 'അങ്കണത്തൈമാവ്' കൈപ്പുസ്തകം എന്നിവ ഇതിന് ഒരു വർഷം മുമ്പ് തന്നെ തയ്യാറാക്കിയിരുന്നു. അങ്കണവാടി കുഞ്ഞുങ്ങൾക്കായി വനിതാശിശുവികസന വകുപ്പ് തയ്യാറാക്കിയ 'അങ്കണപ്പൂമഴ'എന്ന വർക്ക്ബുക്കും പ്രീസ്കൂൾ കുഞ്ഞുങ്ങൾക്കായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ 'കളിത്തോണി' എന്ന വർക്ക്ബുക്കും ഇന്ന് പ്രയോഗത്തിലുണ്ട്. ഇങ്ങനെ വികസിച്ചുവന്ന സാധ്യതകൾ പ്രയോജനപ്പെടുത്താതെ പ്രീസ്കൂളെന്നോ കെ.ജി. യെന്നോ നഴ്സറിയെന്നോ പേരിട്ട് നടത്തുന്ന ഏതു സ്ഥാപനത്തെയും മാധ്യമം ഇംഗ്ലീഷെങ്കിൽ മികച്ചതായി കരുതുന്ന പ്രവണതയാണ് അഭ്യസ്തവിദ്യർ ഏറെയുള്ള നമ്മുടെ നാട്ടിലും കണ്ടുവരുന്നത്.

## പ്രീസ്കൂൾ പുനഃസംഘാടനം- അനിവാര്യം

ശാസ്ത്രീയമായ പ്രീസ്കൂൾ സങ്കൽപ്പമനുസരിച്ച് പ്രവർത്തിക്കുന്ന നിലയിലേക്ക് നമ്മുടെ അങ്കണവാടികളെയും പ്രീസ്കൂളുകളെയും എത്തിക്കണമെങ്കിൽ ഏറെ ദൂരം പോകാനുണ്ട് എന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്. ജ്ഞാനസമൂഹ നിർമിതിക്ക് അനുഗുണമായ സ്കൂൾ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായി പ്രവർത്തിക്കുന്ന പ്രീസ്കൂൾ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അങ്കണവാടികളിലെ മികച്ച ഭക്ഷണവും ആരോഗ്യ പരിശോധനയും സ്കൂ

ളിനോടൊപ്പമുള്ള പ്രീ പ്രൈമറികളിലും ലഭ്യമാകണം. ഇതുൾപ്പെടെ പ്രീസ്കൂൾ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ ഇടപെടലുകളാണ് ഈ രംഗത്ത് ഉടൻ പ്രാവർത്തികമാകേണ്ടത്. ഏതാനും നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനത്തിന് പ്രീസ്കൂൾ അന്തരീക്ഷവും അവിടെ നിന്ന് ലഭിക്കുന്ന പരിഗണനയും പ്രോത്സാഹനവും അംഗീകാരവും എല്ലാം പരമപ്രധാനമാണ്. കുട്ടി പ്രീസ്കൂളിൽ/അങ്കണവാടികളിൽ എത്തുന്നത് നിറയെ അനുഭവങ്ങളുമായിട്ടാണ്. അതെല്ലാം വീട്ടിൽ നിന്നും ലഭിക്കുന്നതാണ്. അതാകട്ടെ വീട്ടുഭാഷയിലുമാണ്. അതുകൊണ്ട് തന്നെ കുട്ടിയുടെ വളർച്ചയിലും വികാസത്തിലും വീട്ടുഭാഷയ്ക്ക് അതിനിർണായകമായ സ്വാധീനമുണ്ട്. ഇത് അൽപ്പംകൂടി വിശദമായി പരിശോധിക്കാം.

## എന്തുകൊണ്ട്മാതൃഭാഷ/വീട്ടുഭാഷ

കുഞ്ഞിന്റെ അവകാശം ആദ്യകാല ശിശുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോകമെമ്പാടുമുള്ള വിദ്യാഭ്യാസ ചിന്തകർ തിരിച്ചറിഞ്ഞിരുന്നു എന്നാണ് മുകളിൽ കൊടുത്ത വിശദീകരണങ്ങളിൽനിന്നും വ്യക്തമാകുന്നത്. അതെല്ലാം കുട്ടികളുമായി ബന്ധപ്പെട്ട് നടക്കുന്ന വിനിമയഭാഷയുടെ പ്രാധാന്യം ഊന്നിപ്പറയുന്നതുമാണ്. ഇത്തരം ചിന്തകൾ നമ്മെ ചില പ്രധാനപ്പെട്ട ധാരണകളിലേക്ക് നയിക്കുന്നു.

- പ്രീസ്കൂൾ, കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി വേണം രൂപകൽപ്പന ചെയ്യേണ്ടത്. കുഞ്ഞുങ്ങളുടെ ആത്മവിശ്വാസം വളർത്തുന്നതും അവരെ സർഗ്ഗാത്മക പങ്കാളികളാക്കുന്നതുമായ അക്കാദമിക അന്തരീക്ഷം വളരെ പ്രധാനമാണ്.
- തനത് സംസ്കാരത്തിൽനിന്നും ഭാഷയിൽനിന്നും ജീവിതാനുഭവങ്ങളിൽനിന്നും കുഞ്ഞുങ്ങളെ അകറ്റാൻ പാടില്ല. മാത്രവുമല്ല അവരുടെ വീട്ടുഭാഷയിൽ നിർഭയമായും സ്വതന്ത്രമായും ആശയവിനിമയം ചെയ്യാനുള്ള അവസരം യഥേഷ്ടം ഉണ്ടാക്കുകയും വേണം
- കുഞ്ഞുങ്ങൾ ജന്മനാ പ്രവർത്തനനിരതരും അന്വേഷണോന്മുഖരുമാണ് എന്ന ധാരണ മുതിർന്നവർക്കുണ്ടാകണം.
- കളികളിലേർപ്പെടുമ്പോഴാണ് കുഞ്ഞുങ്ങൾ സ്വാഭാവികമായും ഫലപ്രദമായും കാര്യങ്ങൾ ഉൾക്കൊള്ളുക എന്ന ധാരണ വേണം.
- മുതിർന്നവരുടെ നിയന്ത്രണങ്ങൾ കുഞ്ഞുങ്ങളുടെ സ്വാഭാവിക ഉൾക്കൊള്ളൽ രീതിയെ തടസ്സപ്പെടുത്തും എന്ന തിരിച്ചറിവ് മുതിർന്നവർക്കുണ്ടാകണം
- കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ട

ത്. നിരീക്ഷിക്കാനും പരീക്ഷിക്കാനും നിർമിക്കാനും ആവിഷ്ക രിക്കാനുമുള്ള അവരുടെ താത്പര്യത്തെ പരമാവധി പ്രയോജ നപ്പെടുത്താനും കഴിയണം.

- കുഞ്ഞുങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത കാര്യങ്ങൾ യാന്ത്രിക മായി പഠിപ്പിക്കാനുള്ള ശ്രമങ്ങൾ ഒരിക്കലും ഉണ്ടാകരുത്. ഇത് കുട്ടികളെ എല്ലാ അർത്ഥത്തിലും ബുദ്ധിമുട്ടിക്കും.

മാതൃഭാഷ/ വീട്ടുഭാഷയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ് ഇക്കാര്യങ്ങളെല്ലാം. ലോകമെമ്പാടുമുള്ള മനഃശാസ്ത്രജ്ഞരും വിദ്യാ ഭ്യാസ പണ്ഡിതരും സാമൂഹിക ശാസ്ത്രജ്ഞരുമെല്ലാം മാതൃഭാഷയി ലൂടെ മാത്രമേ പ്രത്യേകിച്ച്, തുടക്കകാലത്ത് ഇടപെടാൻ പാടുള്ളൂ എന്നു പറയുന്നവരാണ്. ഇന്ത്യയിൽ നിലവിൽവന്ന എല്ലാ വിദ്യാ ഭ്യാസ കമ്മീഷനുകളും ഇതുതന്നെയാണ് നിഷ്കർഷിച്ചിരിക്കുന്നത്. മഹാത്മജിയും ടാഗോറും നിർദേശിച്ചതും ഇതുതന്നെ. മാതൃഭാഷയി ലൂടെയുള്ള വിദ്യാഭ്യാസം നമ്മുടെ കുഞ്ഞുങ്ങൾക്ക് ശൈശവകാലം മുതലേ നിഷേധിക്കുന്നത് കേവലമൊരു വിദ്യാഭ്യാസ പ്രശ്നം മാത്ര മല്ല; കടുത്ത മനുഷ്യാവകാശ ധ്വംസനം കൂടിയാണ്.

1996 ജൂൺ 6 മുതൽ 9 വരെ 'യുനസ്കോ'യുടെ പിന്തുണയോടെ സ്പെയിനിലെ ബാർസലോണയിൽ നടന്ന ലോകസമ്മേളനത്തി ൽ ഭാഷാവകാശത്തിനായുള്ള ഒരു സാർവലൗകിക പ്രഖ്യാപനം നട ത്തുകയുണ്ടായി. 'ഒരു ജനസമൂഹത്തിന്റെ ചരിത്രാനുഭവത്തിന്റെയും ആത്മാവബോധത്തിന്റെയും സംസ്കാരത്തിന്റെയും നാൾവഴിരേ ഖയുടെ ഏറ്റവും അർത്ഥപൂർണമായ ആശയവിനിമയവും വികാരവി നിമയവും മാതൃഭാഷയിലൂടെയാണ് നടക്കുക. കുട്ടിയായിരിക്കുമ്പോൾ തന്നെ ഭാഷാശേഷിയും ഭാഷണശേഷിയും പഠനശേഷിയും സാമൂ ഹികശേഷിയും വളർത്തുന്ന ആശയോപാധി മാത്രമല്ല ഭാഷ. അത് ജനതയുടെ സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും മുദ്രയും ജീവി തവ്യവഹാരത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും മുഖ്യോപാധി യുമാണ്. മനുഷ്യരെ ഒന്നായി ബന്ധിപ്പിക്കുന്ന ഘടകമായ മാതൃഭാ ഷയോടുള്ള അവഗണന മനുഷ്യാവകാശത്തിന്റെ നിഷേധമാണ്.' ഇതാണ് ആ പ്രഖ്യാപനത്തിന്റെ സത്ത.

കുഞ്ഞുങ്ങൾക്ക് ഒരു വയസ്സാകുമ്പോഴേക്കും മാതൃഭാഷ അവരുടെ തലച്ചോറിൽ പതിയുന്നു എന്നാണ് ആധുനിക പഠനങ്ങൾ പറയുന്ന ത്. ആദ്യമായി കുഞ്ഞുങ്ങളുടെ തലച്ചോറിൽ സർക്യൂട്ടുകൾ രൂപപ്പെ ടുന്നത് വീട്ടുഭാഷയിലും പ്രത്യേകിച്ച് അമ്മമാരുടെ ഭാഷയിലുമാണ്. മാതൃഭാഷയുമായി ബന്ധപ്പെട്ട സർക്യൂട്ടുകൾ തലച്ചോറിൽ രൂപപ്പെട്ടു കഴിഞ്ഞാൽ അത് വികസിക്കാനും വിപുലപ്പെടാനുമുള്ള അവസരങ്ങ ൾ കുഞ്ഞുങ്ങൾക്ക് ലഭിക്കണം. ഇങ്ങനെ മാതൃഭാഷയിൽ പ്രാവീണ്യം നേടുന്ന കുഞ്ഞുങ്ങൾക്ക് മറ്റുഭാഷകൾ പഠിക്കാൻ കൂടുതൽ എളുപ്പമാ വുമെന്നാണ് ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്ന പഠനങ്ങൾ

കാണിക്കുന്നത്. മാതൃഭാഷയിലൂടെയാണ് കുഞ്ഞ് വളരുന്നതും കൂട്ടുകാരുമായി സംസാരിക്കുന്നതും, പരിസരത്തെ ബന്ധിപ്പിക്കുന്നതും. തന്റെ ചുറ്റുപാടുകളിലെ എല്ലാ ബന്ധങ്ങളും മാതൃഭാഷയിലൂടെയാണ് കുട്ടി വികസിപ്പിക്കുന്നത്. കുട്ടി ചുറ്റുപാടുമുള്ള പ്രകൃതിയെ കാണുന്നതും ചുറ്റുമുള്ള സമൂഹചലനങ്ങളുടെ ഭാഗമാകുന്നതും വീട്ടുഭാഷയിലൂടെയാണ്. ഇങ്ങനെ സ്വന്തംഭാഷ കുഞ്ഞുങ്ങളിലുറയ്ക്കുന്നതിനു മുമ്പേ കുറേ ഇംഗ്ലീഷ് വാക്കുകൾ കാണാപ്പാഠം പഠിപ്പിക്കുന്നത് മൂലം കുഞ്ഞുങ്ങളുടെ മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിക്കാമെന്നല്ലാതെ ഒരു നേട്ടവും ഉണ്ടാവുന്നില്ല. സ്വതന്ത്രമായി സംസാരിക്കാനും കൂട്ടുചേരാനും ചുറ്റുപാടിലിടപെട്ട് അറിവു നിർമിക്കാനും തുടങ്ങുന്നതിനു മുമ്പുതന്നെ മാതൃഭാഷയെ അകറ്റുന്നത് വൈവിധ്യമാർന്ന നമ്മുടെ സംസ്കാരത്തെയും മൂല്യങ്ങളെയും വേരറുത്തു മാറ്റുന്നതിനു തുല്യമാണ്. വിജ്ഞാനോല്പാദനം മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനഃസംസ്കരണവും വൈകാരികമായ വിദ്യാഭ്യാസവുമെല്ലാം അതിന്റെ ഭാഗമാണ്. മാതൃഭാഷയിൽ പഠിച്ചിറങ്ങുന്ന കുട്ടി സ്വന്തം ഭാഷയിലാണ് അറിവും കഴിവും വിരുതും മനോഭാവങ്ങളുമൊക്കെ നേടുന്നത്. അത് സാമൂഹികമാണ്. ജാതി, മത, വർണ, രാഷ്ട്രീയ വ്യത്യാസമൊക്കെയുണ്ടെങ്കിലും കേരളത്തിലെ 96% ജനങ്ങളുടെയും മാതൃഭാഷ മലയാളമാണ്. വൈവിധ്യങ്ങൾക്കിടയിലും നമ്മെ ഒന്നിപ്പിക്കുന്ന പ്രധാന ഘടകമാണ് മാതൃഭാഷ.

2009ൽ ഭരണഘടനാ ഭേദഗതിയിലൂടെ പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങളെ ഉറപ്പാക്കുന്നതാണ്. ഈ പ്രായത്തിലുള്ള കുട്ടികൾക്ക് പഠനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. എൽ.കെ.ജി., യു.കെ.ജി., ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽനിന്നു വരുന്ന കുഞ്ഞുങ്ങളെ സ്വാഭാവികമായും രക്ഷിതാക്കൾ ഒന്നാംതരം മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ തന്നെ ഇരുത്തുന്നു. മിക്ക സ്ഥാപനങ്ങളിലും നടക്കുന്ന വികലമായ ഭാഷാബോധനം വഴി 5–6 ക്ലാസുകളിലെത്തുമ്പോഴേക്കും കുട്ടികൾക്ക് മലയാളവും ഇംഗ്ലീഷും നഷ്ടമാകുന്ന അവസ്ഥ വ്യാപകമാണിന്ന്. ഇത് തുടർന്നങ്ങോട്ടുള്ള ക്ലാസുകളിൽ കുട്ടികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നു. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയവശങ്ങൾ രക്ഷിതാക്കളിലും ബഹുജനങ്ങളിലും എത്തിക്കാനുള്ള വലിയ ബഹുജനവിദ്യാഭ്യാസം അത്യാവശ്യമായിരിക്കുന്നു. അതോടൊപ്പം തന്നെ വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവെച്ച മാതൃഭാഷാ മാധ്യമത്തിനായുള്ള നിയമ പിൻബലവും ഉറപ്പാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈയൊരവസ്ഥയ്ക്ക് മാറ്റം വരുത്താനാവൂ.

ഒന്നാംതരത്തിന്റെ താഴോട്ടുള്ള വലിച്ചുനീട്ടലായാണ് പലരും പ്രീപ്രൈമറികളെ കാണുന്നത്. ഈ അപകടമാണ് കുഞ്ഞുങ്ങളെ പ്രാ

യമാകുന്നതിനു മുമ്പേ തന്നെ ഔപചാരിക വിദ്യാഭ്യാസരീതികളിലേക്ക് തള്ളിവിടുന്നതിന് പ്രേരിപ്പിക്കുന്നത്. പ്രീസ്കൂളുകൾക്ക് സ്വന്തമായ നിലനില്പും പ്രത്യേകതകളുമുണ്ട്. അത് ഒന്നാംതരത്തിലേക്കുള്ള ചവിട്ടുപടി മാത്രമല്ല. തലച്ചോറിന്റെ വികാസം സംബന്ധിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ കുഞ്ഞുങ്ങളുടെ ബഹുമുഖമായ ബുദ്ധിയെ പരിപോഷിപ്പിക്കാനുള്ള പ്രാരംഭ നിക്ഷേപങ്ങൾ സ്വാഭാവികമായ രീതിയിൽ നടക്കേണ്ട കാലമാണിത്. സ്ഥൂല–സൂക്ഷ്മ പേശീചലനങ്ങൾ, വൈകാരികവും സാമൂഹികവുമായ വികാസം, ഭാഷാപരവും വൈജ്ഞാനികവുമായ വികാസം, സർഗാത്മകതയുടെ ഇളം നാമ്പുകളെ വളർത്തി വലുതാക്കൽ എന്നിങ്ങനെ വിവിധ വികാസമേഖലകളെ പരിപോഷിപ്പിക്കാനുതകുന്ന വിവിധ പ്രായക്കാർക്കുള്ള അയവേറിയ ഒരു പ്രവർത്തന പദ്ധതിയാണ് പ്രീസ്കൂളുകളിൽ വേണ്ടത്. അവിടെ വാതിൽപുറ അനുഭവങ്ങളും സാമൂഹികമായ അനുഭവങ്ങളും കൂടി ഒരുക്കാനാകണം. 3 മുതൽ 6 വരെ പ്രായക്കാർ മുഴുവനും പൊതു പ്രീസ്കൂൾ സംവിധാനത്തിനു കീഴിൽ വരണം. ഏറ്റവും നിർണായകമായ ഈ കാലഘട്ടത്തെ അശാസ്ത്രീയമായ ഇടപെടലുകളിലേക്ക് വലിച്ചെറിഞ്ഞുകൊടുക്കരുത്.

**കളിയോ ഔപചാരിക പഠനമോ?**

ശിശുവിഹാരകേന്ദ്രങ്ങളായ പ്രീസ്കൂളുകളിൽ കുഞ്ഞുങ്ങൾ പലതും സ്വായത്തമാക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഇതിന്റെ രീതി എന്താവണം? പലരും ധരിക്കുന്നത് സ്കൂളിലേതുപോലെ പല കാര്യങ്ങളും അവരെ ഔപചാരികമായി പഠിപ്പിക്കേണ്ടതുണ്ട് എന്നാണ്. എഴുത്തും വായനയും കണക്കും പൊതുവിജ്ഞാനവുമൊക്കെ നേരത്തെ പഠിച്ചു തുടങ്ങിയാൽ അവർ സ്കൂൾ പഠനത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കുമെന്ന് പല രക്ഷിതാക്കളും കരുതുന്നു. വെറുതേ 'കളിച്ച് സമയം പാഴാക്കാതെ' എന്തുകൊണ്ട് കുട്ടികളെ പഠിപ്പിച്ചുകൂടാ എന്നാണ് അവരുടെ ചോദ്യം. പല പ്രീപ്രൈമറി അധ്യാപകരും അങ്കണവാടി വർക്കർമാരും ഇക്കൂട്ടരുടെ സമ്മർദ്ദം അനുഭവിക്കുന്നുണ്ട്. ശാസ്ത്രീയമല്ലെന്ന് അറിയാമെങ്കിലും പലപ്പോഴും ഇത്തരം രക്ഷിതാക്കളുടെ ഇംഗിതങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ അവർ നിർബന്ധിതരാവുന്നു. 'എ ഫോർ ആപ്പിൾ' പോലെ മലയാളം അക്ഷരമാലയും പ്രീസ്കൂൾ ക്ലാസ്മുറിയിലെത്തുന്നത് ഇങ്ങനെയാണ്. എന്നാൽ ഈ പ്രായത്തിലുള്ള ഔപചാരിക പഠനം തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലുള്ള ഏർപ്പാടാണ്. കുഞ്ഞിന്റെ തലച്ചോറും മനസ്സും ചിന്താശേഷിയും ഔപചാരിക പഠനത്തിന് പാകമായിട്ടില്ല. സൂക്ഷ്മപേശികളുടെ വികാസം നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അതിനാൽ എഴുത്ത് ആരംഭിക്കാറായിട്ടില്ല. ചിത്രവായനയുടെ അനുഭവം വേണ്ടത്ര ലഭിച്ച ശേഷമേ ലിപിവായന തുടങ്ങാനാവൂ. അതും പരിമിതമായേ നടന്നു കാണൂ.

ഗണിതത്തിലേക്ക് കടക്കണമെങ്കിൽ വസ്തുക്കളുടെ അനേകം സവിശേഷതകളെക്കുറിച്ച് അറിഞ്ഞു തുടങ്ങണം. സവിശേഷതയനുസരിച്ച് അവയെ കൂട്ടങ്ങളാക്കാൻ കഴിയണം. അടുത്ത്/ അകലെ, മുകളിൽ/താഴെ, നീളം കൂടിയത്/നീളം കുറഞ്ഞത് എന്നിങ്ങനെ എത്രയോ ധാരണകൾ അനുഭവങ്ങളിലൂടെ രൂപപ്പെടണം. ഇതൊന്നും കൂടാതെ കുട്ടിയെക്കൊണ്ട് എണ്ണിക്കുന്നതും കൂട്ടാനും കുറയ്ക്കാനും മറ്റും നിർബന്ധിക്കുന്നതും പഠനഭാരത്തിനും അടിത്തറ ദുർബലമാകുന്നതിനും കാരണമാകും. ഇത് പല കുഞ്ഞുങ്ങളെയും കടുത്ത മാനസിക സമ്മർദ്ദത്തിലേക്കും പരാജയബോധത്തിലേക്കുമാവും നയിക്കുക.

ഇത്തരം മുന്നനുഭവങ്ങൾ ആവശ്യമെങ്കിൽ അതെങ്ങനെ നൽകണം എന്നതാവും അടുത്ത ചോദ്യം. കുഞ്ഞുങ്ങൾ സാധാരണ ഏർപ്പെടുന്ന കളികളിൽ ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ സ്വാഭാവികമായും കടന്നു വരുന്നുണ്ടെന്ന് അല്പം നിരീക്ഷിച്ചാലറിയാം. മണ്ണപ്പം ചുട്ടും വീടുകെട്ടിയും ചോറും കറിയുമുണ്ടാക്കിയും കളിച്ചിരുന്ന കാലത്ത് ഇത്തരം പ്രവർത്തനങ്ങളിലൂടെ സൂക്ഷ്മപേശികളുടെ വികാസം അനായാസം നടക്കുമായിരുന്നു. വസ്തുക്കളുപയോഗിച്ച് കളിക്കുമ്പോൾ ഗണിതവുമായി ബന്ധപ്പെട്ട നിരവധി പ്രാഗ്ശേഷികളും സ്വാഭാവികമായി രൂപപ്പെടുന്നുണ്ട് എന്ന് കാണാനാവും. കളികളുടെ ഭാഗമായി നടക്കുന്ന സംഭാഷണങ്ങളിലെല്ലാം ശ്രവണ –ഭാഷണ പരിശീലനം നടക്കുന്നുണ്ട്. മാത്രവുമല്ല ഈ രേഖയിൽ തന്നെ വിശദമാക്കിയ വിവിധങ്ങളായ മാതൃകകൾ ശാസ്ത്രീയമായ പ്രീസ്കൂൾ എങ്ങനെയാകണം എന്നതിന് തെളിച്ചം നൽകുന്നുണ്ട്. നമ്മുടെ നാട്ടിലും ഇത്തരം നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം നമുക്ക് മുന്നോട്ടുള്ള പാത എന്താകണം എന്നതിന്റെ സൂചനകൾ നൽകുന്നുണ്ട്.

പ്രീസ്കൂൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദേശങ്ങൾ ശാസ്ത്ര സാഹിത്യപരിഷത്ത് മുന്നോട്ട് വച്ചിരുന്നു. പരിഷത്ത് നിയോഗിച്ച അശോക് മിത്ര കമ്മീഷൻ ഇത് സംബന്ധിച്ച് സുവ്യക്തമായ നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഇനിയും ഈ രംഗത്ത് ബഹുദൂരം നമുക്ക് മുന്നോട്ട് പോകാനുണ്ട്. അതിന് സഹായകമായ ചില നിർദേശങ്ങൾ കൂടി ജനങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

## മുന്നോട്ടുള്ള പാത

കേരളത്തിലെ ആവാസവ്യവസ്ഥ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് ഭിന്നമാണ്. അതുകൂടി പരിഗണിച്ചുവേണം കേരളത്തിലെ പ്രീസ്കൂളിംഗ് സംവിധാനങ്ങളെക്കുറിച്ചുള്ള ആലോചനകൾ നടക്കേണ്ടത്.

- സ്കൂൾ പ്രായത്തിനു മുമ്പ് (ആറു വയസ്സു വരെ) മുഴുവൻ കുട്ടികൾക്കും അവരുടെ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക

വികാസത്തിന് അനുഗുണമായ മികച്ച അനുഭവങ്ങൾ പ്രദാനം ചെയ്യുക. അതിനായുള്ള മികവാർന്ന സൗകര്യങ്ങൾ കുട്ടികളുടെ ആവാസഇടങ്ങളിൽ തന്നെ ഒരുക്കുക. ഇതിനെല്ലാം കഴിയും വിധം അങ്കണവാടികളടക്കമുള്ളവയുടെ ഭൗതിക പരിസരവും അക്കാദമിക പരിസരവും വിനിമയ രീതികളും ശക്തിപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

- 3–6 പ്രായത്തിലുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നവിധം പ്രീസ്കൂൾ വിദ്യാഭ്യാസം സാർവത്രികവും സൗജന്യവും നിയമപരവും ആക്കുക.
- കുട്ടികളുടെ പ്രായവും പ്രകൃതവും ഉൾക്കൊണ്ടുകൊണ്ട്, ഓരോ പ്രദേശത്തെയും സാംസ്കാരിക സവിശേഷതകൾ കൂടി ഉൾക്കൊള്ളുന്ന അയവേറിയതും എന്നാൽ പൊതുവായതുമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കുക. സംസ്ഥാനത്തെ പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടികളെ അഭിമുഖീകരിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും ഇങ്ങനെ തയ്യാറാക്കിയ കരിക്കുലം ചട്ടക്കൂട് നടപ്പാക്കുന്നു എന്ന് ഉറപ്പാക്കുക. ഈയൊരു സാഹചര്യത്തിൽ ശാസ്ത്രീയമായ ശിശു പരിചരണ കേന്ദ്രങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ ആലോചനകളും നടക്കേണ്ടതുണ്ട്. ആയതിനാൽ ഇത്തരം ആലോചനാഘട്ടങ്ങളിൽ ഈ പ്രായത്തിലുള്ള കുട്ടികളുടെ ചുവടെ കൊടുത്ത സവിശേഷതകളും പരിഗണിക്കപ്പെടണം.
- പ്രവർത്തനനിരതരാകുക എന്നതും അന്വേഷണോന്മുഖരാകുക എന്നതും കുഞ്ഞുങ്ങളുടെ സ്വാഭാവിക പ്രകൃതമാണ്.
- കളികളിൽ ഏർപ്പെടുക എന്നത് കുട്ടികളുടെ സഹജഭാവമാണ്.
- കളികളിൽ ഏർപ്പെടുമ്പോഴാണ് കുഞ്ഞുങ്ങൾ സ്വാഭാവികരീതിയിലും ഫലപ്രദമായ തോതിലും കാര്യങ്ങൾ ഉൾക്കൊള്ളുക.
- ഈ പ്രായഘട്ടത്തിൽ കളികളിൽ കൂടിയാണ് കുട്ടികൾ ഓരോന്നും മനസ്സിലാക്കുകയും സ്വാംശീകരിക്കുകയും അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നത്. അതുകൊണ്ട് തന്നെ കളി അനുഭവങ്ങൾ ബോധനതന്ത്രമായി പ്രയോജനപ്പെടുത്തണം. ആനന്ദകരമായ കളിരീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങളെയാണ് ഈ ഘട്ടത്തിൽ പ്രോത്സാഹിപ്പിക്കേണ്ടത്.
- അനുഭവാധിഷ്ഠിതമായിരിക്കണം വിനിമയരീതി. കുട്ടികളുടെ വിവിധങ്ങളായ വികസനാവശ്യകതകളെ പരിഗണിച്ച് അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്തുവാനുതകുന്ന തന്ത്രങ്ങളാണ് ആവിഷ്കരിക്കേണ്ടത്.
- കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഒരുക്കേണ്ടത്. പഠനപരിസരം കെട്ടിടങ്ങൾക്കകത്തായി മാത്രം പരിമിതപ്പെടുത്തരുത്. കളികൾ, പാട്ട്, കഥ, അഭിനയം, നിർമാണപ്രവർത്തനങ്ങൾ, ചിത്രീകരണം, സൂക്ഷ്മനിരീക്ഷ

ണത്തിനുള്ള അവസരങ്ങൾ, കണ്ട കാര്യങ്ങളെ സ്വതന്ത്രമായി ആവിഷ്കരിക്കാനുള്ള അവസരം തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള അവസരങ്ങൾ ഒരുക്കണം. മുതിർന്നവരുടെ നിയന്ത്രണങ്ങൾ കുഞ്ഞുങ്ങളുടെ സ്വാഭാവിക അന്വേഷണത്തെ തടസ്സപ്പെടുത്തും. ഈ ധാരണ രക്ഷിതാക്കളെയും മുതിർന്നവരെയും ബോധ്യപ്പെടുത്താനുള്ള രക്ഷാകർതൃ വിദ്യാഭ്യാസം ഒരു തുടർപ്രവർത്തനമായി മാറണം.

- കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് കുഞ്ഞുങ്ങൾക്ക് ഈ പ്രായത്തിൽ എവിടെയായാലും ലഭിക്കേണ്ടത്. ഈ ധാരണ അധ്യാപകർക്ക്/പ്രവർത്തകർക്ക് ഉണ്ടാകണം.
- കുഞ്ഞുങ്ങളുടെ ജീവിതപരിസരങ്ങളിലെ സംസ്കാരവും ഭാഷയും അവർക്ക് ധാരാളം ജീവിതാനുഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. ഇത് പ്രോത്സാഹിപ്പിക്കപ്പെടണം.
- കുഞ്ഞുങ്ങൾക്ക് ഉൾക്കൊള്ളാനാകാത്ത കാര്യങ്ങൾ യാന്ത്രികമായി പഠിപ്പിക്കാനുള്ള ശ്രമങ്ങൾ നിരുത്സാഹപ്പെടുത്തണം.
- യാന്ത്രികമായ പരീക്ഷകൾ കുട്ടികളുടെ താത്പര്യത്തെയും ഉത്സാഹത്തെയും ദോഷകരമായി ബാധിക്കും. ഈ പ്രായഘട്ടത്തിൽ ഏതെങ്കിലും തരത്തിലുള്ള പരീക്ഷകൾ നടത്തുന്നത് ഒഴിവാക്കണം.
- കുട്ടികളുടെ ശാരീരികം, മാനസികം, വൈകാരികം, സാമൂഹികം തുടങ്ങിയ വികാസമേഖല പരിഗണിക്കുന്നതും കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും ഉതകുന്നതുമായ പഠനരീതികളും പഠനതന്ത്രങ്ങളും അവലംബിക്കുന്നു എന്ന് ഉറപ്പാക്കണം.
- അങ്കണവാടി/പ്രീസ്കൂൾ കേന്ദ്രങ്ങൾ പൂർണമായും ശിശുസൗഹൃദമായ തലത്തിലേക്ക് പരിവർത്തിപ്പിക്കേണ്ടതുണ്ട്.
- വ്യത്യസ്തമായ രീതിയിൽ വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീസ്കൂൾ സംവിധാനങ്ങളെ ഒരു കുടക്കീഴിലാക്കി ശാസ്ത്രീയമായ ശിശുപരിചരണവും ശ്രദ്ധയും നൽകാൻ ഇനിയും വൈകിക്കൂടാ. അങ്കണവാടി, പ്രീസ്കൂൾ എന്ന വ്യത്യാസമില്ലാതെ എല്ലാ കുഞ്ഞുങ്ങൾക്കും പോഷകാഹാരവും രോഗപ്രതിരോധ സൗകര്യങ്ങളും ശാരീരിക-മാനസിക പരിമിതികൾ കണ്ടെത്താനുള്ള മാർഗങ്ങളും ഉണ്ടാവണം. 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള മുഴുവൻ കുട്ടികളെയും അങ്കണവാടികളിൽ എത്തിക്കുന്നതാവും ഉചിതം. ഇതിനനുയോജ്യമായ രീതിയിൽ അങ്കണവാടികളെ എല്ലാ അർത്ഥത്തിലും പരിഷ്കരിക്കണം.
- ഈ പ്രായത്തിന്റെ അവസാനഘട്ടത്തിൽ സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീസ്കൂളുകളിലായിരിക്കണം ഒരു വർഷം കുഞ്ഞുങ്ങൾ കഴിയേണ്ടത്. ഇവിടെയും പ്രായത്തിനനുസരിച്ചുള്ള കളിയനുഭവങ്ങളാണ് ഒരുക്കേണ്ടത്. അതിലൂടെ ഔപചാരിക പഠനത്തി

ന് കുഞ്ഞ് സ്വമേധയാ സന്നദ്ധയാവുന്ന സ്ഥിതിയുണ്ടാവണം.

- കേരളത്തിലെ അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ പ്രീ സ്കൂളുകളിലും സർക്കാർ നിശ്ചയിക്കുന്നതും കുഞ്ഞുങ്ങളുടെ പ്രായത്തിനും പ്രകൃതത്തിനും ഇണങ്ങുന്നതും മനഃശാസ്ത്രപരവുമായ പ്രവർത്തന പദ്ധതിയും അനുബന്ധ സാമഗ്രികളും മാത്രമേ ഉപയോഗിക്കാവൂ. കച്ചവടതാത്പര്യക്കാരുടെ പാഠപുസ്തകങ്ങളോ വർക്ക്ബുക്കുകളോ പാടില്ല എന്ന് നിഷ്കർഷിക്കണം.
- മുഴുവൻ പ്രീസ്കൂളുകളിലും വിനിമയഭാഷ മാതൃഭാഷയായിരിക്കണം. അതിൽതന്നെ പ്രാദേശികഭാഷകൾക്ക് മുന്തിയ പരിഗണന നൽകുകയും വേണം. ആദിവാസിക്കുഞ്ഞുങ്ങൾക്ക് അവരുടെ ഗൃഹഭാഷയിൽ പഠിക്കാനാവണം.
- 20 കുഞ്ഞുങ്ങൾക്ക് ഒരു ടീച്ചർ, ഒരു ആയ എന്നതായിരിക്കണം അനുപാതം. ടീച്ചർക്ക് എൻ.സി.ടി.ഇ. നിർദേശിക്കുന്ന യോഗ്യത ഉണ്ടായിരിക്കണം. ആയയ്ക്ക് പത്താംക്ലാസ് യോഗ്യതയും പ്രത്യേക പരിശീലനവും വേണം. നിലവിലുള്ളവരെ നിലനിർത്തി യോഗ്യത കുറഞ്ഞവർക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ യോഗ്യതനേടാൻ സൗകര്യമൊരുക്കാവുന്നതാണ്.
- അങ്കണവാടി അധ്യാപികയ്ക്ക് ധാരാളം ഉത്തരവാദിത്തങ്ങൾ നൽകിയിരിക്കുന്നതിനാൽ പ്രീസ്കൂളിംഗിന് വേണ്ടത്ര സമയം ലഭ്യമാകുന്നില്ല എന്നത് പരിമിതിയാണ്. ടീച്ചർ–കുട്ടി വിനിമയത്തിന് കൂടുതൽ സമയം ലഭ്യമാകുംവിധം അങ്കണവാടി വർക്കറുടെ ചുമതലകൾ പുനർനിശ്ചയിക്കേണ്ടത് അനിവാര്യമാണ്.
- സർക്കാർ, എയ്ഡഡ് പ്രീസ്കൂൾ നിയമനത്തിൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരണം, കൂടാതെ നിയമനരീതി സുതാര്യവുമാകണം.
- കുഞ്ഞുങ്ങൾക്ക് പലതരം കളിയനുഭവങ്ങൾ ലഭിക്കത്തക്കവിധം ചുരുങ്ങിയത് 600 ച.അടി വിസ്തീർണമുള്ള ക്ലാസ്മുറികൾ അനിവാര്യമാണ്. ശിശുസൗഹൃദവും ആരോഗ്യദായകവും സുരക്ഷിതവുമായിരിക്കണം ഇത്. വ്യത്യസ്ത സങ്കേതങ്ങളിലൂടെ കുട്ടികളുടെ വികാസ മേഖലകളെ പരിപോഷിപ്പിക്കാനുതകുന്ന 'കളിമൂലകൾ' ഒരുക്കണം. കളിയുപകരണങ്ങളും മറ്റും സൂക്ഷിക്കാനുള്ള സൗകര്യങ്ങളും വേണം.
- വൃത്തിയും ശുചിത്വവും ശിശുസൗഹൃദവുമായ ടോയ്‌ലറ്റുകൾ, പാചകമുറി, സ്റ്റോർമുറി എന്നിവ നിർബന്ധമാക്കണം.
- ഫർണിച്ചറുകൾ, റാക്കുകൾ, ഡിസ്പ്ലേബോർഡുകൾ എന്നിവയെല്ലാം കുഞ്ഞുങ്ങൾക്ക് യോജിച്ചവയും യഥേഷ്ടം ഉപയോഗിക്കാനും മാറ്റാനും കഴിയുന്ന തരത്തിലുള്ളവയുമാവണം.
- വിവിധ വികാസമേഖലകളുടെ പുരോഗതി നിരീക്ഷിച്ച് കുട്ടികൾ നടത്തുന്ന കളി പ്രവർത്തനങ്ങളിലൂടെയും അവരുണ്ടാക്കുന്ന ഉല്പ

ന്നങ്ങളിലൂടെയുമായിരിക്കണം കുഞ്ഞുങ്ങളെ വിലയിരുത്തേണ്ടത്.

- രക്ഷിതാക്കളുമായി കുഞ്ഞുങ്ങളുടെ കളിപ്രവർത്തന പുരോഗതി ചർച്ചചെയ്യാൻ എല്ലാ മാസവും അവസരമൊരുക്കണം. കൂടാതെ കുഞ്ഞുങ്ങളുടെ പഠനോല്പന്നങ്ങൾ ദിവസവും കാണാനും ടീച്ചറുമായി ഇടയ്ക്കിടെ അവയെക്കുറിച്ച് ചർച്ചചെയ്യാനുമുള്ള സംവിധാനം ഉണ്ടായിരിക്കണം.
- ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ നേരത്തെ കണ്ടെത്താനും വിദഗ്ധരുമായി ചർച്ചചെയ്ത് ഉചിതമായ പരിഹാരനടപടികൾ സ്വീകരിക്കാനുമാവണം.
- അങ്കണവാടികൾ ഉൾപ്പെടെയുള്ള പ്രീസ്കൂൾ പരിസരം ജൈവവേലി ഉപയോഗിച്ച് സുരക്ഷിതമാക്കാവുന്നതാണ്. പ്രകൃതിപഠനത്തിനുപകരിക്കുന്ന തരത്തിൽ വികസിപ്പിച്ച പരിസരമാണ് വേണ്ടത്. വാതിൽപുറ കളിയുപകരണങ്ങളും സുരക്ഷിതമായ രീതിയിൽ വിന്യസിച്ചിരിക്കണം.
- നിശ്ചിത ഇടവേളകളിൽ ആരോഗ്യവകുപ്പിന്റെ സേവനം എല്ലാ പ്രീസ്കൂൾ സംവിധാനങ്ങളിലും ലഭ്യമായിരിക്കണം. വ്യക്തിഗത ആരോഗ്യ കാർഡുകൾ ഉണ്ടായിരിക്കണം.
- പ്രീസ്കൂളുകളിലെ അധ്യാപിക/ആയമാർക്ക് ഇൻസർവീസ് കോഴ്സുകൾ ചിട്ടയായി നൽകണം.
- തദ്ദേശഭരണ സ്ഥാപനതലത്തിൽ ക്ലസ്റ്റർ മീറ്റിംഗുകൾക്കും അനുഭവവിശകലനങ്ങൾക്കും കൃത്യമായ സംവിധാനങ്ങളും മേൽനോട്ടവും വേണം.
- അയൽപക്കങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, കലാസമിതികൾ, ലൈബ്രറികൾ, സീനിയർ സിറ്റിസൺസ് ഫോറം തുടങ്ങിയവയെ ശിശുവിദ്യാഭ്യാസ മേഖലയുമായി ബന്ധിപ്പിച്ച് സർഗാത്മകമായ അനുഭവങ്ങളൊരുക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം.
- കുഞ്ഞുങ്ങളുടെ ഭാവി തീരുമാനിക്കുന്നതിൽ നിർണായകമായ ഈ ഘട്ടത്തെക്കുറിച്ച് സമൂഹത്തിലും രക്ഷിതാക്കളിലും വികലമായ ധാരണകളാണ് നിലനിൽക്കുന്നത്. ഇത് മാറ്റിയെടുത്ത് ശാസ്ത്രീയമായ ശിശുപരിചരണ രീതികളുടെ പ്രസക്തി ബോധ്യപ്പെടുത്തുവാൻ വലിയതോതിലുള്ള ബോധവൽകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
- പ്രീസ്കൂളിംഗ് എന്നത് കുട്ടികളുടെ അവകാശമായി മാറണം. ഏറ്റവും മികച്ച ശിശുവിഹാരകേന്ദ്രങ്ങൾ ആയി അങ്കണവാടികൾ അടക്കമുള്ള പ്രീസ്കൂളിംഗ് സംവിധാനങ്ങളെ മാറ്റി എടുക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ അവരിൽ അർപ്പിതമായ കടമ നിറവേറ്റാൻ മുന്നോട്ടുവരണം. പ്രീസ്കൂളിംഗ് സംവിധാനങ്ങളിൽ മികച്ച ഭൗതിക അക്കാദമിക

പരിസരം വികസിപ്പിക്കണം. ഇതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാതൃകയിൽ ജനപങ്കാളിത്തത്തോടെ പ്രീസ്കൂൾ/അങ്കണവാടി പരിപോഷണയജ്ഞം എന്ന നിലയിൽ ജനകീയയജ്ഞം ഗൗരവമായി പരിഗണിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ അകമഴിഞ്ഞ സഹകരണത്തോടെ പ്രീസ്കൂൾ പ്രായക്കാരുടെ സംരക്ഷണവും പരിചരണവും ഏറ്റവും പ്രധാന അജണ്ടയായി മാറണം.

- പ്രീസ്കൂൾ പ്രവർത്തനങ്ങൾ ശാസ്ത്രീയവും ഏകീകൃതവുമാക്കാൻ ലക്ഷ്യമിട്ടുള്ള പ്രീസ്കൂൾനയത്തിന് ഇനിയും അമാന്തിച്ചു കൂടാ. ഒപ്പം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാർഗരേഖയും അധ്യാപകസഹായിയും സംസ്ഥാനതലത്തിൽ തയ്യാറാക്കി നൽകാം.
- പ്രാദേശികതലത്തിൽ പ്രീസ്കൂളുകളുടെ പൂർണചുമതല പ്രാദേശിക സർക്കാരുകൾ നിർവഹിക്കണം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയും അതിനു കീഴിൽ പ്രീസ്കൂൾ സമിതിയും ഉണ്ടാവണം. ഇതിൽ പ്രീസ്കൂൾ വിദഗ്ധർ, ആരോഗ്യ പ്രവർത്തകർ, സ്പെഷലിസ്റ്റ് എജ്യുക്കേറ്റർ തുടങ്ങിയവർ ഉണ്ടാവണം.
- വിവിധ ഏജൻസികൾ പ്രീസ്കൂളുകൾ നടത്തുന്നു. എവിടെ എൻറോൾ ചെയ്താലും കുട്ടികൾക്ക് തുല്യമായ പരിചരണവും സേവനവും ലഭ്യമാക്കണം. ഇതുറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾ/ ഡിപ്പാർട്ട്മെന്റുകൾ പങ്കാളികളാകുന്ന ഒരു റെഗുലേറ്ററി സംവിധാനത്തെക്കുറിച്ച് ആലോചിക്കണം.

മേൽ സൂചിപ്പിച്ച രീതിയിൽ കേരളത്തിലെ പ്രീസ്കൂൾ മേഖലയിൽ വലിയതോതിലുള്ള ബഹുജന ബോധവൽകരണ പ്രവർത്തനങ്ങൾ ഒരുക്കേണ്ടതുണ്ട്. അക്കാദമിക ഭൗതിക മേഖലകളിൽ ശാസ്ത്രീയവും സമഗ്രവുമായ പുനഃസംഘാടനവും അതിന് നിയമപരിരക്ഷയും ഉണ്ടാവേണ്ടതുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രീസ്കൂൾ സംബന്ധിച്ച ബില്ല് രൂപപ്പെടുത്തുകയും അത് വ്യാപകമായ ചർച്ചകളിലൂടെ എത്രയും വേഗം നിയമമാക്കുകയും വേണം. ഈ നിയമ നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമേ പ്രീസ്കൂളുകൾക്ക് അംഗീകാരം നൽകാവൂ. ഇളംപ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ ത്വരിതഗതിയിലുള്ള മസ്തിഷ്കവളർച്ച കണക്കിലെടുക്കുമ്പോൾ പ്രീസ്കൂൾ മേഖലയെ നവീകരിക്കാനും ആകർഷകമാക്കാനും ആനന്ദകരമായ കളിയനുഭവങ്ങളിലൂടെ കുഞ്ഞുങ്ങളെ നിർഭയരും സ്വതന്ത്രരും അന്വേഷണ കുതുകികളുമാക്കി മാറ്റാനും കാണിക്കുന്ന അലംഭാവത്തിന് ഭാവിയിൽ നാം വലിയവില നൽകേണ്ടിവരും. ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിടുന്ന ഈ ഘട്ടത്തിലെങ്കിലും സർക്കാരുകൾ ഇത്തരമൊരു പരിവർത്തനത്തിന് നേതൃത്വം നൽകേണ്ടതുണ്ട്.

ഡോ.സി രാമകൃഷ്ണൻ

# ഭാവികേരളത്തിനാവണം
# പാഠ്യപദ്ധതി പരിഷ്ക്കരണം

ഡോ.സി രാമകൃഷ്ണൻ

## ആമുഖം

സ്കൂൾവിദ്യാഭ്യാസം ഒരിക്കൽ കൂടി സമൂഹത്തിന്റെ സജീവ പരിഗണനയിലേക്ക് വന്നിരിക്കുന്നു. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ സംവാദങ്ങളും വിവാദങ്ങളും നടക്കുന്നത്. വിദ്യാഭ്യാസം പ്രത്യേകിച്ചും സ്കൂൾവിദ്യാഭ്യാസം എക്കാലത്തും കേരളീയരുടെ വൈകാരിക സമസ്യയാണ്. അതുകൊണ്ട് തന്നെ ഈ രംഗത്തു നടക്കുന്ന സംവാദങ്ങളും വിവാദങ്ങളും നമുക്ക് പുതിയ ഒരനുഭവമല്ല. എന്നാൽ ഇപ്പോൾ നടക്കുന്ന ചർച്ചകളിൽ ചിലരെങ്കിലും കേരള പാഠ്യപദ്ധതി പരിഷ്കരണത്തെ ഭയപ്പാടോടെ കാണുന്നുണ്ടോ എന്ന് അവരുടെ പ്രതികരണങ്ങൾ കേൾക്കുമ്പോൾ സംശയിക്കുന്നു. സംവാദങ്ങളും വിവാദങ്ങളും തുടർന്നോട്ടെ, പക്ഷെ ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണം പുതിയൊരു കേരളം മുന്നിൽ കണ്ടുകൊണ്ടുള്ളതാകണം.

വളരെ ശക്തമായ പൊതുവിദ്യാഭ്യാസ സംവിധാനമാണ് നമുക്കുള്ളത്. 80%ത്തിൽ കൂടുതൽ വീടുകളുമായി നേരിട്ടോ അല്ലാതെയോ പൊതുവിദ്യാഭ്യാസ സംവിധാനത്തിന് ബന്ധമുണ്ട്. കേരളത്തിലെ ഏതാണ്ടെല്ലാ പ്രദേശങ്ങളിലും പൊതുവിദ്യാലയങ്ങളുണ്ട്. അതിബൃഹത്തായതും പരസ്പരം കണ്ണി ചേർത്തതുമായ ശൃംഖലാജാലം എന്ന നിലയിൽ നാട്ടിൽ വ്യാപിച്ചുകിടക്കുന്ന ഒന്നാണ് പൊതുവിദ്യാലയങ്ങൾ. 2020–21 കണക്ക പ്രകാരം സംസ്ഥാനത്ത് ആകെ 12986 വിദ്യാലയങ്ങളുണ്ട്. ഇതിൽ 4697 (36.17%) സർക്കാർവിദ്യാലയങ്ങളാണ്. 7214 (55.55%) എയ്ഡഡ് വിദ്യാലയങ്ങളും, 1075 (8.28%) അൺ എയ്ഡഡ് വിദ്യാലയങ്ങളുമാണ്. എയ്ഡഡ് വിദ്യാ

ലയങ്ങൾ സ്കൂൾവിദ്യാഭ്യാസ ഘടനയിൽ നിർണായക കണ്ണിയാണ്. ആകെയുള്ള വിദ്യാലയങ്ങളിൽ 2077 എണ്ണം ഹയർസെക്കന്ററി വിഭാഗമുള്ളവയാണ്. 389 എണ്ണം വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗമുള്ളവയും.

നവകേരളത്തെ സംബന്ധിച്ച് വിവിധങ്ങളായ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ഉയർന്നു വരുന്നുണ്ട്. ജനാധിപത്യ മതനിരപേക്ഷ അവബോധം ജീവിതബോധമാക്കുന്ന ഒരു സമൂഹമാകണം അത് എന്ന് കരുതുന്നവരുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും വിതരണനീതി ഉറപ്പാക്കുന്നതുമായ സമൂഹമാകണം നവവകേരള സമൂഹം എന്ന് പ്രതീക്ഷിക്കുന്നവരുണ്ട്. നാം അധിവസിക്കുന്ന പ്രകൃതിയെ മാനിക്കുന്നതും ഭാവിതലമുറയ്ക്ക് കൂടി ഇവിടെ ജീവിക്കേണ്ടതുണ്ട് എന്ന ബോധ്യത്തോടെ പ്രകൃതിയിൽ ഇടപെടുന്നതുമായ സമൂഹമാകണം എന്ന് ഉറച്ചുവിശ്വസിക്കുന്നവരുണ്ട്. എല്ലാവരുടെയും ജീവിതഗുണതാ വർധനവ് ലക്ഷ്യംവച്ചുകൊണ്ടുള്ള സാമൂഹിക വികസനമാകണം നവകേരളം വിഭാവനം ചെയ്യേണ്ടത് എന്ന് കരുതുന്നവരുണ്ട്. അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചിതമായി ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും അധിഷ്ഠിതമാകണം നവകേരളം എന്ന് പ്രതീക്ഷിക്കുന്നവരുണ്ട്. വിതരണനീതി ഉറപ്പാക്കുന്നതോടൊപ്പം ലിംഗനീതി, ലിംഗസമത്വം എന്നിവ അംഗീകരിക്കുന്നതും സ്ഥിതിസമത്വം ഉറപ്പാക്കുന്നതുമാകും നവകേരളം എന്ന് കരുതുന്നവരുണ്ട്. ഇതെല്ലാം ചേർന്നതാകണം എന്ന് ചിന്തിക്കുന്നവരുമുണ്ട്. ഏതുമായ്ക്കോട്ടെ, ഇത്തരം കാര്യങ്ങളിൽ സ്കൂൾവിദ്യാഭ്യാസം എന്ത് പങ്കുവഹിക്കണം എന്ന ആഴത്തിലുള്ള ആലോചനകൾ അനിവാര്യമാണ്. മാത്രവുമല്ല ഈ നിലപാട് സാർത്ഥകമാക്കുന്നതിനാവശ്യമായ പ്രായോഗിക രൂപങ്ങൾ സമൂഹത്തിന്റെ കൂടി പങ്കാളിത്തത്തോടെ വികസിപ്പിക്കേണ്ട ഒരു അനിവാര്യത സാമൂഹികമായുണ്ട്. അതിനെല്ലാമാകണം മുൻഗണന. അതുകൊണ്ടു തന്നെ യഥാർത്ഥ പ്രശ്നങ്ങളെ തമസ്കരിക്കാനും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനും ഉണ്ടാക്കുന്ന വിവാദങ്ങളും തർക്കങ്ങളും അതിൽ അന്തർലീനമായ പുരോഗമന വിരുദ്ധതയും തിരിച്ചറിയുകയും സംവാദങ്ങളെ ക്രിയാത്മകമാക്കി മാറ്റിയെടുക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. സംവാദങ്ങളിൽ വിദ്യാഭ്യാസം എന്താണ്, എന്തിനാണ് എന്ന ചോദ്യം സ്വാഭാവികമായും ഉയർന്നുവരും.

വിമോചനത്തിനുള്ള അഥവാ പരിവർത്തനത്തിനുള്ള ഉപാധിയാകണം വിദ്യാഭ്യാസം. ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അടിയുറച്ച നിലപാടെടുക്കുകയും, സഹവർത്തിത്വം, സഹകരണം,

പരസ്പരം അംഗീകരിക്കൽ, അറിവിന്റെ ലോകത്തിൽ അതിജീവന ത്തിനും ഉപജീവനത്തിനും വേണ്ടി കൂട്ടായും സ്വയമേവയും സജ്ജമാ ക്കൽ–ഇവയെല്ലാം വിദ്യാഭ്യാസംവഴി കഴിയണം. അതിനെല്ലാം കു ട്ടികളെ സജ്ജമാക്കുന്നതിന് സഹായകമായ പാഠ്യപദ്ധതിയാണ് വികസിക്കേണ്ടത്. നല്ല സാമൂഹിക പൗരരായി കുട്ടികളെ വളർത്തി യെടുക്കാനാകണം വിദ്യാഭ്യാസം.

## പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത് എങ്ങനെ?

വളരെ ജനാധിപത്യപരമായാകണം പാഠ്യപദ്ധതി രൂപപ്പെടുത്തേ ണ്ടത്. കുട്ടികളുടെ അഭിപ്രായങ്ങളെയടക്കം മുഖവിലയ്ക്കെടുക്കാ ൻ പാഠ്യപദ്ധതി രൂപീകരണവേളയിൽ കഴിയണം. പഠനത്തിന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ക്രമബദ്ധമായി ചിട്ട പ്പെടുത്തിയ രേഖയായി പാഠ്യപദ്ധതിയെ വ്യാഖ്യാനിക്കാം. അങ്ങനെ ചിട്ടപ്പെടുത്തുമ്പോൾ കുട്ടിയുടെ പ്രായം, പ്രകൃതം, പഠനപരിസരം, പഠ നാന്തരീക്ഷം, സ്കൂൾക്യാമ്പസ്, ക്ലാസ്മുറി പഠനപ്രവർത്തനങ്ങൾ, പഠനോപാധികൾ, വിനിമയരീതി, ബോധനസമ്പ്രദായം, അധ്യാപ കപരിശീലനങ്ങൾ, ലഭ്യമാകുന്ന പഠനസമയം തുടങ്ങി പല കാര്യ ങ്ങളും അതിന്റെ ഭാഗമാകണം.

എന്നാൽ പാഠ്യപദ്ധതി ചട്ടക്കൂട് കേവലമായി വികസിക്കുന്ന ഒന്നല്ല. അത് കേവലമായ ഒരു അക്കാദമിക രേഖയുമല്ല. അങ്ങനെ യെങ്കിൽ ലോകമെമ്പാടും ഒരു പാഠ്യപദ്ധതി മതിയാകുമല്ലോ. ലോ കത്തെവിടെയുമുള്ള കുട്ടികൾ അറിവ് ആർജിക്കുന്ന രീതി ഒന്നാണ്. കാരണം ഹോമോസാപ്പിയൻസ് എന്ന ജന്തുഗണത്തിൽ ഭൂമിയിലെ വിടെയുമുള്ള മനുഷ്യരും ഉൾപ്പെടുന്നു എന്നതുതന്നെ. പക്ഷെ പാഠ്യ പദ്ധതികൾ ലോകത്ത് പലതുണ്ട്. അങ്ങനെ വൈവിധ്യമാർന്ന പാ ഠ്യപദ്ധതിയുണ്ടാകാൻ പലവിധ കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം രാജ്യങ്ങളുടെ ഭരണഘടനയാണ്. ഓരോ രാജ്യത്തിന്റെയും ഭരണഘടനയ്ക്ക് അനുപൂരകമായ തലമുറകളെ വളർത്തിയെടുക്കുക എന്നതാണ് അതാത് രാജ്യങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കമ്പോളശക്തികൾക്ക് മേൽക്കൈയുള്ള ലോകസാഹചര്യമാ ണുള്ളത്. അതേസമയം മതത്തെയും ജാതിയെയും എന്തിനധികം ഭാഷയെത്തന്നെയും ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ഉപാധികളാക്കു ന്ന ഇന്ത്യൻ സാഹചര്യം ഒരു യാഥാർത്ഥ്യമാണ്. ഇതെല്ലാം മറി കടന്ന് വേണം നമ്മുടെ സംസ്ഥാനത്ത് ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും അടിത്തറയിൽ എല്ലാവരെയും ഉൾക്കൊ ള്ളുന്ന പുരോഗമന വിദ്യാഭ്യാസധാരയെ വളർത്തിക്കൊണ്ടുവരാനു

ള്ള കൂട്ടായ അന്വേഷണങ്ങളുമായി മുന്നോട്ടു പോകാൻ.

അറിവിന് നിർണായകമായ സ്വാധീനമുള്ള ലോകക്രമത്തിലാണ് കുട്ടി ജീവിക്കുന്നതും ജീവിക്കേണ്ടതും. അതിനാൽ അറിവാർജിക്കുക എന്നതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഭരണഘടനയോട് കൂറുപുലർത്തിക്കൊണ്ട് സന്തോഷത്തോടെയും ആനന്ദിച്ചും നിരന്തരം അറിവു നിർമിക്കുന്ന കുട്ടിയെയാവണം പാഠ്യപദ്ധതി വിഭാവനം ചെയ്യേണ്ടത്.

അത്തരം ഒരു പാഠ്യപദ്ധതി വികസിപ്പിക്കുമ്പോൾ അഭിമുഖീകരിക്കേണ്ട വിവിധ ഘടകങ്ങളുണ്ട്. അവയെ വിശാലാർത്ഥത്തിൽ സാമൂഹികം, രാഷ്ട്രീയം, അക്കാദമികം എന്നിങ്ങനെ വിശകലന സൗകര്യത്തിനായി വർഗീകരിക്കാം.

## സാമൂഹികമാനം

ലോകത്തിന്റെ സാമൂഹികരീതികൾ ഒന്നല്ല എന്നത് പ്രധാനപ്പെട്ട ഒരു പരിഗണനാ വിഷയമാണ്. സാമൂഹികനീതിയെക്കുറിച്ച് വ്യത്യസ്തമായ നിലപാടുകളാണ് വ്യത്യസ്ത രാഷ്ട്രങ്ങൾക്കുള്ളത്. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, കീഴ്‌വഴക്കങ്ങൾ, ജീവിതവീക്ഷണം, സാമൂഹികവീക്ഷണം, ലോകവീക്ഷണം, ഭാവിയെ ക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, നിലപാടുകൾ എന്നിവയിലെല്ലാം സ്ഥൂലതലത്തിലും സൂക്ഷ്മതലത്തിലും വൈവിധ്യങ്ങൾ ഉണ്ടാകും. ഓരോ രാജ്യവും അവിടങ്ങളിലെ ഭരണഘടനയ്ക്ക് വിധേയമാണ്. അതുകൊണ്ട് തന്നെ അതത് രാഷ്ട്ര ഭരണഘടനയെ മാനിക്കുന്ന, അതിന്റെ സത്തയെ ഉയർത്തിപ്പിടിക്കുന്ന തലമുറയെ വളർത്തിയെടുക്കുക എന്നതാണ് അതത് രാഷ്ട്രങ്ങൾ രൂപപ്പെടുത്തുന്ന പാഠ്യപദ്ധതികളുടെ സാമൂഹിക ധർമം. ഭരണഘടന എന്നത് ഓരോ രാഷ്ട്രത്തിന്റെയും ഭരണക്രമവുമായി ബന്ധിതമാണ്. ഭരണക്രമങ്ങൾ അതത് രാഷ്ട്രത്തിലെ രാഷ്ട്രീയവുമായി പ്രത്യക്ഷമായി ബന്ധിതവുമാണ്. അതുകൊണ്ടു തന്നെ പാഠ്യപദ്ധതിയും രാഷ്ട്രീയബന്ധിതമാണ്. നാട്ടിലെ രാഷ്ട്രീയ പ്രക്രിയകളിൽ നിന്ന് പാഠ്യപദ്ധതിക്ക് മാറിനിൽക്കാൻ കഴിയില്ല. ആയതിനാൽ പാഠ്യപദ്ധതിയെ രാഷ്ട്രീയവിമുക്തമാക്കുക എന്ന വാദം അർത്ഥശൂന്യമാണ്. പാഠ്യപദ്ധതിയെ രാഷ്ട്രീയമുക്തമാക്കുമെന്ന് പറയുന്നതു തന്നെ രാഷ്ട്രീയ കാപട്യമാണ് എന്ന് വ്യക്തം. ഈ പറച്ചിലിനും കൃത്യമായ രാഷ്ട്രീയമുണ്ട്. അത് കേവല സങ്കുചിതരാഷ്ട്രീയമാണ്. പുരോഗമനവിരുദ്ധ രാഷ്ട്രീയമാണ്.

## രാഷ്ട്രീയമാനം

രാഷ്ട്രീയമാനം വിശകലനം ചെയ്യുമ്പോൾ അത് കേവലം രാഷ്ട്ര

ത്തിനകത്തെ രാഷ്ട്രീയ പരിസ്ഥിതിയിൽമാത്രം ഒതുങ്ങണമെന്നില്ല. ഓരോ രാഷ്ട്രത്തിലെയും രാഷ്ട്രീയ പരിസ്ഥിതിയെ ബാധിക്കുന്ന ആഗോള നിലപാടുകളുണ്ട്. അവയോട് ഓരോ രാഷ്ട്രത്തിലെയും ഭരണകൂടം എങ്ങനെയാണ് സമീപിക്കുന്നത് എന്നതും പ്രധാനമാണ്. ഈ സമീപനം പ്രസ്തുത ഭരണകൂടം മുന്നോട്ടുവയ്ക്കുന്ന വിദ്യാഭ്യാസനയത്തിലും അന്തർലീനമായിരിക്കും. ഒരു രാഷ്ട്രത്തിന്റെ വിദ്യാഭ്യാസനയം രൂപപ്പെടുന്നത് പ്രസ്തുത ഭരണകൂടം രാഷ്ട്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ കൈക്കൊള്ളുന്ന നയങ്ങളുടെ ഭാഗമായിക്കൊണ്ടാണ്. അതിനാൽ വിദ്യാഭ്യാസനയരേഖ എന്നത് അതത് കാലങ്ങളിലെ ആ രാജ്യത്തിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള രാഷ്ട്രീയ രേഖയാണ്. പാഠ്യപദ്ധതി എന്നത് പ്രസ്തുത രേഖയുടെ അനിവാര്യവും അവിഭാജ്യവുമായ തുടർച്ചയുമാണ്. വിദ്യാഭ്യാസനയരേഖ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള രാഷ്ട്രീയ നിലപാട് ആയതിനാൽ ദേശീയ വിദ്യാഭ്യാസനയരേഖകൾ രാഷ്ട്രീയമായി മാത്രമേ വായനയ്ക്ക് വിധേയമാക്കാൻ കഴിയൂ.

വിദ്യാഭ്യാസത്തെപ്പറ്റി കോത്താരി കമ്മീഷൻ മുന്നോട്ട് വെച്ച ജനാധിപത്യ മതനിരപേക്ഷ കാഴ്ചപ്പാടും ഭാവിയെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളും ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതിന്റെ പ്രാധാന്യവും 1968ൽ രൂപീകരിച്ച വിദ്യാഭ്യാസനയത്തിൽ പ്രതിഫലിച്ചിരുന്നു. മാത്രവുമല്ല ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം എന്നിവയായിരുന്നു പ്രസ്തുത നയം ഉയർത്തിപ്പിടിച്ച രാഷ്ട്രീയ നിലപാട്.

മുതലാളിത്ത നിലപാടുകൾക്ക് കൂടുതൽ വേരോട്ടമുണ്ടാവുകയും ഉദാരവത്കരണവും ആഗോളീകരണവും ശക്തിപ്പെട്ടുതുടങ്ങുകയും ചെയ്ത  എൺപതുകളിലാണ് അത്തരം നിലപാടുകളോട് ചേർന്ന് നിൽക്കുന്ന വിദ്യാഭ്യാസനയം രൂപീകൃതമായത്. സ്കൂൾ വിദ്യാഭ്യാസത്തിലടക്കം സ്വകാര്യ മൂലധനത്തിന് കടന്നുവരാൻ വാതിൽതുറന്നിട്ട നയമായിരുന്നു 1986 ലേത്. ഈ നയം വിദ്യാഭ്യാസരംഗത്ത് വലിയതോതിൽ സ്വകാര്യവത്കരണം നടക്കുന്നതിന് കാരണമായി. എന്നിരുന്നാലും ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതിസമത്വം തുടങ്ങിയവയെല്ലാം പൂർണമായി ഉപേക്ഷിക്കണമെന്ന് പ്രസ്തുത നയം വിഭാവനം ചെയ്തിരുന്നില്ല. രാജ്യത്തിന്റെ ഫെഡറൽ സംവിധാനങ്ങളെ അപ്പാടെ ദുർബലപ്പെടുത്തുന്നതിനോ വൈവിധ്യത്തെ ഇല്ലാതാക്കുന്നതിനോ 1986ലെ നയം പൂർണമായും കാരണമായില്ല.

നിലവിൽ ലോകസാഹചര്യം മാറി. ഉദാരവത്കരണ, സ്വകാര്യവത്കരണ, ആഗോളവത്കരണ നയങ്ങൾ പ്രബലമായി. വലതുപക്ഷ ചിന്തകൾക്ക് പ്രാമുഖ്യം ലഭിച്ചു. ഇതിനോടെല്ലാം എല്ലാ അർത്ഥ

ത്തിലും ചേർന്നുപോകുന്ന സർക്കാർ ഇന്ത്യയിൽ അധികാരത്തിൽ വന്നു. ജനങ്ങളുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വിശ്വാസ പ്രമാണങ്ങളെയും അജ്ഞതയെയും നിസ്സഹായതയെയും ചൂഷണം ചെയ്തുകൊണ്ട് അധികാരരാഷ്ട്രീയം കയ്യാളാൻ ഇന്ന് ഇന്ത്യയിൽ കഴിയുന്ന സ്ഥിതിയുണ്ട്. അങ്ങനെ ജീവിതപ്രശ്നങ്ങളെയടക്കം എല്ലാ പ്രശ്നങ്ങളെയും വർഗീയവത്കരിച്ചുകൊണ്ട് മേല്പറഞ്ഞ ഉദാരവത്കരണ, സ്വകാര്യവത്കരണ, ആഗോളവത്കരണ നയങ്ങൾ ഫലപ്രദമായി നടപ്പാക്കാമെന്ന് അനുഭവത്തിലൂടെ തെളിയിച്ച രാഷ്ട്രീയനിലപാടും കൂട്ടായ്മകളും ആണ് ഇന്ന് ഇന്ത്യയിലെ ഭരണം കയ്യാളുന്നത്.

അതുകൊണ്ടുതന്നെ ഭരണാധികാരികളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ കാഴ്ചപ്പാടുകൾ സ്വാഭാവികമായും വിദ്യാഭ്യാസനയത്തിൽ പ്രകടമാകും. ഭരണകൂട നിലപാടുകൾ നടപ്പാക്കുന്നതിനുള്ള ഉപകരണം മാത്രമായി വിദ്യാഭ്യാസം മാറും.

**അക്കാദമികമാനം**

ഭാവി സമൂഹം എങ്ങനെ ചിന്തിക്കണം, എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം, ജീവിതത്തോടും സമൂഹനിർമാണത്തോടും എങ്ങനെ പ്രതികരിക്കണം തുടങ്ങിയവയെല്ലാം നിജപ്പെടുത്തുന്നതാണ് പാഠ്യപദ്ധതിയുടെ അക്കാദമികമാനം. ശാസ്ത്രാവബോധം, യുക്തിചിന്ത, വിമർശനാവബോധം, മതനിരപേക്ഷചിന്ത, ജനാധിപത്യബോധം, ലിംഗസമത്വഅവബോധം തുടങ്ങിയ ഭരണഘടനാമൂല്യങ്ങളും പൗരബോധവും ഉളവാകേണ്ടത് അക്കാദമിക അനുഭവങ്ങളിലൂടെയാണ്. ദേശീയനയങ്ങൾ ഇത്തരം അക്കാദമിക അനുഭവങ്ങൾ ലഭ്യമാക്കുന്നതിനുള്ള നയപരമായ നിലപാടുകൾ കൈക്കൊള്ളുന്നവയാകണം. ദൗർഭാഗ്യവശാൽ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അക്കാദമിക ഭൂമിക പരിശോധിച്ചാൽ സർവ്വത്ര കാപട്യം നിറഞ്ഞതാണെന്ന് കാണാം. പുരോഗമനപരമായ പല ശബ്ദങ്ങളും രേഖയിലുണ്ട്. എന്നാൽ അവയെല്ലാം വികലമായോ വക്രീകരിച്ചോ ആണ് ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണം, അനുഭവാധിഷ്ഠിതപഠനം എന്ന് ചിലയിടങ്ങളിൽ പറയുന്നു. ജനാധിപത്യപരവും മതനിരപേക്ഷവുമായ ഒരു പഠനപ്രതലത്തിലേ അനുഭവാധിഷ്ഠിതപഠനംവഴി കുട്ടിക്ക് തന്റെ ചുറ്റുമുള്ള ലോകത്തെ കാണാനും വസ്തുനിഷ്ഠമായി വിലയിരുത്താനും കഴിയൂ. എങ്കിലേ തന്റെ ചുറ്റുമുള്ള വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും കുട്ടി തിരിച്ചറിയൂ. ബഹുസ്വരതയുടെ സൗന്ദര്യം കുട്ടിക്ക്

ആസ്വദിക്കാൻ കഴിയൂ. അസമത്വങ്ങൾക്കുള്ള കാരണം കുട്ടി സ്വയമേവയോ സംഘം ചേർന്നോ അന്വേഷിക്കും. എന്നാൽ സങ്കുചിത മതബോധം ഒരുക്കുന്ന പ്രതലത്തിലാണ് അനുഭവാധിഷ്ഠിതപഠന മെങ്കിൽ ബഹുസ്വരതയും, വൈവിധ്യവും വൈജാത്യങ്ങളും കണ്ടാൽ കുട്ടി പകച്ചുപോകും. ഇതൊന്നും അംഗീകരിക്കാൻ കുട്ടിക്ക് കഴിയില്ല. അതുകൊണ്ട് തന്നെ എല്ലാവരെയും ഉൾക്കൊള്ളുന്ന അക്കാദമിക തലം വികസിപ്പിക്കണമെങ്കിൽ നമുക്ക് ചുറ്റുമുള്ള വിവിധങ്ങളായ സാഹചര്യങ്ങളെക്കൂടി നോക്കേണ്ടതുണ്ട്. സംസ്ഥാനതല പാഠ്യപദ്ധതി ചട്ടക്കൂടിന്റെ വികസനത്തിലും ഇതെല്ലാം ബാധകമാണ്.

## ലോക സാഹചര്യം

ഭാവികേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അന്വേഷണം ലോക, ഇന്ത്യൻ പശ്ചാത്തലം കൂടി കണ്ടുകൊണ്ടു മാത്രമേ നടത്താനാകൂ. യൂറോപ്പിൽ പലയിടങ്ങളിലും തീവ്രവലതുപക്ഷം ഉയർന്നുവരുന്നതായി കാണുന്നു. ആഗോളവത്കരണം അതിന്റെ തീവ്രമായ അവസ്ഥയിലേക്ക് വളർന്നുകൊണ്ടിരിക്കുന്നു. ലാഭത്തിന് വേണ്ടി ഒരു ചെറുന്യൂനപക്ഷം പ്രകൃതിയെ, പരിസ്ഥിതിയെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. വികസനകാര്യങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെ താത്പര്യത്തെ തൃണവത്ഗണിച്ചുകൊണ്ട് കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് മേധാവിത്വം ലഭിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. എന്നാൽ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ തികച്ചും ഭിന്നമായ ഒരു സാമൂഹികാവസ്ഥ ഉണ്ടായിവരുന്നു. ഇതെല്ലാം വിദ്യാഭ്യാസത്തിലും പ്രതിഫലിക്കും. ലോകമുതലാളിത്തം വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാറ്റിയിരിക്കുന്നു. വൻകിട കോർപ്പറേറ്റുകൾ ഈ മേഖല കയ്യടക്കുന്നു. ബിരുദത്തിനുപോലും രാജ്യാന്തര പഠനസ്ഥാപനങ്ങൾ ആരംഭിക്കുന്നു. രാജ്യങ്ങളെക്കൊണ്ട് കോർപ്പറേറ്റുകൾക്കനുസരിച്ച് നയങ്ങൾ മാറ്റിക്കുന്നു.

## ഇന്ത്യൻ സാഹചര്യം

വിദ്യാഭ്യാസകാര്യത്തിൽ അഖിലേന്ത്യാതലത്തിലെ പൊതു അവസ്ഥ നോക്കാം. 2020 ജൂലായിൽ പുറത്തിറക്കിയ ദേശീയ വിദ്യാഭ്യാസനയരേഖയിൽ സ്കൂൾപ്രായത്തിലുള്ള 3.22 കോടി കുട്ടികൾ സ്കൂളിന് പുറത്താണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ വസ്തുത മറ്റൊന്നാണ് എന്ന് കേന്ദ്രസർക്കാർ കണക്കുകൾ തന്നെ വെളിപ്പെടുത്തുന്നുമുണ്ട്. 2011ലെ സെൻസസ് രേഖപ്രകാരം സ്കൂൾ പ്രായത്തിലുള്ള 33 കോടി കുട്ടികളുണ്ട്. ഇപ്പോൾ സ്കൂൾപ്രായത്തിലുള്ള കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ടാകും. 2019–

20 ലെ കേന്ദ്രവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കിയ യു ഡയസ്സ് ഡാറ്റാ പ്രകാരം 25.09 കോടി കുട്ടികളാണ് സ്കൂളുകളിലുള്ളത്. ഇതെല്ലാം സർക്കാർ കണക്കാണ്. അതായത് 8 കോടിയിലധികം കുട്ടികൾ സ്കൂളിന് വെളിയിലാണ്. നമ്മുടെ രാജ്യത്ത് നാലിൽ ഒരു കുട്ടി സ്കൂളിലെത്തുന്നില്ല എന്നതാണ് അവസ്ഥ. സ്വാതന്ത്ര്യം കിട്ടി 75 വർഷമാഘോഷിച്ചപ്പോഴും ഇതാണ് സ്ഥിതി. യു.എൻ.ഡി.പി തയ്യാറാക്കിയ ഏറ്റവും അവസാനത്തെ ഹ്യൂമൺ ഡവലപ്മെന്റ് റിപ്പോർട്ട് പ്രകാരം ഇന്ത്യൻ കുട്ടികളുടെ ശരാശരി സ്കൂളിങ്ങ് 6.7 വർഷമാണ്. ഒന്നാംക്ലാസിൽ ചേർന്ന 47% കുട്ടികൾ പത്താംക്ലാസിനു മുന്നേ പഠനമവസാനിപ്പിക്കുന്നു. എസ്.സി., എസ്.ടി. വിഭാഗം കുട്ടികളുടെയും, സാമൂഹികമായും സാമ്പത്തികമായും അരികുവത്കരിക്കപ്പെട്ടവരുടെയും പെൺകുട്ടികളുടെയും അവസ്ഥ പരിതാപകരമായി തുടരുന്നു. ഒരു സ്കൂളിന് രണ്ട് അധ്യാപകരെ വച്ച് കണക്കാക്കിയാൽപോലും 10 ലക്ഷം അധ്യാപക ഒഴിവുകൾ നിലനിൽക്കുന്നു. സാക്ഷരതാനിരക്കും സ്കൂൾവിദ്യാഭ്യാസവും പരസ്പരബന്ധിതമാണ്. ഏറ്റവും അവസാനം ലഭ്യമായ ഡാറ്റാപ്രകാരം സ്വാതന്ത്ര്യത്തിന്റെ 75–ാംവാർഷികം നാം ആഘോഷിക്കുന്നത് 31.25 കോടി നിരക്ഷരരെ വച്ചുകൊണ്ടാണ്.

2020 ജൂലായ് മാസം 29–ാംതീയതി കേന്ദ്രസർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിച്ചു. സാർത്ഥക് എന്ന രേഖയിലൂടെ നയം എപ്പോൾ എങ്ങനെ നടപ്പാക്കും എന്ന കർമപദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്രശിക്ഷാ, നാഷണൽ ടെസ്റ്റിങ്ങ് ഏജൻസി, പാറഖ്, പ്രൊഫഷണൽ സ്റ്റാന്റേർഡ് സെറ്റിങ്ങ് ബോഡി, എൻ.സി.ഇ.ആർ.ടി തുടങ്ങി വിവിധങ്ങളായ കേന്ദ്ര ഏജൻസികൾ വഴി കേന്ദ്രനയം നടപ്പാക്കാൻ സംസ്ഥാനങ്ങളെ നിർബന്ധിതമാക്കുന്ന അവസ്ഥയും ഉണ്ട്.

ദേശീയ വിദ്യാഭ്യാസനയം 2020 ചരിത്രപരമായ യുക്തിബോധത്തെ പരിഹസിച്ചുകൊണ്ട് ഇന്ത്യൻ അതീതത്തെ സർവ്വശ്രേഷ്ഠമായി മഹത്വവത്കരിക്കുന്നതായി കാണാം. ഭരണഘടനാമൂല്യങ്ങളെ ഇതിനായി ധ്വംസിക്കാൻ ഒരു മടിയും കാട്ടുന്നുമില്ല. വിദ്യാഭ്യാസത്തിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രവികസനം എന്നതിനു പകരം ആത്മാവിന്റെ സമ്പൂർണ സ്വാതന്ത്ര്യവും സാക്ഷാത്കാരവുമെന്ന വ്യക്തികേന്ദ്രിത ആശയവാദ ലക്ഷ്യവും ദേശീയ വിദ്യാഭ്യാനയം മുന്നോട്ടുവെക്കുന്നു.

പ്രാദേശികമണമുള്ള ദേശീയ പാഠപുസ്തകങ്ങൾ (നാഷണൽ ടെക്സ്റ്റ് ബുക്ക് വിത്ത് ലോക്കൽ ഫ്ളേവർ) എന്ന വികലമായ അക്കാ

ദമിക നിലപാട് മുന്നോട്ടുവെക്കുന്നു. അധികാര കേന്ദ്രീകരണം, സ്വകാര്യവത്കരണം, കച്ചവടവത്കരണം, വർഗീയവത്കരണം എന്നീ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി അക്കാദമിക കേന്ദ്രീകരണം വിദ്യാഭ്യാസനയത്തിലൂടെ നടപ്പാക്കുന്നു.

ദേശീയ വികസനത്തിനാവശ്യമായ വിശാല ഭൂമിക ഒരുക്കലായിരുന്നു മുൻകാല നയങ്ങളുടെ ലക്ഷ്യമെങ്കിൽ, 2020 ലെ ദേശീയ വിദ്യാഭ്യാസനയത്തിന് സമാന ലക്ഷ്യമൊന്നുമില്ല. ലാഭകേന്ദ്രീകൃതവും വ്യക്തികേന്ദ്രിതവുമായ സമൂഹത്തെ വളർത്താനുള്ള ഉപകരണമാക്കി വിദ്യാഭ്യാസത്തെ മാറ്റാനുള്ള ശ്രമമാണ് നയത്തിലൂടെ നടത്തുന്നത്. അടിസ്ഥാന സാക്ഷരതയും അക്കബോധവും സാങ്കേതിക പരിജ്ഞാനവും നൽകുന്നതു മാത്രമായി പൊതുവിദ്യാഭ്യാസത്തെ തളച്ചിടാൻ ശ്രമിക്കുന്നു. ഏറ്റവും നല്ല ഉദാഹരണമാണ് നിപുൺ ഭാരത് പദ്ധതി. ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും കേവലം ഉപകരണമാക്കുന്നു. ആധുനിക ലോകവീക്ഷണത്തിന് അനുയോജ്യമല്ലാത്തവിധം സങ്കുചിതമായ ദേശീയബോധം ദേശീയവിദ്യാഭ്യാസനയം 2020 പ്രസരിപ്പിക്കുന്നു.

ചരിത്രയുക്തിയെ ദേശീയവിദ്യാഭ്യാസനയം 2020 നിരാകരിക്കുന്നു. വർത്തമാനകാല ഇന്ത്യയുടെയും ലോകത്തിന്റെയും പ്രശ്നങ്ങളെ പരിഹരിക്കാൻ പുരാതന ഇന്ത്യൻ വിജ്ഞാനത്തിന് കഴിയുമെന്നും നയരേഖ പ്രഖ്യാപിക്കുന്നു. അധ്യയനവും അധ്യാപകനും ജനാധിപത്യവത്കരിക്കപ്പെടണം എന്ന നിലപാടിന് പകരം ഫ്യൂഡൽ മൂല്യങ്ങളാണ് വളർത്തിയെടുക്കാൻ ശ്രമിക്കുന്നത്.

സംസ്ഥാനങ്ങൾക്ക് വിദ്യാഭ്യാസത്തിൽ ഉണ്ടായിരുന്ന ഭാഗികമായ അധികാരത്തെ കൂടി, ഇല്ലാതാക്കുന്ന തരത്തിൽ അമിതമായ കേന്ദ്രീകരണം നടത്തുന്നതിനുള്ള സമർത്ഥമായ നീക്കങ്ങൾ വിദ്യാഭ്യാസത്തിന്റെ പല തലങ്ങളിൽനിന്നായി ആരംഭിച്ചുകഴിഞ്ഞു. ഇത്തരം നീക്കങ്ങൾ നടപ്പിൽ വരുത്തുന്നതിനായി, പ്രധാനമായും രണ്ട് തരത്തിലുള്ള രാഷ്ട്രീയതന്ത്രങ്ങളാണ് ദേശീയവിദ്യാഭ്യാസനയരേഖയെ മറയാക്കി അവതരിപ്പിക്കുന്നത്. അതിൽ ഒന്ന് കേന്ദ്രത്തിന് നേരിട്ട് അധികാരമുള്ള ഏജൻസികളെ സ്ഥാപിക്കുക. രണ്ടാമത്തേത് ദേശീയ പാഠ്യപദ്ധതിയും, പാഠപുസ്തകങ്ങളും വികസിപ്പിക്കുക.

3, 5, 8 ക്ലാസുകളിൽ, കേന്ദ്രീകൃതമായ പൊതുപരീക്ഷകളും, സെക്കന്ററി ക്ലാസുകളിൽ സെമസ്റ്റർ പരീക്ഷകളും നിർദേശിക്കുന്നു. പരീക്ഷാകേന്ദ്രീകൃതമായ വിദ്യാഭ്യാസം കുട്ടികളെ വിദ്യാഭ്യാസധാരയിൽ നിന്നും, അരിച്ചുമാറ്റാനുള്ള ഉപകരണമായി മാറും. താഴ്ന്ന ക്ലാസുകളിൽ തന്നെ പൊതുപരീക്ഷകൾ പ്രോത്സാഹിപ്പിക്കപ്പെട്ടു

ന്നത് വിദ്യാർത്ഥികളിൽ അനാരോഗ്യകരമായ മത്സരം വളർത്തും. സഹവർത്തിതപഠനത്തെ ഇല്ലാതാക്കി പകരം മത്സരാധിഷ്ഠിതപഠനം എന്നതിലേക്ക് പഠനത്തെ ചുരുക്കും. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ദർശനങ്ങളെയെല്ലാം അപ്രസക്തമാക്കി ഭരണനിർവ്വഹണ കാര്യങ്ങൾക്കപ്പുറം, അക്കാദമിക കാര്യങ്ങളിൽക്കൂടി കേന്ദ്രീകരണം നടപ്പാക്കുകയാണ് കേന്ദ്രസർക്കാർ.

കേന്ദ്രീകരിച്ച പാഠ്യപദ്ധതികൾക്ക് ചില ലക്ഷ്യങ്ങൾ ഉണ്ട്. അതിലൊന്ന്, ഭരിക്കുന്നവരുടെ രാഷ്ട്രീയ അജണ്ട നടപ്പിൽ വരുത്താനുള്ള ഉപകരണമായി പാഠ്യപദ്ധതികൾ മാറുക എന്നതാണ്. പാഠ്യപദ്ധതിയുടെയും, പാഠപുസ്തകങ്ങളുടെയും രാഷ്ട്രീയവത്കരണവും, മതവത്കരണവും പുരോഗമന ആശയങ്ങളെയും, ശാസ്ത്രബോധത്തെയും യുക്തിചിന്തയെയും പ്രതികൂലമായി ബാധിക്കും. നുണകളെ ചരിത്രമായും പുരാണങ്ങളെ ശാസ്ത്രമായും പഠിക്കുകയും പഠിപ്പിക്കുകയും അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ജനങ്ങളെ ബോധപൂർവം കെട്ടിയിടാനുള്ള ശ്രമവും ഇന്ത്യൻ ഭരണാധികാരികൾ തന്നെ നടത്തുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായേക്കാം. ചരിത്രവും, ശാസ്ത്രവും തങ്ങളുടെ രാഷ്ട്രീയ അജണ്ടകൾക്കും, മതബോധത്തിനും എതിരാണെങ്കിൽ, അവ പാഠപുസ്തകങ്ങളിൽനിന്നും ഒഴിവാക്കപ്പെടണം എന്ന നിലപാട് കൈക്കൊള്ളും. പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണവേളയിൽ പ്രസക്തമാണ് ഈ വിമർശനങ്ങൾ.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയടക്കം വർഗീയവത്കരിക്കുന്നതിന് കേന്ദ്രീകരണം ഏറ്റവും നല്ല ഒരു തന്ത്രമാണ്. പ്രസ്തുത ശ്രമമാണ് ദേശീയ വിദ്യാഭ്യാസനയം–2020 വഴി കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. വർഗീയത എങ്ങനെ പാഠ്യപദ്ധതിയിൽ ചാലിച്ചെടുക്കാം എന്നതിന് ഒരു നല്ല ഉദാഹരണമാണ് പ്രീസ്കൂൾവിദ്യാഭ്യാസത്തിനായി ഈയടുത്തകാലത്ത് പുറത്തുവിട്ട ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്. അതുപ്രകാരം പ്രീസ്കൂൾ വിദ്യാഭ്യാസം ഇന്ത്യൻ പാരമ്പര്യത്തിനനുസൃതമാകണമെന്ന് പറയുന്നു. ആനന്ദമയകോശ, വിജ്ഞാനമയകോശ, മനോമയകോശ, പ്രാണമയകോശ, അന്നമയകോശ എന്നിവയാണ് കുട്ടിയുടെ വളരേണ്ട ഘടകങ്ങളെന്നും അവയുടെ വികാസമാണ് ലക്ഷ്യംവയ്ക്കുന്നത് എന്നും പറയുന്നു. ശിശുവികാസവുമായി ബന്ധപ്പെട്ട ആധുനിക സിദ്ധാന്തങ്ങളോടും വികാസമേഖലകളുടെ വളർച്ചയുമായും ഇവയെങ്ങനെ ഒത്തുപോകുമെന്ന് ദേശീയ പ്രീസ്കൂൾ ചട്ടക്കൂട് വിശദമാക്കുന്നില്ല. ജനങ്ങളുടെ വിശ്വാസപ്രമാണങ്ങളെ ചൂഷണംചെയ്തുകൊണ്ട് പ്രശ്നങ്ങളെ വർഗീയവത്കരിക്കുന്നതിലേക്ക് ഇത് നയിക്കും എന്ന് ആശങ്കപ്പെടുന്നവരെ

കുറ്റപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിവരുന്നത്.

**കേരള സാഹചര്യം**

കേരളത്തിൽ സ്കൂൾപ്രായത്തിലെത്തുന്ന എല്ലാ കുട്ടികളും സ്കൂളിൽ എൻറോൾ ചെയ്യുന്നു. പഠനത്തുടർച്ച പന്ത്രണ്ടാംക്ലാസുവരെ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് സൗകര്യപ്പെടുംവിധം ഗ്രാമങ്ങളിൽ പോലും പൊതു പഠനസൗകര്യം ഒരുക്കാൻ കേരളീയ സമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് വളരെ കുറവാണ്. സംസ്ഥാന ശരാശരി 0.11% ആണ്. എന്നാൽ ദേശീയതലത്തിൽ കൊഴിഞ്ഞുപോക്ക് 14.6% ആണ്. ഭൗതികസൗകര്യങ്ങളുടെ കാര്യമെടുത്താലും താരതമ്യേന മെച്ചപ്പെട്ട അവസ്ഥയുണ്ട്. ദേശീയതലത്തിൽ അധ്യാപക നിയമനത്തിന് സ്കൂളാണ് യൂണിറ്റ്. ദേശീയ വിദ്യാഭ്യാസനയം 2020 പ്രകാരം ഇത് സ്കൂൾകോംപ്ലക്സാണ്. എന്നാൽ കേരളത്തിൽ ക്ലാസാണ് അധ്യാപക നിയമന യൂണിറ്റ്. ഒരു ക്ലാസിൽ പരിശീലനം സിദ്ധിച്ച ടീച്ചറെ ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇന്ത്യാരാജ്യത്തിന് സമീപകാലത്തൊന്നും ചിന്തിക്കാൻ കഴിയാത്ത ഒന്നാണിത്. 1957 ലെ വിദ്യാഭ്യാസബില്ലും അതേത്തുടർന്ന് 1959 ൽ രൂപീകൃതമായ കെ.ഇ.ആറുമാണ് ഇതിന് കാരണം. രക്ഷിതാക്കളുടെ വിദ്യാഭ്യാസപശ്ചാത്തലം ഒരനുകൂല ഘടകമാണ്. അവർ കുട്ടികളുടെ പഠനകാര്യത്തിൽ താത്പര്യമുള്ളവരാണ്. വികസിത രാജ്യങ്ങളോട് കിടപിടിക്കാവുന്ന ഇത്തരം ഒരവസ്ഥ സംജാതമായത് വളരെ സ്വാഭാവികമോ പൊടുന്നനെയോ അല്ല. ത്യാഗത്തിന്റെയും സംഘർഷത്തിന്റെയും വലിയൊരു ചരിത്രം നേട്ടങ്ങളുടെ പിന്നിലുണ്ട്. നമ്മുടെ മുന്നോട്ടുള്ള യാത്രയിൽ ഈ അനുഭവങ്ങൾ എന്നും മുതൽക്കൂട്ടായിട്ടുമുണ്ട്.

ആഗോളവത്കരണ നയങ്ങൾ പൊതുവിദ്യാഭ്യാസകാര്യങ്ങളിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നാണ് നിരന്തരമായി ആവശ്യപ്പെടുന്നത്. സ്വകാര്യ സംരംഭകർക്ക്  ആവശ്യമായ സൗകര്യം ചെയ്തുകൊടുത്താൽ മതിയെന്നാണ് ഈ നിലപാട് വ്യക്തമാക്കുന്നത്. വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അവകാശമാണെന്ന കാര്യവും അംഗീകരിക്കുന്നില്ല. സാമൂഹികനീതിയും അവസരസമത്വവും ഒന്നും തന്നെ കമ്പോളനിലപാടിൽ ഉണ്ടാവുകയുമില്ല. ഇത്തരം ഒരു നയം സ്വീകരിച്ച് 2011–16 കാലത്തുണ്ടായ സർക്കാർ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുക എന്ന അർപ്പിതമായ ഉത്തരവാദിത്തങ്ങളിൽ നിന്നും പിൻമാറി നാല് എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. അതിനെതിരെ വലിയ ജനരോഷം ഉയർന്നുവന്നു.

ഈ ഘട്ടത്തിലാണ് പൊതുതെരഞ്ഞെടുപ്പ് നടന്നത്. തുടർന്ന് വന്ന സർക്കാർ അധികാരത്തിലേറ്റ ഉടൻ കൈക്കൊണ്ട തീരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് അതിന് മുമ്പ് അടച്ചുപൂട്ടാൻ തീരുമാനിച്ച നാല് വിദ്യാലയങ്ങളും ഏറ്റെടുക്കുക എന്നതാണ്. ഇത് കേരളീയ സമൂഹത്തിന് നൽകിയ സന്ദേശം വളരെ വലുതാണ്. അതിന്റെ തുടർച്ചയായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വളരെ വലിയ പരിവർത്തനമാണ് പൊതുവിദ്യാഭ്യാസമേഖലയിൽ ഉളവാക്കിയത്. അത് സമൂഹത്തിന്റെ ആത്മവിശ്വാസം വർധിപ്പിച്ചു. ഈ ആത്മവിശ്വാസത്തെ ശാസ്ത്രീയമായ ഗുണമേന്മാവിദ്യാഭ്യാസം വികസിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനായി സമീപകാലത്ത് പാഠ്യപദ്ധതി പരിഷ്കരണത്തിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടന്ന പ്രവർത്തനങ്ങളെ പരിശോധിക്കാം.

ദേശീയതലത്തിൽ ഇപ്പോഴും സ്കൂൾ പ്രാപ്യതയും പഠനത്തുടർച്ചയും പ്രധാന പ്രശ്നമായി തുടരുന്നു. വിദ്യാഭ്യാസരംഗത്തുള്ള രണ്ടാം തലമുറ പ്രശ്നങ്ങളായ ഗുണമേന്മയും തുല്യതയും മുഴുവൻ കുട്ടികൾക്കും നീതിയും ഉറപ്പാക്കുന്ന വിദ്യാഭ്യാസ ക്രമത്തിലേക്കാണ് നാം പരിവർത്തിക്കേണ്ടത്.

കുടുംബഘടനയിൽ വന്ന മാറ്റങ്ങളും വിദ്യാഭ്യാസവളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. വായനശാല പ്രസ്ഥാനങ്ങൾ, മതേതര ഇടങ്ങൾ, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം കേരളീയ വിദ്യാഭ്യാസമുന്നേറ്റത്തിൽ നിർണായക പങ്ക് വഹിച്ചു.

സാക്ഷരതായജ്ഞം ഉണ്ടാക്കിയ ഉണർവ്വും തിരിച്ചറിവും സ്കൂളുകളിൽ ഗുണതാവിദ്യാഭ്യാസത്തിനുള്ള സാമൂഹികാവശ്യമുയർത്തുന്നതിന് കാരണമായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ആവശ്യത്തോട് ജില്ലാ കൗൺസിലുകൾ അനുകൂല നിലപാടെടുത്തു. സമഗ്രമായ മാറ്റം ഈ രംഗത്ത് അനിവാര്യമാണ് എന്ന തിരിച്ചറിവ് ഈ ഇടപെടലിൽനിന്നെല്ലാം ഉണ്ടായി. പഞ്ചായത്തിരാജ്/നഗരപാലിക നിയമങ്ങൾ പ്രാദേശിക ഇടപെടലിന്റേതായ പുതിയ സാധ്യതകൾ തുറന്നുതന്നു.

ഈ ഘട്ടത്തിലാണ് ഡി.പി.ഇ.പി എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നിർദേശിക്കപ്പെട്ടത്. ഈ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് 1997 ലാണ് കേരളത്തിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. ഒന്നു മുതൽ നാല് വരെ ക്ലാസുകളിലാണ് ആദ്യഘട്ടം എന്ന നിലയിൽ പാഠ്യപദ്ധതിയിൽ ഗൗരവമേറിയ ഇടപെടൽ നടന്നത്. 2000 ത്തിൽ അത് മറ്റു ക്ലാസുകളിലേക്ക് കൂടി

വ്യാപിപ്പിച്ചു. 1980 കൾ മുതൽ കേരളത്തിൽ അനൗപചാരികമായി ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ വിദ്യാഭ്യാസ ഇടപെടൽ അനുഭവങ്ങളും, തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിയ അക്കാദമിക ഇടപെടൽ നൽകിയ തിരിച്ചറിവുകളും 1997 പാഠ്യപദ്ധതി പരിഷ്കരണത്തിന് ആവശ്യമായ പശ്ചാത്തലവും അക്കാദമിക അനുഭവങ്ങളും ഒരുക്കി. ഈ പ്രവർത്തനങ്ങളിൽ പലതലത്തിൽ പ്രവർത്തിച്ചവരും ക്ലാസ്മുറി അനുഭവമുള്ളവരും, പരിവർത്തനത്തിന്റെ മുന്നണി പ്രവർത്തകരായി. 1997ൽ താഴെ പറയുന്ന കാര്യങ്ങളെയാണ് അഭിമുഖീകരിക്കാൻ ശ്രമിച്ചതെന്ന് പരിഷത്ത് കരുതുന്നു.

- പഠന പ്രക്രിയയിൽ കുട്ടിയെ കേന്ദ്രസ്ഥാനത്ത് കൊണ്ടുവന്ന് സജീവ പങ്കാളിയാക്കുക.
- അധ്യാപകരെ കുട്ടിയോടൊപ്പം ചലിക്കാൻ സജ്ജരാക്കുക.
- ക്ലാസ്മുറി ജനാധിപത്യപരമാക്കുക.
- ജഡഭാഷയിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങളുൾപ്പെടെയുള്ള പഠനോപാധികൾ ശിശുസൗഹൃദ രീതിയിലേക്ക് മാറ്റുക.
- ഭാഷാപഠനം പഠനത്തിന്റെ കേന്ദ്രസ്ഥാനത്താണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അക്ഷരാവതരണ രീതിവഴി നടന്നുകൊണ്ടിരുന്ന യാന്ത്രിക പഠനരീതിയെ കുട്ടിയുടെ ഉള്ളിലുള്ള ആശയങ്ങളുമായും ചിന്തകളുമായും ബന്ധിപ്പിച്ച് ആശയാവതരണം എന്ന സ്വാഭാവിക രീതിയിലേക്ക് പരിവർത്തിപ്പിക്കുക.
- പഠനം ജീവിതഗന്ധിയും പരിസരബന്ധിയും പ്രവർത്തനാധിഷ്ഠിതവുമാക്കുക.
- മുഴുവൻ കുട്ടികളുടെയും ഇടമായി ക്ലാസ്മുറിയും പഠനപരിസരവും മാറ്റുക, ക്ലാസ്മുറി ചലനാത്മകവും പ്രക്രിയാധിഷ്ഠിതവും ആനന്ദദായകവും അർത്ഥപൂർണവും സംവാദാത്മകവുമായി വികസിപ്പിക്കുക.
- ജനാധിപത്യം പ്രയോഗത്തിലൂടെ സ്വാംശീകരിക്കുന്ന ജനായത്ത വിദ്യാലയങ്ങളായി ഓരോ വിദ്യാലയത്തെയും പരിവർത്തിപ്പിക്കുക.
- രക്ഷാകർത്താക്കളും സമൂഹവും വിദ്യാലയങ്ങളെ എല്ലാതലത്തിലും ഏറ്റെടുക്കുക. കുട്ടികളുടെ പഠനകാര്യത്തിൽ നാടിനും നാട്ടാർക്കും ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും എന്ന സാമൂഹികമായ തിരിച്ചറിവ് ഉണ്ടാക്കുക.
- ഇതിനെല്ലാം കഴിയുംവിധം അധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ വികസിപ്പിക്കൽ ഉറപ്പുവരുത്തുക.
- പാഠപുസ്തക രചന, അധ്യാപകപരിശീലനം എന്നിവയിൽ അതത്

തലത്തിലെ അധ്യാപകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

എന്നാൽ ഇതിൽ പല കാര്യങ്ങളിലും ആദ്യഘട്ടത്തിൽ മുന്നേറിയെങ്കിലും സ്ഥായിയാക്കി മാറ്റാൻ സംസ്ഥാനത്തിന് കഴിഞ്ഞില്ല. മാത്രമല്ല പിന്നോക്കം പോവുകയും ചെയ്തു. ഇവിടെയാണ് കേരളീയ വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ പരിശോധിക്കേണ്ടത്.

**കേരള വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ**

അനുകൂല ഘടകങ്ങൾ ഏറെയുണ്ടെങ്കിലും ഈ രംഗത്ത് നിരവധിയായ വെല്ലുവിളികളും നിലനിൽക്കുന്നുണ്ട്. ഇവയൊന്നും കാണാതെ പൊതുവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ മുറിച്ചുകടക്കാനാകില്ല.

- വിദ്യാഭ്യാസത്തിന്റെ വിമോചക ദൗത്യം ജനമനസ്സുകളിൽ കുറഞ്ഞുവരുന്നു.
- വിദ്യാഭ്യാസത്തെ കേവലം തൊഴിൽ ലഭിക്കുന്നതിനുള്ള ഉപാധിയായി മാത്രം കാണുന്നു.
- മധ്യവർഗവത്കരണം തുറന്നിട്ട മധ്യവർഗ പ്രതീക്ഷകൾ.
- ആഗോളവത്കരണത്തിന്റെ സ്വാധീനം.
- ഇംഗ്ലീഷ് മാധ്യമം വിദ്യാഭ്യാസത്തോടുകാട്ടുന്ന ആസക്തി. മലയാള ഭാഷയോട് കാട്ടുന്ന വിരക്തി.
- ഗുണമേന്മയെക്കുറിച്ച് വിദ്യാഭ്യാസപരമല്ലാത്ത പുതിയ സങ്കൽപ്പനങ്ങൾ.
- പരീക്ഷകളോട് കാട്ടുന്ന അമിതമായ ആസക്തി
- കാലം മുന്നോട്ടുവയ്ക്കുന്ന പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അധ്യാപകരെ പരിവർത്തിപ്പിക്കാൻ കഴിയാത്തത്

തുടങ്ങിയവ ഇവയിൽ ചിലതാണ്. പൊതുവിദ്യാഭ്യാസം സംരക്ഷിച്ചുകൊണ്ട് ഇത്തരം വെല്ലുവിളികൾ അഭിമുഖീകരിക്കുക എന്നതാണ് എല്ലാക്കാലത്തും ഇടതുപക്ഷ മനസ്സുകൾ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ അതിലും മാറ്റങ്ങൾ വരുന്നുണ്ടോ എന്നു പരിശോധിക്കേണ്ട സാഹചര്യവും ഉണ്ടായിവരുന്നു.

1997ലെ പാഠ്യപദ്ധതി പരിഷ്കരണം പഠനബോധനരംഗത്ത് വലിയ മാറ്റം കൊണ്ടുവന്നു. പഠനപ്രക്രിയ കുട്ടിക്ക് മാത്രമല്ല സമൂഹത്തിനു കൂടി അനുഭവവേദ്യമായി. അന്വേഷണാത്മക പഠനത്തിൽ കുട്ടികൾ മുഴുകുന്നത് നാടിനും അനുഭവപ്പെട്ടു. അച്ചടക്കത്തെക്കുറിച്ച് പുതിയ സങ്കൽപ്പനങ്ങൾ ഉണ്ടായിവന്നത് കുട്ടികളെ വലിയതോതിൽ സ്വാധീനിച്ചു. നിർഭയമായി ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം കുട്ടികൾ പ്രയോജനപ്പെടുത്തി. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ

ആദ്യഘട്ടം വലിയ പ്രതീക്ഷകൾ നൽകുന്നതായിരുന്നു. കുട്ടികളിലു ണ്ടായ ആത്മവിശ്വാസം രക്ഷാകർതൃ പങ്കാളിത്തത്തിലും പ്രകടമാ യി. എന്നാൽ കുട്ടികളുടെ താത്പര്യത്തെയും അന്വേഷണ വാസന യെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു പകരം ഇത്തരം മാറ്റങ്ങളെ പിന്നോട്ടു വലിക്കുന്ന ശക്തികൾക്ക് മേൽക്കൈ നേടാൻ കഴിഞ്ഞു.

പുതിയ പാഠ്യപദ്ധതി തുറന്ന പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന തായിരുന്നു. ഇതിലൂടെ ചുറ്റുപാടും കാണുന്ന പ്രകൃതി പ്രതിഭാസ ങ്ങളെയും സമൂഹചലനങ്ങളെയും അസമത്വങ്ങളെയും അനുഭവാ ധിഷ്ഠിത പഠനത്തിലൂടെ കുട്ടിക്ക് വിശകലനം ചെയ്യാൻ അവസരം ലഭിച്ചു. ഇത് അതുവരെയുണ്ടായിരുന്ന പഠന സങ്കൽപ്പനങ്ങളെയാ കെ മാറ്റി മറിച്ചു. അന്വേഷണപഠനം കുട്ടികളുടെ ചിന്തയെ ഉത്തേ ജിപ്പിച്ചു. കുട്ടികൾ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. കമ്പോളശക്തി കൾക്ക് ഇത്തരം ചോദ്യം ചെയ്യലുകൾ പ്രതിസന്ധികൾ സൃഷ്ടിച്ചു. ഇത് ഫ്യൂഡൽ, കച്ചവട ശക്തികളുടെ നെറ്റി ചുളിപ്പിച്ചു. സമൂഹത്തി ലെ അധികാര ബന്ധങ്ങളെയും ഘടനയെയും പദവി ധാരണക ളെയും തുറന്ന പഠനവും ജനാധിപത്യ രീതികളും ചോദ്യംചെയ്യാൻ തുടങ്ങി. അതുകൊണ്ടു തന്നെ ആരംഭഘട്ടം തൊട്ട് ഇക്കൂട്ടർ ഒളിഞ്ഞും തെളിഞ്ഞും പുതിയ പാഠ്യപദ്ധതിയെ എതിർക്കുകയുണ്ടായി. ഇതിനെ തിരെ ചെറുത്തുനില്പ് മനോഭാവം സാമൂഹികമായി വളർത്താനും നി ലനിർത്താനും സമൂഹം എന്ന നിലയിൽ കഴിഞ്ഞില്ല.

ഗൈഡ് + പരീക്ഷ + എൻട്രൻസ് = വിദ്യാഭ്യാസം എന്ന സമവാ ക്യം തെറ്റന്നത് കേരളത്തിലെ മധ്യവർഗത്തിന് അംഗീകരിക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു. ഇപ്പോഴും ആണ്.

ഈ മധ്യവർഗം എല്ലാ പാർട്ടികളിലും സജീവമാണ് എന്നതും യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ മറികടക്കുന്നതിന് പു രോഗമന രാഷ്ട്രീയ നിലപാടുകൾക്കും കഴിഞ്ഞില്ല. കുട്ടികളെ മുഖവി ലയ്ക്കെടുക്കുന്ന പാഠ്യപദ്ധതിയെ ദുർബലപ്പെടുത്തുന്നതിന് ഇതും കാ രണമായിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയെ അട്ടിമറിക്കാൻ 2001ൽ ശ്രമം നടത്തിയപ്പോൾ അതിനെ സംഘടിതമായി നേരിട്ട കേരളാ നുഭവങ്ങളെ കാണാതെയല്ല ഇത്തരം വിമർശനം ഉന്നയിക്കുന്നത്.

പരീക്ഷകൾ യാന്ത്രികമായി മാറി. കമ്പോള താത്പര്യങ്ങളാണ് പരീക്ഷകളെ സ്വാധീനിക്കുന്നത് എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. പരീക്ഷകളിലൂടെ തകർക്കപ്പെട്ടത് കേരളത്തിലെ പുരോഗമന വിദ്യാ ഭ്യാസത്തിനുള്ള അന്വേഷണമാണെന്ന് ഇപ്പോഴും തിരിച്ചറിയുന്നില്ല.

അക്കാദമികമായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യു

മ്പോൾ അവ സ്ഥായിയായി നിലനിൽക്കാൻ അനിവാര്യമായ ഘട നാപരമായ മാറ്റത്തെക്കുറിച്ചോ സംവിധാനപരമായ മാറ്റത്തെക്കു റിച്ചോ ഉള്ള ചർച്ചകൾ നടക്കാതെ പോയി. അതുകൊണ്ടു തന്നെ വിദ്യാഭ്യാസരംഗത്ത് നടത്തുന്ന ഏതൊരു പുരോഗമന നടപടിക ളും പഴകി ദ്രവിച്ച സംവിധാനത്തിനകത്ത് പെട്ട് തകർന്നുപോകുന്ന ത് മുൻകൂട്ടി കാണാൻ കഴിയാതെവന്നു.

2007 ലെ കേരള കരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാന ദർശന ങ്ങളെ വിമർശിക്കാതെ തന്നെ അതിന്റെ സത്തയെ മുഴുവൻ ചോ ർത്തിക്കളഞ്ഞ അറുപിന്തിരിപ്പൻ പ്രവർത്തനമായിരുന്നു 2013ൽ നടത്തിയ പാഠ്യപദ്ധതി പരിഷ്കരണം. പഠനബോധനരംഗത്ത് ഏറെ പ്രസക്തമായ പ്രക്രിയാബന്ധിത സമീപനത്തെ പാടെ ഇല്ലാതാക്കി എല്ലാം ഉത്പന്നബന്ധിതമാക്കി (മാർക്കറ്റിന് അതി ലാണല്ലോ താത്പര്യം), പഠനനേട്ടങ്ങൾക്കനുസൃതമാക്കി മാറ്റുക യാണ് 2013ൽ ചെയ്തത്. ക്ലാസ്മുറികളിൽ പരിമിതമായി നടന്നിരു ന്ന പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്താനും ഇല്ലാതാക്കാനും ഈ പരിഷ്കരണം വഴിവച്ചു. 2001ൽ പാഠ്യപദ്ധ തി അക്കാദമികേതരകാരണങ്ങളാൽ അട്ടിമറിച്ചപ്പോൾ ദൃശ്യമായ എതിർപ്പ് 2013ൽ കണ്ടില്ല എന്നത് വിദ്യാഭ്യാസരംഗത്ത് കേരളം പൊതുവെ വലത്തോട്ട് ചായുന്നതിന്റെ പ്രകടമായ സൂചനയായിരു ന്നു എന്ന വിമർശനം ഉയർന്നുവന്നിരുന്നു. ഉയർന്നുവന്ന വിമർശ നം ശരിയാണെന്ന് സൂചിപ്പിക്കുംവിധം പ്രസ്തുത പാഠ്യപദ്ധതിയാ ണ് ഇപ്പോഴും കേരളത്തിൽ തുടരുന്നത് എന്നതും ഒരു സാമൂഹിക അക്കാദമിക പ്രതിസന്ധിയാണ്.

അധ്യാപകർ മിക്കവരും ബിഹേവിയറിസ്റ്റ് രീതിയിൽ പഠിച്ചവ രും അത്തരം പഠന സമ്പ്രദായത്തിൽ വളരെക്കാലം ബോധനം നടത്തിയവരുമാണ്. അതുമായി വളരെയധികം പൊരുത്തപ്പെ ട്ടും ഇണങ്ങിയും ജോലി ചെയ്തവരെ അറിവു നിർമാണത്തിലൂന്നിയ ബോധനത്തിനു തയ്യാറാക്കുന്ന പ്രവർത്തനം വേണ്ടത്ര വിജയിച്ചില്ല. അറിവുനിർമാണത്തിൽ കുട്ടിയെ സഹായിക്കുന്ന തരത്തിൽ പഠന പ്രവർത്തനങ്ങൾ സുഗമമാക്കുന്നയാൾ (fecilitator), ജനാധിപത്യ വാദിയായ നേതാവ് (Democratic leader), പ്രശ്നപരിഹാരകൻ (diagnostition), സഹപഠിതാവ് (Co-learner) എന്നീ റോളുകൾ ശരിയായി നിർവഹിക്കുന്നതിനുള്ള ശേഷിയും മനോഭാവവുമില്ലായ്മ, പകരം പഴയ ഏകാധിപത്യരീതി പിന്തുടരുന്ന സ്വഭാവം തുടങ്ങിയ വയിൽ നിന്നും അധ്യാപകരെ വിമോചിപ്പിക്കാൻ പരിശീലനങ്ങളി ലൂടെ കഴിഞ്ഞില്ല. അധ്യാപകരെ പരിവർത്തിപ്പിച്ചാൽ മാത്രമേ ക്ലാ

സിനകത്ത് പരിവർത്തനം സാധിക്കു എന്ന് തിരിച്ചറിയാൻ പുതിയ പാഠ്യപദ്ധതിക്ക് നേതൃത്വം നൽകിയവർക്ക് കഴിയാതെ വന്നതും പ്രതിസന്ധികൾ സൃഷ്ടിച്ചു.

ഇത്തരം വെല്ലുവിളികളെ മറികടക്കാൻ കേരളീയ സമൂഹത്തിന് കഴിയേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്തെ പരിവർത്തനം കേരളത്തിലെ ബഹുഭൂരിപക്ഷം കുട്ടികളെയും ബാധിക്കുന്നതാണ് എന്ന തിരിച്ചറിവും ഇതുവഴി ഉണ്ടാകേണ്ടതുണ്ട്.

## കേരളം പാഠ്യപദ്ധതി വികസിപ്പിക്കുന്നത് ആർക്കു വേണ്ടി?

ഏറ്റവും അവസാനത്തെ യു ഡയസ്സ് ഡാറ്റാ പ്രകാരം കേരളത്തിൽ 64.23 ലക്ഷം കുട്ടികൾ 12-ാംക്ലാസുവരെ സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 46.29 ലക്ഷം കുട്ടികൾ അതായത് 72.06% പൊതുവിദ്യാലയങ്ങളിലുണ്ട്. 16.24 ലക്ഷം കുട്ടികൾ – 25.28% കുട്ടികൾ സ്വകാര്യവിദ്യാലയങ്ങളിലാണ്. 62000 ത്തിനടുത്ത് കുട്ടികൾ കേന്ദ്രീയ-നവോദയ വിദ്യാലയങ്ങളിലായി പഠിക്കുന്നു. അൺഎയ്ഡഡ് മേഖലയിൽ ലക്ഷത്തിനടുത്ത് കുട്ടികൾ കേരള സിലബസ്സിലാണ്. അനംഗീകൃത സ്കൂളിലെ വലിയ പങ്ക് 5-ാംക്ലാസിൽ അല്ലെങ്കിൽ 8-ാം ക്ലാസോടെ പൊതുവിദ്യാലയങ്ങളിലെത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ സ്കൂൾ പ്രായത്തിലുള്ള 80-83% കുട്ടികൾക്ക് പ്രയോജനപ്പെടുന്ന പാഠ്യപദ്ധതിയാണ് കേരളം വികസിപ്പിക്കുന്നത്.

## കേരളീയ വിദ്യാഭ്യാസ പരിവർത്തനങ്ങളുടെ ദിശ എന്തായിരിക്കണം?

2001ന് ശേഷവും പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ ദേശീയാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 2005ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻസിഎഫ് 2005) ആണ്. ഒട്ടേറെ പുരോഗമനപരമായ വിദ്യാഭ്യാസ നിലപാടുകൾ പ്രസ്തുത ചട്ടക്കൂട് മുന്നോട്ടുവച്ചു. അതിന്റെ തുടർച്ചയായി ജനകീയമായ അഭിപ്രായം കൂടി സ്വീകരിച്ചുകൊണ്ട് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 രൂപീകരിച്ചു. കേരളീയവിദ്യാഭ്യാസത്തെക്കുറിച്ച് ആഴത്തിലുള്ള പരിശോധന പ്രസ്തുത ചട്ടക്കൂടിന്റെ ഭാഗമായി നടത്തി. കേരളീയവിദ്യാഭ്യാസത്തിന്റെ ശക്തിദൗർബല്യങ്ങളെ വിലയിരുത്തി എങ്ങനെ മുന്നോട്ട് പോകണം എന്നതിനെ സംബന്ധിച്ച അടിസ്ഥാനപരമായ നിർദേശങ്ങൾ പ്രസ്തുതരേഖ മുന്നോട്ട് വച്ചിരുന്നു. എന്നാൽ കെ.സി.എഫ് 2007 കേരളത്തിന്റെ മുന്നോട്ട് പോക്കിന് അനിവാര്യമായ

പല നിർദേശങ്ങളും പരിഗണിക്കാൻപോലും ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന വസ്തുതയും നമ്മുടെ മുന്നിലുണ്ട്. ആയതിനാൽ കേരളത്തിൽ ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കെ.സി.എഫ് 2007 മുന്നോട്ട് വച്ച നൂതനങ്ങളായ പല കാഴ്ചപ്പാടുകളും കാലോചിതമായി പരിഷ്കരിച്ച് ഉൾച്ചേർക്കാൻ കഴിയേണ്ടതുണ്ട്.

പാഠ്യപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കേരളത്തിനുണ്ടായ മുന്നോക്കം പോകലും ചില ഘട്ടങ്ങളിലുണ്ടായ പിന്നോട്ടടികളും എല്ലാം കേരളീയ വിദ്യാഭ്യാസത്തിന്റെ പരിവർത്തനദിശ ചർച്ചചെയ്യുമ്പോൾ പരിഗണിക്കേണ്ടതുണ്ട്.

എല്ലാ കുട്ടികളും പഠിക്കുകയും വികസിക്കുകയും വളരുകയും ചെയ്യുന്നു എന്ന നിലപാടിനനുസൃതമായാണ് കേരളത്തിലെ പാഠ്യപദ്ധതി പലഘട്ടത്തിലും രൂപപ്പെടുത്തിയത്. അതിൽനിന്ന് കുറേക്കൂടി മുന്നോട്ടുപോവുകയും ഓരോ കുട്ടിക്കും പഠിക്കാനും വികസിക്കാനും വളരാനും അവകാശമുണ്ട് എന്ന കൂടുതൽ പുരോഗമനപരമായ നിലപാടിലേക്ക് നാം മാറുകയും ചെയ്യേണ്ടതുണ്ട്. പഠനം നടക്കുന്നത് കൂട്ടായ അന്വേഷണത്തിലൂടെയാണ്, സാമൂഹികമായാണ്. എങ്കിലും ഈ അന്വേഷണത്തിൽ ഓരോ കുട്ടിയുടെയും വ്യത്യസ്തങ്ങളായ തനത് കഴിവുകൾ അംഗീകരിക്കപ്പെടുകയും അവയെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്താനും വികസിപ്പിക്കാനുമുള്ള അവസരതുല്യത ഉറപ്പാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും നീതി ഉറപ്പാക്കിക്കൊണ്ടുള്ള ഗുണതാവിദ്യാഭ്യാസം ലഭ്യമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന ചോദ്യം ഉയരുകയാണെങ്കിൽ, ഇല്ല എന്ന ഉത്തരം മാത്രമേ ഈ ഘട്ടത്തിൽ പറയാൻ കഴിയൂ. എന്തുകൊണ്ടാണ് ഇത് എന്ന് പരിശോധിക്കണമെങ്കിൽ നമുക്ക് ഇന്നലെകളിലെ അനുഭവങ്ങളിലേക്ക് വിമർശനാത്മകമായി തിരിഞ്ഞുനോക്കേണ്ടതുണ്ട്.

അക്കാദമിക കാര്യങ്ങളിൽ സംവാദം നടക്കുമ്പോഴും സ്കൂൾവിദ്യാഭ്യാസംവഴി ഉണ്ടാകേണ്ടിയിരുന്ന മൂല്യബോധം അജണ്ടയിലെവിടെയും വന്നില്ല. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം സാർവ്വത്രികമാകുമ്പോഴും വികസിക്കേണ്ട പൗരബോധം, ശുചിത്വബോധം, ലിംഗനീതി അവബോധം, ശാസ്ത്രാവബോധം, യുക്തിചിന്ത എന്നിവയൊന്നും വേണ്ടതോതിൽ വികസിച്ചില്ല. മാർക്ക് വാങ്ങാനുള്ള തത്രപ്പാടിൽ ആരോഗ്യക്ഷമത അജണ്ടപോലും ആയി വന്നില്ല എന്നത് കാണേണ്ടതുണ്ട്.

പന്ത്രണ്ട് വർഷത്തെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുന്നവരിൽ ഏതാണ്ട് പകുതിയോളം പേർ ഉന്നതവിദ്യാഭ്യാസഘട്ടത്തിലേക്ക്

പ്രവേശിക്കുന്നു. പകുതിയിലധികം പേർ ജീവിത വ്യവഹാരങ്ങളിലേക്കാണ് പോകുന്നത്. ഇങ്ങനെ ജീവിത വ്യവഹാരങ്ങളിലേക്ക് പോകുന്നവർക്ക് ആത്മവിശ്വാസത്തോടെയും അഭിമാനബോധത്തോടെയും ഏതെങ്കിലുമൊരു തൊഴിൽ തുറയിൽ ഇടപെടാനുള്ള അറിവും കഴിവും നൈപുണിയും മനോഭാവവും വികസിപ്പിക്കാനുതകുന്ന പ്രായോഗികാനുഭവങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നു. അധ്വാനപ്രധാനമായ തൊഴിലുകളോട് ഒരുതരം വിരക്തി പ്രകടിപ്പിക്കുകയാണ് നമ്മുടെ യുവതലമുറ ചെയ്യുന്നത്. ഇത് നമ്മുടെ സ്കൂൾവിദ്യാഭ്യാസഘട്ടത്തിന്റെ ഒരു ദൗർബല്യമാണ്. ഇക്കാര്യവും അഭിമുഖീകരിക്കേണ്ടതുണ്ട്.

തൊഴിലിനോടുള്ള മനോഭാവം രൂപപ്പെടുത്തുന്നതിലും തൊഴിൽ ശേഷി വികാസത്തിലും സ്കൂൾവിദ്യാഭ്യാസം ഗൗരവമായ ഇടപെടൽ നടത്തിയില്ല. കുറെയേറെ വർഷങ്ങൾക്ക് മുമ്പുവരെ നമ്മുടെ തൊഴിൽശക്തിയുടെ വലിയൊരുഭാഗം സ്കൂൾവിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിൽ കൊഴിഞ്ഞ് പോയവരോ പരാജയപ്പെട്ടവരോ ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ തൊഴിൽശക്തി എന്നത് പന്ത്രണ്ടാംക്ലാസ് കഴിഞ്ഞ വിദ്യാസമ്പന്നരുടേതാണ്. സ്കൂൾഘട്ടം ഇവരെ ഒരു തരത്തിലുമുള്ള തൊഴിലിനും മനസ്സുകൊണ്ടും ശരീരംകൊണ്ടും സജ്ജമാക്കാത്തതിനാൽ ഇവരെല്ലാം തൊഴിലന്വേഷകരായി മാറുകയും തൊഴിലില്ലാഗണത്തിൽ പെടുകയും ചെയ്യുന്നു. അതേസമയം പല തൊഴിലിനും വൈദഗ്ധ്യമുള്ള തൊഴിലാളികളെ ലഭിക്കാതെ വരുന്ന പ്രശ്നം നിലനിൽക്കുകയും ചെയ്യുന്നു. ഈ വിടവിലൂടെയാണ് മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികൾ വലിയതോതിൽ കേരളത്തിലെത്തുന്നത്. എന്നാൽ സ്കൂൾവിദ്യാഭ്യാസത്തിന് ശേഷം നാട്ടിലെ പണിചെയ്യാൻ വിമുഖത കാട്ടുന്ന കേരളീയയുവത മറ്റു നാടുകളിൽ വിവിധങ്ങളായ തൊഴിലുകളിൽ അർപ്പണ മനോഭാവത്തോടെ ഇടപെടുകയും ചെയ്യുന്നു. ഇതിനെല്ലാം കാരണമാകുന്നതിന് നിർണായകമായ ഒരു ഘടകം നമ്മുടെ സ്കൂൾവിദ്യാഭ്യാസത്തിലെ ഉള്ളടക്കവും പഠനരീതിയും വിദ്യാഭ്യാസത്തോടുള്ള സമൂഹത്തിന്റെ നിലപാടുമാണ്. ഈ പ്രശ്നങ്ങളെയെല്ലാം അഭിമുഖീകരിക്കാൻ സ്കൂൾ പാഠ്യപദ്ധതിക്ക് കഴിയേണ്ടതുണ്ട്. പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടണമെങ്കിൽ തൊഴിലിനോടുള്ള സാമൂഹിക മനോഭാവം മാറേണ്ടതുണ്ട്. സ്കൂൾ പാഠ്യപദ്ധതിയിൽ തൊഴിൽ മനോഭാവവികാസവും തൊഴിൽ നൈപുണിവികാസവും ഉൾച്ചേർക്കാൻ കഴിയേണ്ടതുണ്ട്. തൊഴിൽ സംസ്കാരവും, നല്ലൊരു തൊഴിൽശേഷിയെ വികസിപ്പിക്കുക എന്നതും പ്രധാനമാണ്.

ഇതുപോലെ പരിഗണിക്കേണ്ട മറ്റൊരു കാര്യമാണ് കുട്ടികളിൽ വലിയൊരു ഭാഗം സ്കൂൾവിദ്യാഭ്യാസഘട്ടം കഴിയുമ്പോഴേക്കും ഉന്നതവിദ്യാഭ്യാസത്തിനായി സജ്ജമാകുന്നില്ല എന്നത്. ഒരു വലിയ വിടവ് സ്കൂൾവിദ്യാഭ്യാസഘട്ടവും ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടവും തമ്മിൽ ഉണ്ട് എന്നതും കാണേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ഉന്നതവിദ്യാഭ്യാസത്തിൽ പ്രവേശിക്കുന്ന കുട്ടികൾ അതിന്റേതായ പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടേണ്ടിവരുന്നുണ്ട്.

മലയാള മാധ്യമം ക്ലാസുകൾ വളരെ വേഗമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്. ഇംഗ്ലീഷ് മാധ്യമത്തോട് കാട്ടുന്ന അശാസ്ത്രീയമായ ഭ്രമം അപകടകരമായ അവസ്ഥയിലേക്ക് നയിക്കും. നാടിന്റെ ഭാഷയിൽ ആണ് ആത്മവിശ്വാസത്തോടെ അറിവിന്റെ നിർമിതിയും അറിവിന്റെ ആർജനവും വിനിമയവും നടക്കുക. നീതിയിലധിഷ്ഠിതവും അവസരതുല്യത ഉറപ്പാക്കുന്നതുമായ ഗുണമേന്മാ വിദ്യാഭ്യാസം സാർത്ഥകമാക്കുന്നതിന് വിലങ്ങുതടിയാണ് ഇംഗ്ലീഷ് മാധ്യമത്തോടുള്ള കേരളീയസമൂഹത്തിന്റെ ഭ്രമം. ഇതിനെ ഒരു വിദ്യാഭ്യാസ സാംസ്കാരിക പ്രശ്നമായി കണ്ടുകൊണ്ട് പ്രതിരോധിക്കേണ്ടതുണ്ട്. ഈ പ്രതിരോധം ജനകീയമാകണമെങ്കിൽ നമ്മുടെ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. മാതൃഭാഷ സ്കൂൾവിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളുടെയും മാധ്യമമായി നിലനിർത്തുകയും ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താനുള്ള സമഗ്രമായ വിദ്യാഭ്യാസപദ്ധതികൾ പാഠ്യപദ്ധതി നവീകരണഘട്ടത്തിൽ ഏറ്റെടുക്കുകയും ചെയ്യേണ്ടതുണ്ട്.

ജ്ഞാനസമൂഹം, പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക തുടങ്ങിയ സാമൂഹികമായി അംഗീകരിക്കപ്പെട്ട സങ്കൽപനങ്ങളെ പ്രയോഗപഥത്തിൽ കൊണ്ടുവരണമെങ്കിൽ അതനുസരിച്ചുള്ള പരിവർത്തനങ്ങൾ സ്കൂൾവിദ്യാഭ്യാസഘട്ടത്തിലുണ്ടാകണം. സാമൂഹികമായി അംഗീകരിക്കപ്പെട്ട ഇത്തരം കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത് കോവിഡ് 19 മഹാമാരി നമുക്ക് തന്ന അനുഭവപാഠങ്ങളുടെ പശ്ചാത്തലത്തിൽ വികസിപ്പിക്കാനുദ്ദേശിക്കുന്ന നവകേരളസൃഷ്ടിയുടെ സാധ്യതകൾ കണ്ടുകൊണ്ടു വേണം. അറിവിന്റെ തലത്തിലും സാങ്കേതികവിദ്യയുടെ തലത്തിലും വന്ന മാറ്റങ്ങളെ ഉൾച്ചേർത്തുകൊണ്ട് ജ്ഞാനസമൂഹത്തിനനുഗുണമായ സ്കൂൾ പാഠ്യപദ്ധതി വികസിപ്പിക്കാൻ കഴിയണം.

മാനവസമൂഹം ഉത്പാദിപ്പിക്കുന്ന വിവരങ്ങൾ പ്രത്യക്ഷമായോ സാങ്കേതികവിദ്യയിലൂടെയോ പ്രാപ്യമാകുമ്പോൾ അവ സ്വന്തം അറിവുകളാക്കി നിരന്തരം മാറ്റുന്ന സമൂഹമാണ് ജ്ഞാനസമൂഹം. അവ

രവർ ജീവിക്കുന്ന പ്രകൃതിയുമായും സമൂഹവുമായും ബന്ധിപ്പിച്ചാണ് അറിവുകൾ സൃഷ്ടിക്കപ്പെടുക. ഇത്തരം സമൂഹത്തിലെ വിദ്യാഭ്യാസം അറിവു സൃഷ്ടിക്കുന്ന കുട്ടിയെ വളർത്തിയെടുക്കുന്നതാകണം. നിലവിലുള്ള പാഠ്യപദ്ധതി അതിന് യോജിച്ചതല്ലെങ്കിൽ അനുയോജ്യമായ പാഠ്യപദ്ധതി എങ്ങനെ വികസിപ്പിക്കാം എന്ന ആലോചനകൾ നടക്കേണ്ടതുണ്ട്. കേരളത്തിലെ മേന്മയായി പറയുന്ന സാങ്കേതികവിദ്യാ ക്ലാസ്മുറികളെ ഇത്തരം ഒരു പരിവർത്തനത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്നതും ചർച്ചചെയ്യണം. ഭൗതിക സൗകര്യം മെച്ചപ്പെട്ടു എന്നതുകൊണ്ട് മാത്രം ഗുണമേന്മാ വർധനവ് ഉണ്ടാകാനിടയില്ല എന്ന അനുഭവം ഉൾക്കൊള്ളാൻ കഴിയണം.

കുട്ടി ജീവിക്കേണ്ട ലോകക്രമം മത്സരാധിഷ്ഠിതമാണ്. ഇത്തരം മത്സരാധിഷ്ഠിത ലോകത്തിൽ അറിവിന്റെ ഉത്പാദനവും, വിനിമയവും, പ്രയോഗവും എങ്ങനെയാണെന്ന് മനസ്സിലാക്കണം. പ്രശ്നനിർധാരണ ശേഷിക്ക് അതീവ പ്രാധാന്യമുണ്ട്. അതിനുള്ള ശേഷി നേടണമെങ്കിൽ ക്ലാസ്മുറികളിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങൾ പ്രധാനമാണ്. അത്തരം അനുഭവങ്ങൾ ലഭ്യമാക്കുന്ന പ്രക്രിയാധിഷ്ഠിത ക്ലാസ്മുറികൾ എങ്ങനെ വികസിപ്പിക്കാം എന്ന ആലോചന നടക്കണം. 'തത്തമ്മേ പൂച്ച പൂച്ച' എന്ന അറുപഴഞ്ചൻ രീതി ഇനിയും തുടരാൻ കഴിയില്ല. അതിൽ മാറ്റം ഉണ്ടാകണം.

കേരളത്തിലെ കാലാവസ്ഥ വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ നിന്നും ഭിന്നമായി മഴക്കാലങ്ങളെക്കുറിച്ചുള്ള സങ്കൽപ്പനങ്ങൾ മാറ്റേണ്ടി വന്നേക്കാം. പ്രകൃതിദുരന്തങ്ങൾ ഏതുകാലത്തും പ്രതീക്ഷിക്കാം. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ പ്രകൃതി സംരക്ഷണ പ്രവർത്തനത്തിന്റെ പ്രാധാന്യം ആശയപരമായും പ്രായോഗികമായും സ്വയംബോധ്യപ്പെടാനും പ്രകൃതിദുരന്തങ്ങളെ അഭിമുഖീകരിക്കാനും എങ്ങനെ സ്വയം സജ്ജരാകണം എന്ന കാര്യം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം.

ലിംഗസമത്വം എന്ന ഭരണഘടനാ നിലപാടിനെ അംഗീകരിക്കാൻ വിമുഖത കാട്ടുന്നതും, യുക്തിചിന്ത എന്നതിനെ യുക്തിവാദമായി ഉയർത്തിക്കാട്ടി സമൂഹത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതും എന്തുകൊണ്ടാണ്? ലിംഗനീതി, ലിംഗാവബോധം എന്നിവയെല്ലാം തർക്കവിഷയങ്ങളായി മാറുന്നത് എന്തുകൊണ്ട്? ജന്റർ എന്ന സാമൂഹിക നിർമിതിയെ സെക്സ് എന്ന ജൈവിക സവിശേഷതയുമായി തുലനം ചെയ്ത് തെറ്റിദ്ധരിപ്പിക്കുന്നത് എന്തുകൊണ്ട് എന്നെല്ലാം പരിശോധിക്കണം.

ഇത്രമാത്രം വിദ്യാസമ്പന്നമായ ഒരു സമൂഹത്തിൽ പൗരബോധം എന്തുകൊണ്ടാണ് ഉണ്ടാകാത്തത്? 'എന്റെ മാലിന്യം നിങ്ങളുടെ ഉത്തരവാദിത്തം' എന്ന നിലപാട് എന്തുകൊണ്ടാണ് വിദ്യാസമ്പന്നർ പോലും കൈക്കൊള്ളുന്നത്? എന്തുകൊണ്ടാണ് ട്രാഫിക്ക് നിയമങ്ങൾ പാലിക്കണം എന്ന് തോന്നാത്തത്? സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചുവരുന്നത് എന്തുകൊണ്ടാണ്? ഇത്തരം കാര്യങ്ങൾ അഭിമുഖീകരിക്കാൻ ഒരു പരിഷ്കൃത സമൂഹത്തിലെ പാഠ്യപദ്ധതിക്ക് കഴിയണം.

ആരോഗ്യ സൂചകങ്ങളിലെല്ലാം മുൻപന്തിയിലാണ് നാം. എന്നാൽ രോഗാതുരതയിലും മുന്നിലാണ്. ഈ വൈരുധ്യത്തെ അഭിമുഖീകരിക്കാൻ കഴിയണം. പരീക്ഷയ്ക്ക് സജ്ജമായാൽ മതി, അതിന്റെ പേരിൽ കളി, വ്യായാമം, കല, സാഹിത്യ–സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം വളരുന്ന തലമുറയ്ക്ക് നിഷേധിക്കുന്ന മാനസികാവസ്ഥയിൽ നിന്നും സമൂഹത്തെ എങ്ങനെ മോചിപ്പിക്കാം എന്ന കാര്യം സംവദിക്കപ്പെടണം. കുട്ടികൾക്ക് കുട്ടിത്തം നിഷേധിക്കുന്ന അവസ്ഥ എങ്ങനെ ഒഴിവാക്കാം എന്ന് ചിന്തിക്കണം.

അതുപോലെ കുട്ടികളുടെ പ്രായവും പ്രകൃതവും അഭിരുചികളും പരിഗണിച്ച് പ്രീസ്കൂൾ, പ്രൈമറി, സെക്കന്ററി തലങ്ങളിലെ ഉള്ളടക്കവും ബോധനരീതികളും ചിട്ടപ്പെടുത്താൻ പാഠ്യപദ്ധതി നവീകരണഘട്ടത്തിൽ കഴിയണം. എല്ലാത്തരം സർഗ വാസനകളെയും ഉൾക്കൊള്ളാൻ പാഠപദ്ധതി സജ്ജമാകണം.

എല്ലാവരെയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്യാൻ പാഠ്യപദ്ധതിക്ക് കഴിയണം. ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന കുട്ടികൾ, അരികുത്കരിക്കപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾ, ആദിവാസി കുട്ടികൾ, മലയാളഭാഷയല്ലാത്ത ഭാഷകൾ വീട്ടുഭാഷയായ കുട്ടികൾ എന്നിവർക്കെല്ലാം നീതി ഉറപ്പാക്കാൻ പാഠ്യപദ്ധതിക്ക് കഴിയണം.

പഠിച്ചില്ലെങ്കിലും പരീക്ഷകൾ മാത്രം മതി എന്ന സാമൂഹിക നിലപാട് ഒരു പുരോഗമന സമൂഹത്തിന് ചേർന്നതാണോ? കുട്ടികളുടെ ശാസ്ത്രീയ വിലയിരുത്തൽ അനിവാര്യമാണ്. എന്നാൽ യാന്ത്രിക പരീക്ഷകൾ കുട്ടികളെ സമ്മർദ്ദം, ആകാംക്ഷ, പിരിമുറുക്കം എന്നിവയ്ക്ക് വിധേയമാക്കി മാനസികമായി തളർത്തുമെന്നത് എന്തുകൊണ്ട് കേരളീയസമൂഹം തിരിച്ചറിയുന്നില്ല? കേരളത്തിൽ കുട്ടികളുടെ ഇടയിൽ വർധിച്ചുവരുന്ന വിഷാദരോഗങ്ങളെ നിസ്സാരമെന്ന് പറഞ്ഞ് തള്ളിക്കളയാൻ കഴിയുമോ? ഇക്കാര്യങ്ങളെല്ലാം ആലോചിക്കേണ്ടതുണ്ട്.

കേരളത്തിലെ ശരാശരി മധ്യവർഗമനസ്സിനെ വച്ചുകൊണ്ട് മാത്രം ഒരു പാഠ്യപദ്ധതി പരിഷ്കരണം പരിമിതപ്പെടുത്തുവാൻ കഴിയുമോ?

എക്സലൻസ് എന്നത് നമ്മുടെ പരിഗണനയിൽ വരേണ്ടതില്ലേ? കോർപ്പറേറ്റുകൾക്ക് കീഴിൽ വിധേയമനസ്സോടെ 10–15 മണിക്കുറുകളിൽ കൂടുതൽ തൊഴിൽ ചെയ്യുന്നവരെ സൃഷ്ടിക്കലാണോ വിദ്യാഭ്യാസത്തിന്റെ ധർമം? ആത്മവിശ്വാസത്തോടെ, ആത്മാഭിമാനത്തോടെ മതനിരപേക്ഷതയിലും ജനാധിപത്യ അടിത്തറയിലുമുള്ള ഒരു രാഷ്ട്രത്തെ സ്വപ്നംകാണാനെങ്കിലും നമ്മുടെ അടുത്ത തലമുറയ്ക്ക് കഴിയണ്ടേ? ഇതെങ്ങനെ സാധിക്കും തുടങ്ങിയ കാര്യങ്ങളും പാഠ്യപദ്ധതി സംവാദത്തിന്റെ ഭാഗമാകണം.

ഏതൊരു പഠനപദ്ധതിയും വിജയിക്കണമെങ്കിൽ അധ്യാപകരുടെ അർത്ഥപൂർണമായ പങ്കാളിത്തം പ്രധാനമാണ്. പഴയകാലത്തെ വിദ്യാഭ്യാസപദ്ധതി നടപ്പാക്കുന്നതിനായുള്ള പരിശീലനം ലഭിച്ചവരാണ് ഭൂരിപക്ഷം അധ്യാപകരും. അതുകൊണ്ട് തന്നെ പുതിയകാല ക്ലാസ്മുറികൾ ആവശ്യപ്പെടുന്നവിധം പെട്ടെന്ന് പരിവർത്തിപ്പിക്കാൻ പല അധ്യാപകർക്കും സാധിക്കുന്നില്ല. ജനായത്ത വിദ്യാഭ്യാസത്തിലധിഷ്ഠിതമായ പാഠ്യപദ്ധതി വിനിമയം അധ്യാപകരുടെ പ്രൊഫഷണലിസം വർധിപ്പിച്ചുകൊണ്ട് മാത്രമേ കഴിയൂ. അധ്യാപകരുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും മാറ്റം വരുത്തിയാലേ ഏതുതരം പാഠ്യപദ്ധതിയും വിജയിക്കുകയുള്ളൂ. ഇതിനായുള്ള സമഗ്രമായ ആലോചനകളും നടപടികളും പാഠ്യപദ്ധതി നവീകരണത്തോടൊപ്പം ഉണ്ടാകണം. കുട്ടികളെക്കൂടി പങ്കാളികളാക്കി പ്രക്രിയാബന്ധിത ക്ലാസ്മുറികളാക്കി പഠന ഇടത്തെ മാറ്റണമെങ്കിൽ അതിനായി അധ്യാപകരെ സജ്ജമാക്കണം. അന്വേഷണാത്മക പഠനത്തെ പ്രോത്സാഹിപ്പിക്കണമെങ്കിൽ അധ്യാപകർ നിരന്തരം നവീകരിക്കപ്പെടേണ്ടിവരും. അധ്യാപകരുടെ അറിവിന്റെ തലത്തിനപ്പുറത്തേക്ക് കുട്ടികൾ വളരാൻ പാടില്ല എന്ന് അറിഞ്ഞോ അറിയാതെയോ കൈക്കൊള്ളുന്ന ഫ്യൂഡൽ നിലപാടിൽ നിന്നും അത്തരം അധ്യാപകരെ മോചിപ്പിക്കുന്ന തരത്തിലുള്ള പരിശീലനങ്ങൾ അനിവാര്യമാണ്. അധ്യാപകരുടെ അറിവും കഴിവും വികസിപ്പിക്കുന്നതിനുള്ള ആഴത്തിലുള്ള പരിശീലനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അതനുസരിച്ച് അധ്യാപക പരിശീലനകേന്ദ്രങ്ങളെയും ഉയർത്തിയെടുക്കേണ്ടതുണ്ട്. ഇതെല്ലാം എങ്ങനെ വേണം എന്നതും ചർച്ചചെയ്യപ്പെടണം. അതുപോലെ സമൂഹത്തിന്റെ സജീവമായ പങ്കാളിത്തം അക്കാദമിക കാര്യങ്ങളിലടക്കം ഉണ്ടാകേണ്ടതുണ്ട്.

രക്ഷകർത്താക്കളെ സജ്ജമാക്കുക എന്നതും പ്രധാനമാണ്. കേരളത്തിൽ വിദ്യാഭ്യാസപ്രക്രിയയിൽ നിർണായക സ്വാധീനം ചെലുത്തുന്നവരാണ് രക്ഷിതാക്കൾ. ശാസ്ത്രീയമായ പഠനപ്രക്രിയകളെ

ക്കുറിച്ചുള്ള ധാരണ രക്ഷകർത്താക്കൾക്കും ഉണ്ടാകണം.

നാം ഇതുവരെ അഭിമുഖീകരിക്കാത്ത പ്രകൃതിക്ഷോഭങ്ങൾ, മഹാമാരികൾ ഇവയെല്ലാം ഉണ്ടായാൽ സ്വീകരിക്കേണ്ട കരുതലുകൾ നമ്മുടെ പരിഗണനാവിഷയം ആകണം. സമൂഹത്തെ ഭിന്നിപ്പിക്കുന്ന ശക്തികൾ രാജ്യത്ത് പലയിടത്തും നടത്തുന്ന കുത്സിതശ്രമങ്ങൾ കാണാതിരിക്കാൻ കഴിയില്ല. അക്കാദമികമായി ഇടപെടുന്നതോടൊപ്പം ഭരണനിർവഹണരംഗത്തും വലിയ മാറ്റങ്ങൾ അനിവാര്യമാണ്. ഇതിനായി തുടങ്ങിവെച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണം. ഇതെല്ലാം ചെയ്യുമ്പോഴും ഫെഡറൽ തത്വങ്ങളെയും കീഴ്‌വഴക്കങ്ങളെയും ദുർബലപ്പെടുത്തുന്ന ദേശീയ വിദ്യാഭ്യാസനയത്തിലെ അപകടങ്ങളെയും ശ്രദ്ധിക്കേണ്ടതുണ്ട്.

## പ്രാദേശിക സർക്കാരുകളുടെ പിന്തുണ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടതോതിൽ വിദ്യാഭ്യാസരംഗത്ത് പ്രയോജനപ്പെടുത്താൻ ഇനിയും നമുക്ക് കഴിയേണ്ടിയിരിക്കുന്നു. കുട്ടികളുടെ സകലമാന കഴിവുകളേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസക്രമത്തിൽ  പ്രാദേശിക വൈദഗ്ധ്യത്തെക്കൂടി പ്രയോജനപ്പെടുത്തേണ്ടിവരും. ഗുണതാവിദ്യാഭ്യാസത്തിൽ ഒട്ടേറെ കാര്യങ്ങൾ ഏകോപിപ്പിക്കാൻ കഴിയുക തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ്. അതിനുള്ള  കൃത്യമായ പ്രവർത്തനപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. സമഗ്രശിക്ഷ കേരളയുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന പദ്ധതികളുമായി ഉദ്ഗ്രഥിക്കാൻ കഴിയണം. അരികുവത്കരിക്കപ്പെടുന്നവരുടെയും പ്രാദേശിക വൈദഗ്ധ്യങ്ങൾ പരിഗണിച്ച് എല്ലാവരെയും ഉൾച്ചേർക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി വിജയിക്കണമെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം.

ഇങ്ങനെ പരിവർത്തനപാതയിൽ മുന്നേറുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസമുന്നേറ്റഘട്ടങ്ങൾ കൂടി മനസ്സിലുണ്ടാകണം.

## മാറ്റത്തിന്റെ കനൽവഴികൾ

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസരീതി സ്വാഭാവികമായി വികസിക്കും എന്ന് കരുതാൻ കഴിയില്ല. കേരളീയ വിദ്യാഭ്യാസവളർച്ചയുടെ അല്ലെങ്കിൽ സമൂഹവികാസത്തിന്റെ ഇന്നലെകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും. അതിതീക്ഷ്ണമായ പോരാട്ടങ്ങളും ചെറുത്തുനില്പുകളും നിലപാടുകളുടെ ദൃഢതയും എല്ലാം പ്രയാണത്തിൽ കാണാം. എന്നെല്ലാം പുരോഗമനപരമായ മുന്നേ

റ്റങ്ങളുണ്ടായിട്ടുണ്ടോ അന്നെല്ലാം സാമ്പ്രദായികശക്തികൾ കിട്ടാവു ന്നവരെയെല്ലാം കൂട്ടി വിഷം ചീറ്റിയിട്ടുമുണ്ട്.

പഞ്ചമിയുടെ സ്കൂൾ പ്രവേശനവും, പെൺകുട്ടികൾ സ്കൂളിൽ പഠിക്കാൻ വന്നതും, സവർണരല്ലാത്തവർ സ്കൂളിലെത്തിച്ചേർന്ന തും എല്ലാം അതിതീവ്രമായ എതിർപ്പുകളെയും പടച്ചുണ്ടാക്കിക്കൊ ണ്ടിരുന്ന വിവാദങ്ങളെയും അതിന്റെ ഭാഗമായി ഉണ്ടായ അതിക്ര മങ്ങളെയും എല്ലാം മറികടന്നാണ്. പെൺപള്ളിക്കൂടങ്ങൾ കത്തിച്ചു കളഞ്ഞ അനുഭവങ്ങളും ഈ നാടിനുണ്ട്. അതിലെല്ലാം പകച്ചുപോയി പിൻവാങ്ങിയ ചരിത്രമല്ല നമ്മുടേത്. പുരോഗമനപരമായ നിലപാ ടുകൾ കൈക്കൊണ്ട ഘട്ടങ്ങളിലെല്ലാം പ്രചണ്ഡമായ കോലാഹല ങ്ങൾ കേരളീയ വിദ്യാഭ്യാസവികാസ ചരിത്രത്തിലെ സ്വാഭാവിക തകളാണ്. ഇതിന് എല്ലാക്കാലത്തും നേതൃത്വം നൽകിയിരുന്നത് ഏതുതരം മാറ്റങ്ങളെയും എതിർക്കുന്ന സാമ്പ്രദായികശക്തികളാണ്.

മതം, ജാതി, സമുദായം എന്നിവയിലെ മാറ്റത്തിനെതിരായി നി ൽക്കുന്ന വിഭാഗവും വിദ്യാഭ്യാസത്തിൽ അന്തർലീനമായ സാമ്പ ത്തിക താത്പര്യമുള്ളവരും സങ്കുചിത ചിന്താഗതിക്കാരും ചേർന്ന കൂട്ടുമുന്നണിയാണ് അന്നും ഇന്നും എതിർപ്പിന്റെ മുന്നണിയിൽ കാണുന്നത്.

എന്നാൽ മത, ജാതി, സമുദായ കൂട്ടായ്മകളിലെ പുരോഗമനേ ച്ഛുക്കൾ എല്ലാക്കാലത്തും വിദ്യാഭ്യാസവളർച്ചയുടെ ഭാഗമായി നില നിന്നിരുന്നു എന്നതും കൗതുകകരമായ മറ്റൊരു യാഥാർത്ഥ്യമാണ്. ഇങ്ങനെ എതിർപ്പുകൾ, വിവാദങ്ങൾ എന്നിവ പുറത്ത് നടക്കുമ്പോ ഴും സമൂഹത്തിനകത്ത് ആരോഗ്യകരമായ ആന്തരിക സംവാദങ്ങ ളും കേരളത്തിൽ നടന്നിരുന്നു. ഇങ്ങനെ നടന്ന ആന്തരിക സംവാദ ങ്ങളിലൂടെ രൂപപ്പെട്ട പൊതുസമവായമാണ് പൊതുവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കാരണമായത്. ഇതെ ല്ലാമാണ് വിദ്യാഭ്യാസത്തിൽ പ്രാപ്യത, പഠനത്തുടർച്ച എന്നീ കാര്യ ങ്ങളിൽ ഇന്ത്യയിൽ ഏറ്റവും മുമ്പിലുള്ള സംസ്ഥാനമാക്കി നമ്മെ മാ റ്റിയത്. മത, ജാതി, ലിംഗപരവും സാമൂഹികവുമായ ഉച്ചനീചത്വങ്ങൾ ക്കെല്ലാം അതീതമായി സ്കൂൾപ്രായത്തിലുള്ള ഏതാണ്ടെല്ലാ കുട്ടിക ളും സ്കൂളിലെത്തുന്നതും പന്ത്രണ്ടാംക്ലാസുവരെ പഠനം തുടരുന്നതും എതിർപ്പുകളെ അതിജീവിച്ചുകൊണ്ടുതന്നെയായിരുന്നു.

പൊതുവിദ്യാഭ്യാസരംഗത്ത് സാമൂഹിക നിയന്ത്രണം കൊണ്ടു വരാൻ എപ്പോഴെല്ലാം ശ്രമങ്ങൾ നടന്നിട്ടുണ്ടോ അപ്പോഴെല്ലാം നേരത്തെ സൂചിപ്പിച്ച സാമ്പ്രദായിക സാമൂഹികശക്തികൾ ഒന്നി ച്ചണിചേർന്ന് ചെറുത്തിട്ടുമുണ്ട്. 1957 ലെ വിദ്യാഭ്യാസബില്ലിനെതി

രായ കൂട്ടായ്മ ഉണ്ടാക്കിയതും വിമോചനസമരത്തിലൂടെ പുരോഗമന സർക്കാരിനെ അട്ടിമറിച്ചതും ഇക്കൂട്ടർ തന്നെയാണ്.

വിദ്യാഭ്യാസനിയമത്തിന്റെ ഗുണം ലഭിച്ച അധ്യാപകരിൽ ചെറിയൊരു വിഭാഗം സങ്കുചിത, സാമ്പ്രദായിക ശക്തികളോടൊപ്പം എല്ലാക്കാലത്തും ചേർന്നുനിന്ന് പുരോഗമന വിദ്യാഭ്യാസപദ്ധതികളെ എതിർക്കുന്നതും നമുക്ക് കാണാവുന്നതാണ്. സ്കൂൾവിദ്യാഭ്യാസരംഗത്ത് പുരോഗമനപരമായ പരിവർത്തനങ്ങൾ എപ്പോഴെല്ലാം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം മാറ്റങ്ങൾക്കെതിരെ നിൽക്കുന്ന ശക്തികൾക്ക് ഇന്ധനം പകർന്ന് നൽകുന്നത് ഇക്കൂട്ടരാണ്.

പൊതുവിദ്യാലയങ്ങളെ ദുർബലപ്പെടുത്തി സ്വകാര്യ അൺഎയ്ഡഡ് വിദ്യാലയങ്ങൾ വ്യാപകമാക്കുന്ന കാര്യത്തിലും, പ്രീഡിഗ്രി ബോർഡ് സ്ഥാപിക്കാൻ വ്യഗ്രതകാട്ടിയതിലും, പരിവർത്തനാത്മകമായ പാഠ്യപദ്ധതി കൊണ്ടുവന്ന ഘട്ടങ്ങളിൽ അതിനെതിരെ നിലപാടെടുക്കാൻ അതതുകാലങ്ങളിലെ വലതുപക്ഷ ശക്തികളെ പ്രേരിപ്പിച്ചതിലും ഒക്കെ ഇവരുടെ സാന്നിധ്യം പ്രകടമായിരുന്നു. അതിനായി വിദ്യാഭ്യാസകാര്യത്തിൽ തീവ്ര പ്രതിലോമ നിലപാടെടുക്കുന്നവരുമായിപ്പോലും സന്ധിചേരാനും കുറുമുന്നണിയുടെ ഭാഗമാകാനും വലതുപക്ഷശക്തികൾ തയ്യാറായിരുന്നു. ഈ ഘട്ടങ്ങളിലെല്ലാം താത്കാലിക തിരിച്ചടികൾ ഉണ്ടായിരുന്നെങ്കിലും പൊതുഇടങ്ങളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും നേതൃത്വംനൽകിയ ശക്തികൾ ആണ് മുന്നേറിയത് എന്ന കാര്യം ഇന്നു നടക്കുന്ന വിവാദങ്ങൾക്കിടയിൽ മറന്നുപോകരുത്.

ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് 2005 ന്റെ തുടർച്ചയായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 തയ്യാറാക്കിയ ഘട്ടത്തിലും തുടർന്ന് പാഠപുസ്തകങ്ങൾ വികസിപ്പിച്ച ഘട്ടത്തിലും കേരളത്തിൽ മാറ്റങ്ങൾക്കെതിരെ നിലകൊണ്ട ശക്തികൾ ഉണ്ടാക്കിയ പുകിൽ മറക്കാനായിട്ടില്ല. നിരീക്ഷണം, പരീക്ഷണം, ദത്തശേഖരണം, വിശകലനം, നിഗമനത്തിലെത്തൽ, അതുവഴി അറിവ് നിർമിക്കൽ അങ്ങനെ സ്വായത്തമാക്കിയ അഥവാ സ്വാംശീകരിച്ച അറിവിനെ പ്രശ്ന സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തൽ എന്ന ശാസ്ത്രീയപഠനരീതിയെ പ്രശ്നോന്നീത സമീപനം എന്ന പദത്തോട് യുദ്ധംചെയ്ത് പ്രതിരോധിക്കാനും അട്ടിമറിക്കാനും സാമ്പ്രദായികശക്തികൾക്ക് ഒരുപരിധിവരെ കഴിഞ്ഞു എന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല.

പറഞ്ഞു വരുന്നത് ആധുനിക വിദ്യാഭ്യാസസിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതും കുട്ടികളെ വിശ്വാസത്തിലെടുക്കുന്നതും, ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും, എല്ലാ കുട്ടികളെയും ഉൾച്ചേ

ർക്കുന്നതുമായ വിദ്യാഭ്യാസപദ്ധതി വികസിപ്പിക്കുക എന്നത് ഏറ്റവും ദുഷ്കരമായ ഒരു ലക്ഷ്യമാണ് എന്നതാണ്. ദേശീയ വിദ്യാഭ്യാസ നയം 2020 പുരോഗമനവിരുദ്ധർക്ക് വേണ്ട എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നുമുണ്ട്.

ദേശീയനയത്തിന്റെ തുടർച്ചയായി ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് ആയിരുന്നു വികസിപ്പിക്കേണ്ടിയിരുന്നത്. അതേത്തുടർന്ന് ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾ കൂടി പരിഗണിച്ച് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുക എന്നതായിരുന്നു ഇതുവരെയുള്ള അനുഭവം. എന്നാൽ ഇതുവരെ തുടർന്നുവന്ന കീഴ്വഴക്കങ്ങൾ മാറ്റിമറിച്ച് സംസ്ഥാനങ്ങൾ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കണം എന്നും അതിനുശേഷം കേന്ദ്രം പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമരൂപം നൽകുമെന്നുമാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രീസ്കൂൾപാഠ്യപദ്ധതി ചട്ടക്കൂട്, സ്കൂൾപാഠ്യപദ്ധതി ചട്ടക്കൂട്, അധ്യാപക വിദ്യാഭ്യാസപാഠ്യപദ്ധതി ചട്ടക്കൂട്, തുടർവിദ്യാഭ്യാസപാഠ്യപദ്ധതി ചട്ടക്കൂട് എന്നിവ വികസിപ്പിക്കാനുള്ള നടപടികൾ ആണ് ഇപ്പോൾ നടക്കുന്നത്. ഇത് അക്കാദമികമായി തെറ്റായ നിലപാടാണ്. കൂടാതെ ദേശീയതലത്തിലുള്ള വിദ്യാഭ്യാസനയം പ്രയോഗവത്കരിക്കുന്നത് പാഠ്യപദ്ധതിയിലൂടെയാണ്.

പാഠ്യപദ്ധതി വികാസത്തിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകൾ നടന്നുവരുന്നു. ഈ ജനകീയസംവാദം വലിയതോതിലുള്ള ജനകീയവിദ്യാഭ്യാസ പരിപാടി കൂടിയാണ്. ഈ ജനകീയ സംവാദങ്ങളെ പലതലത്തിലും വഴിതിരിച്ചുവിടാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇതിൽ ആദ്യം നടത്തിയത് അക്ഷരപഠനം സംബന്ധിച്ച് വിവാദമുണ്ടാക്കുക എന്നതാണ്. ഭാഷാപഠനത്തിന്റെ പുരോഗമന നിലപാടായ സമഗ്രഭാഷാദർശനം, ആശയാവതരണരീതി എന്നിവയെ അക്ഷരമാല പഠിപ്പിക്കണം എന്ന പേരുംപറഞ്ഞ് അട്ടിമറിച്ച് ചേഷ്ടാവാദത്തിന്റെ അവശിഷ്ടങ്ങളെ ക്ലാസ്മുറിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചത് നമ്മുടെ ഓർമയിലുണ്ടാകണം. കുട്ടികൾ അക്ഷരമാല മനസ്സിലാക്കേണ്ട എന്ന് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ആരംഭഘട്ടങ്ങളിലൊന്നും തീരുമാനിച്ചിരുന്നില്ല. രണ്ടാം ക്ലാസ് പാഠപുസ്തകങ്ങളിൽ ഡി.പി.ഇ.പി ഘട്ടത്തിലും പിന്നീട് 2013 വരെയും അക്ഷരമാല കുട്ടികളെ പരിചയപ്പെടുത്തിയിരുന്നു. അക്ഷരമാല കുട്ടികളെ പരിചയപ്പെടുത്തലും അക്ഷരാവതരണരീതിയും ഒന്നല്ല. വളരെ ബോധപൂർവ്വം പാഠ്യപദ്ധതി ചർച്ചകൾ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ ഇത്തരം വാദങ്ങൾ ഉയർത്തിക്കൊണ്ടു വന്നത്

നിർദ്ദോഷകരമാണ് എന്ന് കരുതുകവയ്യ.

ഇപ്പോൾ നടക്കുന്ന ചർച്ചകൾ പാഠ്യപദ്ധതി ജനകീയ ചർച്ചക്കായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ ചർച്ചാക്കുറിപ്പിൽ ഉള്ള ചില പദങ്ങളെ കേന്ദ്രീകരിച്ചാണ്. അതിൽ പ്രധാനം ലിംഗസമത്വം, ലിംഗാവബോധം, യുക്തിചിന്ത, വിമർശനാവബോധം, ശാസ്ത്രാവബോധം തുടങ്ങിയ പദങ്ങളാണ്. പിന്നീട് സമയമാറ്റം സംബന്ധിച്ച കാര്യവും വിവാദ പ്രശ്നമായി മാറ്റി.

## ഭരണഘടന പറയുന്നത്

ഏതൊരു ദേശത്തിന്റെയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പ്രസ്തുത ദേശത്തിന്റെ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നിലപാടുകളും മൂല്യങ്ങളും വളരുന്ന തലമുറയുടെതാക്കി മാറ്റുന്ന അനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ സത്ത മുഴുവൻ പ്രതിഫലിപ്പിക്കാൻ ഭരണഘടനയുടെ ആമുഖത്തിന് കഴിയുന്നുണ്ട്. സമത്വം എന്നത് നമ്മുടെ ഭരണഘടനയുടെ സത്തയായി ആമുഖത്തിൽ തന്നെയുണ്ട്. സമത്വത്തിനുള്ള അവകാശം വിശദീകരിക്കുന്ന ഭാഗത്തിൽ; സെക്ഷൻ 14ൽ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുൻപാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ 15(1)–ൽ മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥലം, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം ഏതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല എന്ന് അനുശാസിക്കുന്നുണ്ട്.

മൗലിക കർത്തവ്യങ്ങൾ വിശദീകരിക്കുന്ന ഭാഗത്ത് സെക്ഷൻ 51 എ യിൽ ഉപവിഭാഗം  എച്ച് ആയി ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക എന്നത് ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## തർക്കത്തിന്റെ പൊരുൾ

നമ്മുടെ സംസ്ഥാനത്ത് വിവിധ രാഷ്ട്രീയപാർട്ടികൾ ഭരിച്ചിരുന്ന അവസരങ്ങളിൽ ഇറക്കിയ വിദ്യാഭ്യാസരേഖകളിൽ, ഇപ്പോൾ വിവാദമാക്കുന്ന പദങ്ങൾ കാണാം. ഇത് സൂചിപ്പിക്കുന്നത് ഇത്തരം പദങ്ങളുടെ കാര്യത്തിൽ ഒരു പൊതുധാരണ അല്ലെങ്കിൽ പൊതുസമവായം കേരളത്തിൽ ഉണ്ടായിട്ടുണ്ട് എന്നാണ്. 2005 ലെ ദേശീയ

പാഠ്യപദ്ധതി ചട്ടക്കൂട്, 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട്, 2013 ലെ പാഠ്യപദ്ധതി നയരേഖ എന്നിവ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

2007 ലെ പാഠ്യപദ്ധതി ചട്ടക്കൂടിനനുസൃതമായി വികസിപ്പിച്ച പാഠപുസ്തകങ്ങളിലെ പുരോഗമനപരമായ അക്കാദമിക നിലപാടുകളെ മാറ്റിമറിക്കാനാണ് 2013ൽ കേരള സ്കൂൾപാഠ്യപദ്ധതി–2013–നയരേഖ തയ്യാറാക്കിയത്. പുതിയ സംസ്ഥാനപാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ചർച്ചാക്കുറിപ്പിലെ മേല്പറഞ്ഞ പദങ്ങളെ ആക്രമിക്കുന്നവർ 2013 ലെ പാഠ്യപദ്ധതി നയരേഖ ഒന്നു വായിച്ചുനോക്കുന്നത് നന്നായിരിക്കും. പ്രസ്തുത രേഖയിൽ 16–ാംപേജിൽ ലിംഗനീതി എന്ന ഭാഗത്ത് പാഠ്യപദ്ധതി ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്നതാകണം. ആൺ–പെൺ വിവേചനം, പാഠ്യപദ്ധതിയിൽ കടന്നുവരാൻ പാടില്ല. പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിൽ പോലും ലിംഗനീതിയുടെ കാഴ്ചപ്പാടുണ്ടാവേണ്ടതുണ്ട് എന്നൊക്കെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

പേജ് 26ൽ പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസത്തിലൂടെ ഉറപ്പുവരുത്തേണ്ട ആത്യന്തിക പഠനനേട്ടം എന്ന ഭാഗത്ത് പ്രശ്നപരിഹാരചിന്ത, യുക്തിചിന്ത, കൃത്യത, സൂക്ഷ്മത, ഗണിതബോധം, ദേശീയബോധം, ദേശീയ പൈതൃകത്തിലുള്ള അഭിമാനം, മതേതരത്വം, സ്ത്രീ പുരുഷസമത്വം, ചെറുകുടുംബ സങ്കല്പം തുടങ്ങിയ ദേശീയ പരിഗണനകളെക്കുറിച്ചുള്ള അവബോധം എന്ന് ഒരു സംശയത്തിനും ഇടനൽകാതെ രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 40 ൽ ഭാഷാപഠനം. പൊതുവായ ലക്ഷ്യങ്ങൾ എന്ന ഭാഗത്ത് യുക്തിചിന്ത, വിമർശനചിന്ത തുടങ്ങിയവ വളർത്താനുള്ളതാവണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശാസ്ത്രവിഷയ സമീപനത്തിന്റെ ഉദ്ദേശ്യങ്ങൾ എന്ന ഭാഗത്ത് പേജ് 55ൽ ഇപ്രകാരം പറയുന്നു: ശാസ്ത്രവീക്ഷണവും യുക്തിചിന്തയും നിത്യജീവിതത്തിൽ പ്രയോഗിക്കാനും അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും തിരിച്ചറിയാനും പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി പരിഹരിക്കാനും സജ്ജരാകുക. കൂടാതെ ഉള്ളടക്കം എന്ന ഭാഗത്ത് പേജ് 56ൽ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും ചൂഷണത്തിന്റെയും ദൂഷിത വലയത്തിൽ നിന്നും പുറത്തുകടക്കാൻ സാമാന്യജനത്തെ ശക്തിപ്പെടുത്തിയ ഉപാധി എന്ന നിലയിൽ ശാസ്ത്രത്തിന്റെ ചരിത്രപരവും സാമൂഹികവുമായ പ്രാധാന്യം ബോധ്യപ്പെടുന്നത് എന്നുകൂടി ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്.

ഭരണഘടന ഉറപ്പുനൽകുന്ന സമത്വം എന്ന ലക്ഷ്യം സാക്ഷാ

ത്കരിക്കുന്നതിന് ഉതകുന്ന തരത്തിൽ സാമ്പത്തിക സ്ഥിതി, ലിംഗം, ജാതി, മതം, പ്രദേശം എന്നിവ സംബന്ധിച്ച വിടവ് കുറയ്ക്കാനും സാമൂഹിക പരിവർത്തനം സാധ്യമാക്കാനുമുള്ള ഉപാധിയായി ശാസ്ത്രം അവതരിപ്പിക്കുന്നത് എന്ന് 2013ലെ നയരേഖയിൽ പേജ് 57ൽ കൊടുത്തിരിക്കുന്നു. യുക്തിചിന്ത, വിമർശനാത്മകബോധം വിമർശനചിന്ത തുടങ്ങിയ പദങ്ങൾ രേഖയിൽ പലയിടത്തും ആവർത്തിച്ച് വരുന്നുമുണ്ട്.

ഭരണത്തിലിരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ എല്ലാം എഴുതി വയ്ക്കുകയും അതിന് നേതൃത്വം നൽകുകയും ഇതിനെല്ലാം അംഗീകാരം നൽകുകയും ചെയ്യവർ തന്നെ ഇപ്പോൾ എല്ലാം വിവാദമാക്കുന്നത് കേരളത്തിലെ വിദ്യാഭ്യാസമുന്നേറ്റത്തെ തളച്ചിടാൻ പടച്ചുണ്ടാക്കുന്ന കർക്കങ്ങൾ എന്നതിനപ്പുറം എന്ത് വസ്തുതകളാണ് അവയിലുള്ളത്? ഇത് സങ്കുചിത രാഷ്ട്രീയ തന്ത്രം എന്നതിനപ്പുറമുള്ള പരിഗണനയ്ക്ക് അർഹമാണോ? ഇത്തരം വിവാദങ്ങളിൽ പെട്ട് ഭരണഘടന നൽകുന്ന അവകാശങ്ങൾ ഉറപ്പാക്കുന്ന ഒരു വിദ്യാഭ്യാസരീതി വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങളിൽ നിന്ന് ഒരു കാരണവശാലും കേരളം പിന്മാറേണ്ടതില്ല.

ഒരു കാര്യം വ്യക്തമാണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസത്തെ ദുർബലപ്പെടുത്താനും സമൂഹത്തിൽ നിന്ന് അകറ്റാനും അതുവഴി കച്ചവട വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് വഴിയൊരുക്കാനുമുള്ള ശ്രമം കേരളത്തിൽ എല്ലാക്കാലത്തും വിജയിക്കാൻ പോകുന്നില്ല. എന്നാൽ, ഇത്തരം സമൂഹവിരുദ്ധ, രാഷ്ട്രവിരുദ്ധ താത്പര്യങ്ങളെ മറികടക്കാനുള്ള സാമൂഹിക പിൻബലം വളർത്തിക്കൊണ്ടുള്ള ശ്രമം നാം തുടരേണ്ടതുണ്ട്.

## വിവാദ വിഷയങ്ങളിൽ പരിഷത്ത് നിലപാടുകൾ

പ്രൈമറിവിദ്യാഭ്യാസരംഗത്ത് ലോകബാങ്ക് അടക്കം ഇടപെടുന്നതിനെതിരായ വിമർശനം ഒരു ഭാഗത്ത് ഉയർത്തിക്കൊണ്ടു വരുമ്പോൾ തന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന അന്വേഷണം മറുഭാഗത്തും നടത്തുന്നതിനനുഗുണമായ നിലപാടാണ് പരിഷത്ത് കൈക്കൊണ്ടത്. അത്തരം ഒരു നിലപാടെടുത്തത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ്. 1997 ലെ പാഠ്യപദ്ധതി പരിഷ്കരണത്തെ പരിഷത്ത് അനുകൂലിച്ചത് പ്രസ്തുത പാഠ്യപദ്ധതി മുന്നോട്ട് വച്ച സമീപനം ശരിയാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

- അതുവരെ കാണാത്തവിധം കുട്ടികൾ സന്തോഷത്തോടെ സ്കൂളിലേക്ക് വരുന്നു.
- മാറിയ പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതമാണ്.
- പഠനപ്രക്രിയ നാടിനും നാട്ടാർക്കും അനുഭവപ്പെടുന്നു.
- പഠനം പ്രായോഗിക ജീവിതവുമായും ഭൗതികവും സാമൂഹികവുമായ പരിസരവുമായി ബന്ധമുള്ളതാണ്. പ്രക്രിയയ്ക്ക് പ്രാധാന്യം നൽകുന്നു.
- പഠനപ്രക്രിയ അർത്ഥപൂർണവും പ്രോത്സാഹജനകവുമാണ്.
- ക്ലാസ്മുറി പ്രവർത്തനങ്ങൾ ജനാധിപത്യപരമാണ്.
- അനുഭവാധിഷ്ഠിത പഠനമായതിനാൽ അറിവ് സ്ഥായിയായി നിലനിൽക്കുന്നു.
- ഓരോകുട്ടിയുടെയും പഠനവേഗം, പഠനതാത്പര്യങ്ങൾ, പഠനരീതി എന്നിവ പരിഗണിക്കപ്പെടുന്നതിനാൽ പഠനപ്രശ്നങ്ങൾ നേരിടുന്നവരുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നു.
- മൂല്യനിർണയം സമഗ്രവും തുടർച്ചയുള്ളതും കുട്ടികളുടെ എല്ലാ കഴിവുകളും വിലയിരുത്താൻ ലക്ഷ്യമിട്ടുള്ളതും ആയാണ് രൂപകല്പന ചെയ്തത്.
- അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മകമായ പങ്കാളിത്തം ക്ലാസ്മുറിയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.
- അധ്യാപകരുടെ സമീപനത്തിലും മനോഭാവത്തിലും ചില മാറ്റങ്ങൾ കാണുന്നു
- വിദ്യാഭ്യാസപ്രക്രിയയിൽ രക്ഷകർത്താക്കൾ ഉൾപ്പെടെയുള്ള സമൂഹത്തിന് നിർണായക പങ്ക് വഹിക്കാനുണ്ട്.

1997ൽ പ്രയോഗത്തിൽ വന്ന പാഠ്യപദ്ധതിയോടുള്ള കുട്ടികളുടെ പ്രതികരണം പ്രതീക്ഷകൾക്കുമപ്പുറമായിരുന്നു. കുട്ടികളുടെ സഹജവാസനകളെ പരിഗണിക്കാതെ, അവരുടെ പ്രകൃതത്തെ മാനിക്കാതെ ഏകപക്ഷീയമായി അധ്യാപകർ നടത്തുന്ന ഒരേർപ്പാടായിരുന്നു ബോധനം എന്നത്. അതിൽ വലിയ മാറ്റം വന്നു. പഠനബോധന പ്രവർത്തനങ്ങളിൽ കുട്ടികൾക്കും ഇടം ലഭിച്ചു. ഇത് കുട്ടികളിലുണ്ടാക്കിയ ആത്മവിശ്വാസവും ഉന്മേഷവും താത്പര്യവും വിവരണാതീതമായിരുന്നു. സ്കൂളുകൾ എന്നത് പീഡനകേന്ദ്രമായി കണ്ട് സ്കൂളിലേക്ക് വരാതിരിക്കാൻ വഴി അന്വേഷിച്ചിരുന്ന കുട്ടികൾ ഏതാണ്ടെല്ലാവരും സ്കൂളിലേക്ക് ആത്മവിശ്വാസത്തോടെയും താത്പര്യത്തോടെയും വന്നു എന്നതുതന്നെ മാറ്റങ്ങളുടെ സൂചനയായാണ് പരിഷത്ത് നിരീക്ഷിച്ചത്.

ഭാഷാപഠനവുമായി ബന്ധപ്പെട്ട വിവാദങ്ങളിലും ശാസ്ത്രീയമായ

ഭാഷാപഠന സിദ്ധാന്തങ്ങളുടെ പിൻബലമുള്ള സമഗ്ര ഭാഷാദർശനത്തോടൊപ്പം നിൽക്കുകയും ആശയാവതരണരീതിയെ അംഗീകരിക്കയുമാണ് പരിഷത്ത് ചെയ്തത്.

2007 ലെ കെ.സി.എഫ് തയ്യാറാക്കിയപ്പോൾ അതിനെതിരെ ചില പദങ്ങളിലൂന്നി വിവാദങ്ങൾ ഉണ്ടാക്കിയപ്പോൾ അത്തരം വിവാദങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടാനാണ് പരിഷത്ത് ശ്രമിച്ചത്.

ബാലവേദികൾ, വിജ്ഞാനോത്സവങ്ങൾ എന്നിവ ക്ലാസ്മുറിയിൽ കുട്ടികളെ വിശ്വാസത്തിലെടുത്തുകൊണ്ട് അന്വേഷണാത്മക പഠന പ്രവർത്തനങ്ങൾ നടത്തിയ അധ്യാപകരുടെ അനുഭവങ്ങൾ, ക്ലാസ്മുറി പ്രക്രിയാധിഷ്ഠിതമാക്കിയപ്പോൾ കുട്ടികളിൽ കണ്ട മാറ്റങ്ങൾ, അവർ പ്രകടിപ്പിച്ച താത്പര്യം, പഠനത്തോട് അവരുടെ മനോഭാവത്തിൽ വന്ന മാറ്റം, ചോദ്യങ്ങൾ ഉയർത്താൻ അവസരം ലഭിച്ചപ്പോൾ തന്റെ ചുറ്റുപാടുമായും സമൂഹവുമായും കുട്ടികൾ ആത്മവിശ്വാസത്തോടെ നടത്തിയ സംവാദങ്ങൾ, അവയെല്ലാം ക്ലാസ്മുറിയെ പരിവർത്തിപ്പിച്ചത് ഇതെല്ലാം അനുഭവത്തിലൂടെ തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് 2005ലെ എൻ.സി.എഫും അതിന്റെ തുടർച്ചയായി തയ്യാറാക്കിയ 2007ലെ കെ സി എഫും  ഉയർത്തിപ്പിടിച്ച വിദ്യാഭ്യാസ നിലപാടുകളോടൊപ്പം  ശാസ്ത്രസാഹിത്യ പരിഷത്ത് നിലകൊണ്ടത്.

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ് എന്ന് എല്ലാക്കാലത്തും നിലപാടെടുത്ത ശാസ്ത്രസാഹിത്യ  പരിഷത്ത് 1997മുതലുണ്ടായ മാറ്റങ്ങളെ വളരെ പ്രതീക്ഷയോടെയാണ് സമീപിച്ചത്. എന്നാൽ പ്രസ്തുത പാഠ്യപദ്ധതി അട്ടിമറിക്കാൻ 2001ലെ സർക്കാർ തീരുമാനത്തിനെതിരെ നടന്ന ജനകീയ ചെറുത്തുനില്പിനോടൊപ്പം നിൽക്കാൻ ശാസ്ത്രസാഹിത്യ പരിഷത്ത് തയ്യാറായി. പ്രക്രിയാധിഷ്ഠിത പഠനപദ്ധതിയെ ഉത്പന്നാധിഷ്ഠിത പഠനപദ്ധതിയാക്കി മാറ്റാൻ സഹായിക്കുംവിധം 2013ൽ അസീസ് കമ്മിറ്റി റിപ്പോർട്ടിന്റെ തുടർച്ചയായി കേരള സ്കൂൾപാഠ്യപദ്ധതിനയരേഖ 2013 വന്നപ്പോഴും അത് ക്ലാസ്മുറിയിൽ  പരിമിതമായ തോതിൽ നടന്നിരുന്ന പഠന പ്രക്രിയയെ ഇല്ലാതാക്കുമെന്നും അതുകൊണ്ട് തന്നെ ശിശുവിരുദ്ധമാണെന്നും ജനാധിപത്യ സമൂഹത്തിന് അനുഗുണമല്ലാത്തതാണെന്നുമുള്ള നിലപാടാണ് പരിഷത്ത് കൈക്കൊണ്ടത്.

**പഠന സമയം:**

ലഭ്യമാകുന്ന പഠനസമയം പരിഗണിച്ചു വേണം പാഠപദ്ധതിരൂപീകരണം എന്നത് വളരെ പ്രധാനമാണ്. 200 ദിവസത്തിന് വേണ്ട

പദ്ധതിയുണ്ടാക്കുയും എന്നാൽ അതിന്റെ യഥാർത്ഥ പഠനദിനങ്ങൾ അത്രയൊന്നും ലഭ്യമാകാതിരിക്കുകയും ചെയ്യുക എന്ന അവസ്ഥ നീതീകരിക്കാൻ  കഴിയില്ല. ആയതിനാൽ പഠനസമയത്തെ കേവലമായി കാണാൻ കഴിയില്ല. അറിവിന്റെലോകം അനുനിമിഷം പുതിയ വിവരങ്ങൾ ഒഴുക്കിക്കൊണ്ടേയിരിക്കുന്നു. അങ്ങനെ ഒഴുകിവരുന്ന വിവരങ്ങളെ അറിവാക്കി മാറ്റുകയാണ് പ്രധാനം. മനഃപാഠം പഠിച്ച് പരീക്ഷാപേപ്പറിൽ അതേപോലെ പുനരുത്പാദിപ്പിച്ച് രക്ഷപ്പെടാൻ കഴിയാത്തതാണ് നിലവിലുള്ള ലോകം. അതുകൊണ്ട് അറിവിന്റെ നിർമിതിയും അവയുടെ പ്രയോഗവും വളരെ പ്രധാനമാണ്. അതിനുള്ള അറിവും കഴിവും ശേഷിയും ആർജിക്കലാണ് പ്രധാനം. ഐഒടി (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്), റൊബോട്ടിക്സ്, നിർമിത ബുദ്ധി, ബിഗ്ഡാറ്റ, ക്ലൗഡ് കമ്പ്യൂട്ടിങ്ങ് തുടങ്ങിയവയെല്ലാം വലിയ സ്വാധീനം ചെലുത്തുന്ന ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അറിവു തന്നെ ചരക്കായി മാറി. ഗതകാലത്ത് എല്ലാം ഇന്ത്യയിലുണ്ടായിരുന്നു എന്ന് ഉദ്ഘോഷിച്ച് മനുസ്മൃതികളിൽ നമ്മുടെ സാധാരണവിദ്യാലയങ്ങളിലെ കുട്ടികളെ തളച്ചിടാൻ ശ്രമിച്ചാൽ നമ്മുടെ കുട്ടികൾക്ക് ഭാവിസമൂഹത്തിൽ അതിജീവിക്കാൻ കഴിയാതെ വരും.

ഹ്യൂമൺ ജീനോം പ്രോജക്ട് ലോകത്തിന്റെ ഗതിവിഗതികളെ നിർണായകമായി സ്വാധീനിക്കുന്ന ലോകസാഹചര്യമാണ് വരാൻ പോകുന്നത്. ജൈവ സാങ്കേതികവിദ്യയ്ക്ക് സമ്പദ്ഘടനയിൽ നിർണായകമായ സ്ഥാനം ലഭിച്ചേക്കും. മനുഷ്യരും റൊബോട്ടുകളും ഒരുമിച്ച് തൊഴിൽചെയ്യുന്ന ഘട്ടം വന്നേക്കും എന്ന ആശയം വികസിക്കാൻ തുടങ്ങിയിട്ടുണ്ട്. റൊബോട്ടിക്സും, നിർമിതബുദ്ധിയും എല്ലാം വലിയതോതിൽ മനുഷ്യന്റെ മുന്നോട്ടുള്ള പോക്കിനെ സ്വാധീനിക്കും. സാങ്കേതികവിദ്യയ്ക്കും സാങ്കേതികവിദ്യാ ഉപകരണങ്ങൾക്കും അടിമപ്പെടാതെ എന്നാൽ ചിന്താപ്രക്രിയയ്ക്കും ജ്ഞാനനിർമിതിക്കും സഹായകമായ ഉപാധി എന്ന നിലയിൽ സാങ്കേതികവിദ്യാ സങ്കേതങ്ങളെ പ്രയോജനപ്പെടുത്തുക എന്നത് പ്രധാനമാണ്. അറിവിന്റെ നിർമാണവും പ്രശ്നസന്ദർഭങ്ങളിൽ അവയുടെ പ്രയോഗവും പ്രധാനമാണ്. ഇതൊക്കെ ചെയ്യണമെങ്കിൽ കുട്ടികളുടെ അഭിരുചി മേഖലകളും താത്പര്യമേഖലകളും കണ്ടെത്തി അവയുടെ വികസനവും ലക്ഷ്യമിടണം. എങ്കിലേ അതീജീവനത്തിനായുള്ള പ്രവർത്തനങ്ങളിൽ മനുഷ്യർക്ക് മുന്നേറാൻ കഴിയൂ. അല്ലാതെ സാമ്പ്രദായികതയെ പുണർന്നു നിന്നാൽ അറിവിന്റെ ലോകം, അവരുടെ അതിജീവനത്തിന്റെ ഇടം, അവിടത്തെ ചലനക്രമം എല്ലാം കുട്ടികൾക്ക് അന്യമാകും.

ഇതെല്ലാം ആവശ്യപ്പെടുന്നത് നിലവിലുള്ള സമൂഹത്തിലും ഭാവി

സമൂഹത്തിലും അതിജീവിക്കണമെങ്കിൽ സഹവർത്തന നൈപുണി (Collaborative skill), വിമർശനപരമായി ചിന്തിക്കാനും പ്രശ്നങ്ങളെ സമീപിക്കാനുമുള്ള നൈപുണി (Critical thinking skill), വിശകലന നൈപുണി (Analitical skill), പ്രശ്നപരിഹരണ/നിർധാരണ നൈപുണി (Problem solving skill) എന്നിവ അനിവാര്യമാണ് എന്നാണ്.

ഇതെല്ലാം സാധിക്കണമെങ്കിൽ നിലവിലുള്ള പഠനക്രമങ്ങളിൽ മാറ്റങ്ങൾ അനിവാര്യമാണ്. പ്രായത്തിനനുഗുണമായ വിദ്യാഭ്യാസവും അഭിരുചിക്കനുഗുണമായ വിദ്യാഭ്യാസവും അനിവാര്യമാകും. ഇതെല്ലാം ഏതിന്റെ പേരിലായാലും കുട്ടികൾക്ക് നിഷേധിക്കുന്നത് ഭാവിലോകത്തിൽ ജീവിക്കാനുള്ള ശാസ്ത്രീയമായ പരിശീലനം സ്കൂൾ ഘട്ടത്തിൽ കുട്ടികൾക്ക് നിഷേധിക്കുന്നതിന് തുല്യമാണ്.

സ്കൂൾവിദ്യാഭ്യാസം എന്നത് പ്രായത്തിനനുഗുണമായി പാഠപുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്ന അറിവായി മാത്രം പരിമിതപ്പെടുത്താൻ കഴിയുമോ? കുട്ടികളുടെ അഭിരുചികൂടി പരിഗണിക്കപ്പെടുന്ന സമീപനം സ്കൂൾവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടതല്ലേ? അങ്ങനെയെങ്കിൽ പ്രായത്തിനനുഗുണമായും, വൈവിധ്യമാർന്ന കുട്ടികളുടെ കഴിവിനും താത്പര്യത്തിനും അനുഗുണമായും ഉള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കേണ്ടതല്ലേ? തൊഴിൽ നൈപുണിവികാസവും കളിയും കലയും എല്ലാം ഉൾച്ചേർന്ന പാഠ്യപദ്ധതിയല്ലേ വികസിപ്പിക്കേണ്ടത്?

അഭിരുചിക്കനുസൃതമായ വിദ്യാഭ്യാസത്തിൽ പ്രായഗണന കൃത്യമായി നോക്കേണ്ടതില്ല. അവിടെ വിവിധ പ്രായക്കാർക്ക് അവരവരുടെ താത്പര്യവും അഭിരുചിയും മാനിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം ആണ് നൽകേണ്ടിവരിക. ഇതെല്ലാമാണ് വേണ്ടതെങ്കിൽ നിലവിലുള്ള സ്കൂൾ സമയത്തെക്കുറിച്ച് പുനരാലോചന വേണ്ടതല്ലേ?

സങ്കുചിത താത്പര്യങ്ങളുടെ പേരിൽ സമയമാറ്റത്തെക്കുറിച്ച് ചർച്ചപോലും നടത്തരുത് എന്ന് പറയുന്നതിനെ അംഗീകരിക്കാൻ കഴിയുമോ? പുതിയ ചിന്തകൾ കേരളത്തിലും ഉണ്ടാകണ്ടേ? സമയമാറ്റം ഉണ്ടാകുമ്പോൾ ഉണ്ടാകാനിടയുള്ള സാമൂഹികപ്രശ്നങ്ങൾ തുറന്ന് ചർച്ചചെയ്യുകയല്ലേ വേണ്ടത്? ഭാവിസമൂഹത്തെ ഓർത്ത് സമയമാറ്റം നിലവിൽ ഉണ്ടാക്കാനിടയുള്ള സാമൂഹികമായ പ്രശ്നങ്ങളെ, അത് എന്തുമാകട്ടെ എങ്ങനെ മറികടക്കാൻ കഴിയും എന്നല്ലേ ആലോചിക്കേണ്ടത്? ഒരേ പ്രായക്കാർക്കായി പ്രായത്തിനനുഗുണമായ വിദ്യാഭ്യാസം തുടരേണ്ടതുണ്ട്. പഠിക്കാൻപറ്റിയ സമയം രാവിലെയാണ്. കേരളത്തിലും പുറത്തും കേന്ദ്രീയവിദ്യാലയങ്ങളും

കേന്ദ്രസിലബസ് വിദ്യാലയങ്ങളും രാവിലെ 7.30 – 8.30 സമയത്തിനിടയിൽ ആരംഭിക്കുന്നു. ആരും എതിർത്തു കാണുന്നില്ല. എന്തേ, വരേണ്യവിദ്യാലയങ്ങൾക്ക് ഈ സമയം പഥ്യമാകുന്നത്? വരേണ്യവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് രാവിലെ 7.30ന് അല്ലെങ്കിൽ 8.30ന് സ്കൂളിൽ പഠനം ആരംഭിക്കാം, സാധാരണക്കാരുടെ മക്കൾക്ക് അത് പറ്റില്ല എന്ന നിലപാട് ശരിയായ നിലപാടാണോ? മതപഠനമടക്കം സാധിക്കുന്ന തരത്തിൽ ശാസ്ത്രീയമായ പരിവർത്തനങ്ങൾ അത് സമയത്തിന്റെ കാര്യത്തിലാകാം, ഉള്ളടക്കത്തിന്റെ കാര്യത്തിലാകാം എന്ന് ആലോചിക്കുകയല്ലേ വേണ്ടത്? ആലോചിക്കാനേ പാടില്ല എന്ന നിലപാട് അന്തിമമായി ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ആർക്കാണ് ഗുണം ചെയ്യുക? അവധാനതയോടെ ആലോചിക്കേണ്ട കാര്യങ്ങളാണിതെല്ലാം. സാമൂഹികമായാകണം ആലോചന നടക്കേണ്ടത്. കുട്ടികൾക്കും പറയാനുണ്ടാകും, അതും കേൾക്കണം. അതിനല്ലേ പാഠ്യപദ്ധതിസംവാദങ്ങൾ പ്രയോജനപ്പെടുത്തേണ്ടത്.

**ഭാവികേരളത്തിനായി വിശാലമായി ചിന്തിക്കുക**

എല്ലാറ്റിലും എ+ മതി എന്ന മീഡിയോക്കർ ചിന്തയിൽനിന്നും കേരളീയസമൂഹത്തെ മോചിപ്പിക്കാനും എക്സലെൻസിന് പ്രാധാന്യം ലഭിക്കുന്ന ഒരു വിദ്യാഭ്യാസരീതി പടുത്തുയർത്തുന്നതോടൊപ്പം പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക, എല്ലാ കുട്ടികൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുക, മതനിരപേക്ഷത, ജനാധിപത്യം, പൗരബോധം തുടങ്ങിയ മൂല്യങ്ങൾ ഉളവാകാൻ സഹായകമായ സ്കൂൾ അനുഭവങ്ങൾ ഒരുക്കുക, ഇന്നത്തെ ലോകത്തിലും വിശിഷ്യ നാളത്തെ ലോകത്തിലും ആത്മവിശ്വാസത്തോടെ ആത്മാഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ അറിവും കഴിവും ശേഷിയും ആർജിക്കാൻ സഹായിക്കുന്ന വിദ്യാഭ്യാസക്രമം വളർത്തിയെടുക്കുക, ശാസ്ത്രബോധവും, വിമർശനാത്മകബോധവും, യുക്തിചിന്തയും, നൈമിഷികമായ വികാരങ്ങൾക്ക് അടിമപ്പെട്ടുപോകാത്ത മാനസിക ദൃഢതയും, സ്വന്തം കഴിവിനെ മാത്രമല്ല മറ്റുള്ളവരുടെ കഴിവിനെ കൂടി മാനിക്കുന്ന മനോഭാവവും, ലഹരിക്കെതിരായ നിലപാടുമെല്ലാം വളർത്താനുതകുന്ന ഒരു വിദ്യാഭ്യാസക്രമം രൂപപ്പെടുത്താനും വികസിപ്പിക്കാനും സഹായകമായ ഒരു പാഠ്യപദ്ധതിയും പഠനക്രമവും എങ്ങനെ വികസിപ്പിക്കാം എന്ന ചിന്തകൾക്കും അത് പ്രയോഗപഥത്തിലേക്കെത്തിക്കുന്നതെങ്ങനെ എന്ന ആലോചനകൾക്കും ഉള്ള സമയമാണിത്. ഇത്തരം പരിവർത്തനങ്ങളെ ഭയപ്പാടോടെ കാണുന്ന ശക്തികളും നമ്മുടെ സമൂഹത്തിലുണ്ട്. അവർ

എന്തിനെയാണ് ഭയപ്പെടുന്നത് എന്ന തിരിച്ചറിവിനും ഈ സംവാദങ്ങൾ സഹായകമാകും.

ഇപ്പോൾ നടക്കുന്ന ചർച്ചകളെ ആരോഗ്യകരമായ സംവാദങ്ങളാക്കി വളർത്തുന്നതിനും ജനങ്ങളുടെ പ്രതീക്ഷകളെ പാഠ്യപദ്ധതി രൂപീകരണപ്രക്രിയയുടെ ഭാഗമാക്കി മാറ്റുന്നതിനും ഉള്ള പ്രവർത്തനങ്ങളിലാകണം പുരോഗമന വിദ്യാഭ്യാസപ്രവർത്തകർ പങ്കാളികളാകേണ്ടത്. നമ്മുടെ ലക്ഷ്യം എല്ലാവരെയും ഉൾച്ചേർത്തതും ഉൾക്കൊള്ളുന്നതുമായ ഒരു പുതിയ കേരളവികാസത്തിനുള്ള പാഠ്യപദ്ധതിയാകണം.